# വിദ്യാഭ്യാസം

അദ്ധ്യായം ൩

പരിഭാഷകൻ

കെ. എം.

K. KARTHIYAYENI @ ...YATHU-HOUSE
PERINAD
QUILON

**B. V. BOOK DEPOT,**

TRIVANDRUM:

1906.

1539

337

# വിദ്യാഭ്യാസം

## അദ്ധ്യായം ൩.

ഗ്രന്ഥകാരൻ

ഹേർബെർട്ട് സ്പെൻസർ

K. KARTHYA... VAYATHU-HOUSE PERINAD QUILON

---

പരിഭാഷകൻ

കെ. എം.

---

പ്രകാശകൻ

കുളക്കുന്നത്തു രാമൻമേനോൻ.

ബി. വി ബുക്ക് ഡിപ്പോ,

തിരുവനന്തപുരം

[പകർപ്പവകാശം]

ഒന്നാംപതിപ്പു കാപ്പി ൧൦൦൦

"കമലാലയപ്രസ്സ്",

തിരുവനന്തപുരം

1096.

# വിദ്യാഭ്യാസം

## അദ്ധ്യായം ൧

K. KARTHYAYENI
PERINAD VAYATHU-HOUSE
QUILON.

### നയോപദേശം *

നമ്മുടെ വിദ്യാഭ്യാസവിഷയാനുക്രമണികയിൽ ഉള്ള ഏററവും മഹത്തായ ഒരു ദോഷത്തെ നാം അശേഷം ഗണിക്കുന്നില്ല. വിദ്യാഭ്യാസത്തിന്നു ഉപയുക്തങ്ങളല്ലായ വിഷയങ്ങളേയും തദദ്ധ്യയനസമ്പ്രദായത്തേയും വേണ്ടുംവണ്ണം പരിഷ്കരിക്കുന്നതിന്നു് അനേകം കാൎയ്യങ്ങൾ ചെയ്യുന്നുണ്ടെങ്കിലും ഏററവും ആവശ്യമായിട്ടുള്ള ഒരു സംഗതിയുടെ ന്യൂനതയെ ഒരു ന്യൂനതയായിട്ടു കൂടി അംഗീകരിക്കുന്നില്ല. കാലക്ഷേപ

---

* Moral Education—സദാചാരസംബന്ധമായ—ധാൎമ്മികമായ—ധൎമ്മാധൎമ്മവിവേചകത്തെ ഉണ്ടാക്കുന്ന—ധൎമ്മബോധകമായ—വിദ്യാഭ്യാസം ഈ ശബ്ദങ്ങൾക്കു ഇത്രയുമൎത്ഥമുണ്ടു്. ഈ ഗ്രന്ഥത്തെ സംസ്കൃതത്തിൽ തൎജ്ജമചെയ്തിട്ടുള്ള ഒരു മഹാന്റെ ഭാഷാന്തരമാണ് ഇതിൽ തലവാചകമായി ചേൎത്തിട്ടുള്ളതു്.

ത്തിൻ സ്വസ്വധൎമ്മങ്ങളെ യഥാവിധി അനുഷ്ഠിക്കു
ന്നതിന്നു കുട്ടികളെ യോഗ്യന്മാരാക്കിത്തീൎക്കുകയാണു്
വിദ്യാഭ്യാസത്തിന്റെ മുഖ്യോദ്ദേശ്യം എന്നതു സൎവ്വസ
മ്മതമായിട്ടുണ്ടു്; ഈ ഉദ്ദേശത്തെ ഉപാദ്ധ്യായന്മാരും
മാതാപിതാക്കന്മാരും ഒരിക്കലും വിസ്മരിക്കുവാൻ
പാടില്ല. ഭാഗ്യത്താൽ പഠിപ്പിക്കുന്ന വിഷയങ്ങളുടെ
വിലയും അവയെ പഠിപ്പിക്കുന്നതിൽ അദ്ധ്യാപക
ന്മാർ അനുസരിക്കുന്ന സമ്പ്രദായത്തിന്റെ നന്മയും
ഈ ഉദ്ദേശത്തിന്നു തകുന്ന വിധത്തിൽ തന്നെയാണു് ഇ
പ്പോൾ സ്പഷ്ടമായി നിൎണ്ണയിക്കപ്പെടുന്നതു്. ഗ്രീ
ക്കു്, ലത്തീൻ മുതലായ പ്രാചീനഭാഷകളെമാത്രം അ
ഭ്യസിപ്പിക്കുന്നതിന്നു പകരം ഇപ്പോഴുള്ള വിവിധദേ
ശഭാഷകളെ അഭ്യസിപ്പിക്കുന്നതിന്റെ ഔചിത്യ
ത്തെപ്പറ്റി പലരും വാദിക്കുന്നുണ്ടു്; അതും ഈ സം
ഗതിയെ അടിസ്ഥാനമാക്കിക്കൊണ്ടുതന്നെയാണു്.
ശാസ്ത്രാഭ്യാസത്തെ കുറെക്കൂടി നിഷ്കൎഷിക്കേണ്ടതാ
ണു് എന്നുള്ള ഇപ്പോഴത്തെ നിൎബ്ബന്ധവും അതേകാ
രണത്താൽതന്നെയാകുന്നു. ആൺകുട്ടികളേയും പെ
ൺകുട്ടികളേയും സമുദായത്തിന്റെ അംഗങ്ങൾ എ
ന്ന നിലയിലും നാഗരികന്മാർ എന്ന നിലയിലും യോ
ഗ്യന്മാരാക്കിത്തീൎക്കുന്നതിന്നു് ഒരു വിധം മനസ്സിരുത്തു
ന്നുണ്ടു് എങ്കിലും പിതാക്കന്മാരുടെ ധൎമ്മങ്ങളെ വേ
ണ്ടതുപോലെ "അനുഷ്ഠിക്കുന്നതിന്നു തക്ക യോഗ്യത

അവൎക്കുണ്ടാക്കി കൊടുപ്പാൻ ലേശംപോലും ശ്രദ്ധ വെക്കുന്നില്ല. ഉപജീവനസമ്പാദനത്തിന്നു് ഒരുവനെ സമൎത്ഥനാക്കിത്തീൎക്കുവാൻ മഹത്തായ പ്രയത്നമാവശ്യമാണെന്നു് എന്നതു പലൎക്കും ബോദ്ധ്യമാണു് എങ്കിലും ശിശുക്കളെ വേണ്ടതുപോലെ രക്ഷിച്ചു വളൎത്തുന്നതിന്നു് മുമ്പിൽക്കൂട്ടി യാതൊരു ഒരുക്കവുമാവശ്യമില്ല എന്നു് അവർ വിചാരിക്കുന്നതുപോലെ തോന്നുന്നു. ഒരു ബാലൻ, സാധാരണയായി, ഒരു "മാന്യപുരുഷന്റെ (ജെന്റിൽമന്റെ) വിദ്യാഭ്യാസ"ത്തിന്നുതകുന്നതായ ജ്ഞാനം സമ്പാദിപ്പാൻ വേണ്ടി അനേകം സംവത്സരങ്ങളെ ചെലവാക്കുന്നു; അപ്രകാരം തന്നെ ഒരു പെൺകുട്ടിയും ഗീതം നൎത്തനം എന്നിങ്ങനെ ജീവിതത്തിന്നലങ്കാരമായിട്ടുള്ള വിഷയങ്ങളിൽ നൈപുണ്യം സമ്പാദിപ്പാൻ ദീൎഘകാലം പരിശ്രമിക്കുന്നു. എന്നാൽ ഒരു കുടുംബത്തെ വേണ്ടുംവണ്ണം കൊണ്ടു നടത്തുക എന്ന ഏറ്റവും ഗൌരവമുള്ള ചുമതലയെ വഹിക്കുന്നതിന്നു വേണ്ടുന്ന യോഗ്യത സമ്പാദിപ്പാൻ ഒരു നിമിഷംപോലും രണ്ടുപേരും ശ്രമിക്കുന്നില്ല. ഈ ചുമതല [illegible] സംഭവമാണു്.--എപ്പോഴെങ്കിലും സംഭവിച്ചേക്കാമെന്നു മാത്രമേയുള്ളു—എന്നു വിചാരിച്ചിട്ടാകുന്നു അതിൽ ഇത്ര ഉദാസീനത? നേരെ മറിച്ചു് പത്തിൽ ഒമ്പതുപേൎക്കും ഈ ചുമതല വഹിക്കേണ്ടി വരുമെന്നതു തീൎച്ചയാണു്. അതല്ലാ, ആ കൃത്യം നി

ശിക്ഷിക്കുവാൻ അത്ര പ്രയാസമില്ല എന്നാണൊ? ഒരിക്കലുമല്ല; യൌവനയുക്തന്മാരായ സ്ത്രീ പുരുഷന്മാർ നിറവേറേറണ്ടതായ കൃത്യങ്ങളിൽവെച്ചു ഇതാണ് ഏററവും പ്രയാസമായിട്ടുള്ളതു്. പിതൃധർമ്മങ്ങളെ അനുഷ്ഠിക്കുന്നതിനുള്ള യോഗ്യത ഓരോത്തരും സ്വാഭ്യാസനംകൊണ്ടു സിദ്ധിപ്പിച്ചുകൊള്ളുമെന്നു കരുതാമെന്നൊ? ഒരിക്കലും പാടില്ല. കുഡുംബരക്ഷണാദി വിഷയങ്ങളിൽ അപ്രകാരം സ്വയംകൃതമായിട്ടുള്ള ഒരഭ്യാസം ആവശ്യമാണ് എന്നു ആരുംതന്നെ സമ്മതിച്ചിട്ടില്ല. എന്നുമാത്രമല്ല മഹാവിഷമമായിരിക്കുന്നതിനാൽ ആ വിഷയമാണ് സ്വാഭ്യാസനംകൊണ്ടു ഫലവത്തായിത്തീരുവാൻ മററെല്ലാവിഷയങ്ങളെക്കാളുമധികം പ്രയാസമായിരിക്കുന്നതു്. അതിനാൽ ബാലശിക്ഷണത്തിനായിക്കൊണ്ടേർപ്പെടുത്തിട്ടുള്ള പാഠക്രമത്തിൽ കുടുംബരക്ഷണത്തിനു വേണ്ടതായ അഭ്യാസത്തെ ചേർത്താതിരിക്കുന്നതിനു ന്യായമായ ഒരു സമാധാനം പറയുവാൻ കഴിയുന്നതല്ല. കുട്ടികളുടെ വിദ്യാഭ്യാസകാര്യത്തിൽ—കായികമായും മാനസികമായും ധാർമ്മികമായുമുള്ള സംസ്കരണകാര്യത്തിൽ—ഏററവും ശരിയായിട്ടുള്ള മാർഗ്ഗങ്ങളുടെ ഒരു ജ്ഞാനം അത്യന്തം പ്രധാനമായിട്ടുള്ള ഒരു ജ്ഞാനമാണ് എന്നു നമുക്കു സമ്മതിക്കാതെ കഴിയുകയില്ല; മാതാപിതാക്കന്മാരുടെതന്നെ സുഖത്തെ സംബന്ധിക്കുന്നതായിട്ടോ അല്ലെങ്കിൽ അവരുടെ കുട്ടി

കളുടെയും അവരുടെ സന്താനങ്ങളുടെയും സ്വഭാവത്തെയും ജീവിതത്തെയും സംസ്കരിക്കുന്നകാൎയ്യത്തെ സംബന്ധിക്കുന്നതായിട്ടോ ഏതെങ്കിലുമായാലും അപ്രകാരമുള്ള ജ്ഞാനം ഏറ്റവും മുഖ്യമായിട്ടുള്ളതാണ് എന്നതിന്നു വാദമില്ല. വിദ്യാഭ്യാസത്തിൽ പ്രവൎത്തിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരുടെയും ഒടുക്കത്തെ അഭ്യാസം ഏതദ്വിഷയകമായിട്ടിരിക്കേണം. ശരീരത്തിലുള്ള എല്ലാ അവയവങ്ങളും പുഷ്ടിയെ പ്രാപിച്ചിരിക്കുന്നുവെന്നതിന്റെ ലക്ഷണമാണ് പ്രജോല്പാദനത്തിന്നുള്ള ശക്തി; അപ്രകാരംതന്നെ അന്തഃകരണം പുഷ്ടിയെ പ്രാപിച്ചിരിക്കുന്നുവെന്നതിന്റെ ലക്ഷണമാണ് സന്താനങ്ങളെ വേണ്ടുംവണ്ണം അഭ്യസിപ്പിക്കുവാനുള്ള ശക്തി. സകല വിദ്യാവിഷയങ്ങളും അടങ്ങിയിരിക്കുന്നതും അതിനാൽ വിദ്യാഭ്യാസത്തിന്റെ മകുടസ്ഥാനമായിരിക്കേണ്ടതും ആയ വിഷയം ബാലശിക്ഷണസംബന്ധമായ ശാസ്ത്രവും പ്രയോഗവുമാകുന്നു.

ഇത്രയും ഒരുക്കംകൂടാതെ കണ്ടുള്ള കുട്ടികളുടെ ഭരണം, വിശേഷിച്ചും സദാചാരവിഷയമായ അവരുടെ ഭരണം, വ്യസനകരമാകുംവണ്ണം മോശമായിരിക്കുന്നതാണ്. മാതാപിതാക്കന്മാർ ഈ സംഗതിയെപ്പറ്റി ചിന്തിക്കുകപോലും ചെയ്യുന്നില്ല; അഥവാ, ചിന്തിക്കുന്നുണ്ടെങ്കിൽ തന്നെ, ഈ വിഷയത്തെപ്പറ്റിയ അ

വരുടെ അഭിപ്രായം പരസ്പരവിരുദ്ധമായും അസംസ്കൃതമായും ഇരിക്കുന്നു പ്രായേണ, അമ്മമാരുടെ കാൎയ്യത്തിൽ വിശേഷിച്ചും, കുട്ടികളുടെ നേരെയുള്ള ആചരണം അപ്പപ്പോൾ തോന്നുന്നതിനെ അനുസരിച്ചായിരിക്കും: അപ്രകാരമുള്ള തോന്നൽ, കുട്ടികൾക്കു ഏറ്റവും ഹിതകരമായിട്ടുള്ളതെന്തായിരിക്കും എന്നു യുക്തിയോടുകൂടി ആലോചിച്ചിട്ടുണ്ടാകുന്ന ദൃഢവിശ്വാസത്തിൽനിന്നു പുറപ്പെടുന്നതല്ല; നല്ലതോ ചീത്തയോ തൽക്കാലം മുന്നിട്ടുനില്ക്കുന്ന പിതാക്കന്മാരുടെ ചിത്തവൃത്തികളെ പ്രകാശിപ്പിക്കുകമാത്രമേ അതു ചെയ്യുന്നുള്ളൂ; ഈവക ചിത്തവികാരങ്ങൾ മാറിമാറിക്കൊണ്ടിരിക്കുന്നതിനാൽ അപ്രകാരമുള്ള തോന്നലും മാറിമാറിക്കൊണ്ടിരിക്കുന്നു. അഥവാ, താൽകാലികമായ മനഃക്ഷോഭത്തിന്നു പുറമെ ചില നിയതനിയമങ്ങളെയും രീതികളേയുംകൂടി അനുസരിച്ചാണ് പ്രവൃത്തിക്കുന്നതു് എങ്കിൽതന്നെ അവ ഒന്നുകിൽ മൂഢപരമ്പരയായ അനുസരിച്ചിട്ടുള്ളവയായിരിക്കും; അല്ലെങ്കിൽ കുട്ടിക്കാലത്തു തങ്ങൾ അനുഭവിച്ചിട്ടുള്ളതിന്റെ ഓൎമ്മപ്രകാരം തങ്ങൾക്കു തോന്നീട്ടുള്ളവയായിരിക്കും. അല്ലാത്തപക്ഷം ആയമാരുടേയും ഭൃത്യന്മാരുടേയും പിട്ടുകളായിരിക്കും. എങ്ങിനെയായാലും അവ തത്തൽകാലരൂപമായിട്ടു കേവലം അജ്ഞാനംകൊണ്ടു കല്പിച്ചുണ്ടാക്കപ്പെട്ടവയാകുന്നു; അല്ലാതെ വിവേകം കൊണ്ടല്ല. യാതൊരു

വ്യവസ്ഥയുമില്ലാത്ത ഇപ്രകാരമുള്ള സ്വാതന്ത്ര്യസംവിഷയകമായ അഭിപ്രായങ്ങളുടേയും അനുഷ്ഠാനങ്ങളുടേയും ഗുണദോഷനിരൂപണംചെയ്യുന്ന ഘട്ടത്തിൽ 'റിക്ടർ' എന്ന വിദ്വാൻ ഇപ്രകാരം പറയുന്നു:—

"സദാചാരവിഷയകമായ വിദ്യാഭ്യാസത്തെ സംബന്ധിച്ചു സാധാരണ പിതാക്കന്മാരിലധികംപേരും അനുഷ്ഠിച്ചുവരുന്ന പരസ്പരഭിന്നങ്ങളായ സമ്പ്രദായഭേദങ്ങളെ വെളിയിൽകൊണ്ടുവരികയും കുട്ടികളുടെ ആ വിഷയത്തിലുള്ള പാഠങ്ങളുടെ ഒരു രീതിയായിട്ടവയെ ഏർപ്പെടുത്തുകയും ചെയ്യുന്നുവെങ്കിൽ അവ ഏകദേശം താഴെക്കാണിക്കുന്ന സമ്പ്രദായത്തിലായിരിക്കും;—ആദ്യത്തെമണിക്കൂറിൽ "കേവലം സദാചാരവിഷയങ്ങളെമാത്രം ഞാനോ ഉപാദ്ധ്യായനോ കുട്ടികളെ വായിച്ചുകേൾപ്പിക്കണം"; രണ്ടാമത്തെ മണിക്കൂറിൽ "കലർപ്പുള്ള സദാചാരവിഷയങ്ങളെ, അല്ലെങ്കിൽ ഒരുവന്റെ സ്വാർത്ഥമായിട്ടുള്ള ഗുണത്തിന്നു വേണ്ടി പ്രയോഗിക്കപ്പെടേണ്ടുന്ന വിഷയങ്ങളെ പഠിപ്പിക്കുക"; മൂന്നാമത്തെ മണിക്കൂറിൽ "നിന്റെ അച്ഛൻ ഇന്നിന്നവിധം ചെയ്യുന്നതു നീ കാണുന്നില്ലേ?" നാലാമത്തേതിൽ "നീ കുട്ടിയാണ്, പ്രായംചെന്നവൎക്കുമാത്രമേ ഇതു ചേരുകയുള്ളൂ"; അഞ്ചാമത്തെ മണിക്കൂറിൽ "ലോകത്തിൽ ജയംനേടണം; നീ രാജ്യത്തേക്കു് ഒരുവനായിട്ടു

തീരുകയും വേണം; അതാണ് മുഖ്യമായിട്ടുവേണ്ടതു്”; ആറാമത്തേതിൽ, “നിത്യമായിരിക്കുന്ന (ആമുഷ്മികമായ) കാര്യങ്ങളെക്കൊണ്ടാണ് ഒരുവന്റെ യോഗ്യത നിർണ്ണയിക്കപ്പെടുന്നതു്; അല്ലാതെ നശ്വരമായിരിക്കുന്ന കേവലം ഐഹിക കാര്യങ്ങളെക്കൊണ്ടല്ല;” ഏഴാമത്തേതിൽ, “അതിനാൽ അന്യന്മാർ നിന്റെനേരെ ചെയ്യുന്ന നീതികേടിനെ പൊറുക്കുകയും പ്രാണികളോടു ദയയുള്ളവനായിരിക്കുകയും വേണം”; എട്ടാമത്തെ മണിക്കൂറിൽ, “എന്നാൽ ആരെങ്കിലും നിന്റെ മെക്കട്ടുകയറുവാൻ വന്നാൽ ധീരതയോടുകൂടി എതിർക്കണം;” ഒമ്പതാമത്തേതിൽ, ‘ലഹളക്കൂട്ടങ്ങളു് എന്റെ ഓമനേ;” പത്താമത്തേതിൽ, “ഒരു ബാലൻ ഇത്രയും ഒച്ചയനക്കംകൂടാതെയിരിക്കരുതു്;” പതിനൊന്നാമത്തേതിൽ, “അച്ഛനമ്മമാരെ കുറേക്കൂടി കീഴ്വണങ്ങിനടക്കണം;” പന്ത്രണ്ടാമത്തെമണിക്കൂറിൽ, “ഓരോ വിഷയങ്ങളെയും നീ തന്നെത്താൻ പരിശ്ശീലിക്കണം”. ഇങ്ങിനെ തന്റെ നിയമങ്ങളുടെ ക്ഷണംപ്രതിയുള്ള മാററംകൊണ്ടു പിതാവു് അവയുടെ അസംബന്ധതയേയും അസമഞ്ജസതയേയും ഗോപനംചെയ്യുന്നു. അയാളുടെ ഭാര്യയുടെ കഥ നോക്കുകയാണെങ്കിൽ, അവരും അയാളെപ്പോലെയല്ല, നാടകത്തിലെ വിദൂഷകനെപ്പോലെ എന്തു പറഞ്ഞാലും പോര; ഒരു വിദൂഷകൻ

രണ്ടു കക്ഷത്തിലും ഓരോകെട്ടു കടലാസ്സുംകൊണ്ടു രംഗത്തിൽ പ്രവേശിച്ചു. വലത്തെകക്ഷത്തിലെന്താണെന്നു ചോദിച്ചപ്പോൾ 'കല്പനകൾ' എന്നു് അയാൾ മറുപടി പറഞ്ഞു; എടത്തെകക്ഷത്തിലൊ എന്ന ചോദ്യത്തിനു് 'എതിർകല്പനകൾ' എന്നും സമാധാനംപറഞ്ഞു. 'ബ്രയറസ്' എന്നുപേരായി ശതബാഹുവായിട്ടൊരു രാക്ഷസിയുടെ കഥകേട്ടിട്ടുണ്ടു്; അമ്മമാരെ അവളോടുപമിക്കുന്നതായിരിക്കും അധികം നല്ലതു്; അവളുടെ നൂറുകക്ഷത്തിലും കല്പനകളും മറുകല്പനകളുമുണ്ടായാലെപ്രകാരമോ അതുപോലെയാണു് അമ്മമാരുടെ അവസ്ഥ."

ഈ അവസ്ഥയെ അത്രവേഗത്തിൽ മാററുവാൻ സാധിക്കുന്നതല്ല. വളരെ തലമുറകൾ കഴിഞ്ഞാൽ മാത്രമെ അതിന്നു ഗുണകരമായ വലിയ ഒരു ഭേദഗതിയുണ്ടാവുമെന്നു വിചാരിപ്പാൻ പാടുള്ളു. രാജ്യതന്ത്രാനുസരണമുള്ള ഭരണവ്യവസ്ഥകൾപോലെ വിദ്യാഭ്യാസസമ്പ്രദായങ്ങളും മനുഷ്യർ ഉണ്ടാക്കിത്തീർത്തിട്ടുള്ളവയല്ല; അവ താനെ ഉണ്ടായി വളന്നു് അഭിവൃദ്ധിയെ പ്രാപിക്കുന്നവയാകുന്നു. സ്വല്പകാലത്തിന്നിടയ്ക്കു് അവയുടെ വളർച്ച സ്പഷ്ടമായി കാണപ്പെടുന്നതല്ല. ആ വിഷയത്തിലുള്ള അഭിവൃദ്ധി വളരെ സാവധാനത്തിലായിരിക്കണമെന്നിരിക്കെ അങ്ങി

നെയുള്ള അഭിവൃദ്ധിക്കുപോലും ചില സാധനങ്ങൾ വേണമെന്നു സൂചിപ്പിക്കുന്നുണ്ടു്; ആവക സാധനങ്ങളിൽ ഒന്നാണു് വിഷയനിരൂപണം.

എല്ലാ കുട്ടികളും ജനനാൽതന്നെ സത്സ്വഭാവികളാകുന്നുവെന്നാണു് ‘ലാർഡ്” പാമഷ്ടൻ’ എന്ന മഹാന്റെ അഭിപ്രായം; പലരും ആ അഭിപ്രായത്തോടു യോജിക്കുന്നുണ്ടെങ്കിലും ഞങ്ങൾക്കു അതിൽ അത്ര വിശ്വാസമില്ല. അതിന്റെ വിപരീതമാണു് പരമാൎത്ഥത്തിൽ നിന്നു് ഒട്ടേറെ തെറ്റിപ്പോകാതിരിക്കുക എന്നാകുന്നു ഞങ്ങൾക്കു തോന്നുന്നതു്; പക്ഷെ ആ അഭിപ്രായം സാധിക്കുന്നതു അത്ര എളുപ്പമല്ലായിരിക്കാം. അഭ്യാസസാമൎത്ഥ്യംകൊണ്ടു കുട്ടികളെ വേണ്ടുവിധത്തിലാക്കിത്തീൎക്കാം എന്നു വേറെ ചിലർ അഭിപ്രായപ്പെടുന്നു; ആ അഭിപ്രായത്തോടും ഞങ്ങൾ യോജിക്കുന്നില്ല. അഭ്യാസസാമൎത്ഥ്യംകൊണ്ടു കുട്ടികളുടെ സ്വഭാവേനയുള്ള ദോഷങ്ങളെ കുറയ്ക്കാമെന്നല്ലാതെ അവയെ അതുകൊണ്ടു തീരെയില്ലാതാക്കുവാൻ കഴിയുകയില്ല. സമുചിതമായ വിദ്യാഭ്യാസസമ്പ്രദായംകൊണ്ടു എല്ലാവരേയും ക്ഷണത്തിൽ ഉത്തമപുരുഷഗുണങ്ങളോടുകൂടിയവരാക്കിത്തീൎക്കാം എന്നു ചിലൎക്കൊരു വിചാരമുണ്ടു്; ഇതു ‘ഷെല്ലി’ എന്ന പ്രസിദ്ധകവി തന്റെ ഗ്രന്ഥത്തിൽ സൂചിപ്പിച്ചിട്ടുള്ളതുപോലെയാകുന്നു: പഴയതായ എ

ല്ലാ സ്ഥാപനങ്ങളേയും നടവടികളേയും അവിചാരപൂർവ്വകമായ അഭിനിവേശങ്ങളേയും മനുഷ്യർ ഉപേക്ഷിക്കുമെങ്കിൽ ലോകത്തിലുള്ള സകല അനർത്ഥങ്ങളും നശിക്കുമെന്നാണു് അദ്ദേഹം സൂചിപ്പിച്ചിട്ടുള്ളതു്. ശാന്തമായ മനസ്സോടുകൂടി ലോകകാര്യങ്ങളെ വഴിപോലെ പഠിച്ചിട്ടുള്ളവർക്കു ഈ അഭിപ്രായവും സ്വീകാര്യമായിരിക്കുന്നില്ല.

എങ്കിലും അത്രയായിട്ടുള്ള ഈ വക ആശകളെ അവലംബിക്കുന്ന ആ കൂട്ടരോടു ഞങ്ങളും വേണ്ടതുപോലെ അനുകൂലിക്കാം. അത്യാവേശം—ഉന്മത്തതയിൽ ചെന്നു മുട്ടുന്നതായാലുംകൂടി— കാര്യസാദ്ധ്യത്തിന്നുപയോഗമുള്ള ഒരു പ്രേരകശക്തിയാകുന്നു; ഏററവും ആവശ്യമായിട്ടുള്ളതു എന്നുതന്നെ പരക്കെ പറയാം. രാജ്യകാര്യങ്ങളിൽ പ്രവേശിച്ചിട്ടുള്ള അത്യുത്സാഹിയായ ഒരു പുരുഷൻ, ഫലപ്രാപ്തിക്കായിക്കൊണ്ടു താൻ അനവരതം ശ്രമിക്കുന്ന ദോഷപരിഹാരങ്ങളും ഗുണവർദ്ധകങ്ങളുമായ കാര്യങ്ങളാണു് ലോകത്തിൽ ഏററവും ആവശ്യമായിട്ടുള്ളതു് എന്നു ദൃഢമായി വിശ്വസിക്കുന്നില്ലെങ്കിൽ അവൻ അത്ര കഠിനമായി പ്രയത്നിക്കുകയോ സ്വാർത്ഥകാര്യങ്ങളെ ഉപേക്ഷിച്ചു് അത്ര ക്ലേശങ്ങൾ അനുഭവിക്കുകയോ ചെയ്യുകയില്ല എന്നുള്ളതു സ്പഷ്ടമാകു

ന്നു. സാമുദായികമായ സകല ദോഷങ്ങൾക്കും മൂല കാരണം മദ്യപാനമാണ് എന്ന ദൃഢവിശ്വാസമി ല്ലെങ്കിൽ തദ്ദോഷനിവാരണത്തിന്നായിക്കൊണ്ടു വേല ചെയ്യുന്നവർ ആ കാൎയ്യത്തിൽ അത്രതന്നെ ഉത്സാഹത്തോടുകൂടി പരിശ്രമിക്കുകയില്ല. അന്യവിഷയങ്ങളിൽ എന്നപോലെ ലോകോപകാരാൎത്ഥമുള്ള കൎമ്മങ്ങളിലും പ്രവൃത്തിവിഭാഗംകൊണ്ടു വലിയ മെച്ചമുണ്ടാകുന്നുണ്ട്; പ്രവൃത്തിവിഭാഗമുണ്ടാകുന്നതിന്ന് ലോകോപകാരാൎത്ഥം പരിശ്രമിക്കുന്ന ഓരോ കൂട്ടൎക്കും സ്വസ്വകൎമ്മങ്ങളിൽ അതിയായ വിശ്വാസവും ഉത്സാഹവുമുണ്ടായിരിക്കണം. അതു ഹേതുവായിട്ട് ബുദ്ധ്യാദ്യന്തഃകരണസംസ്കാരത്തിന്നു വേണ്ടിയോ അല്ലെങ്കിൽ ധാൎമ്മികമായിട്ടുള്ള മാനസോന്നതിക്കു വേണ്ടിയൊ ചെയ്യപ്പെടുന്ന വിദ്യാഭ്യാസമാണ് ലോകത്തിലുള്ള സകലദോഷങ്ങളുടേയും പരിഹാരത്തിന്നുള്ള സിദ്ധൌഷധം എന്നു വിചാരിക്കുന്നവരുടെ അത്യധികമായ പ്രതിപത്തിയും പ്രയോജനത്തോടു കൂടിയതാണ് എന്നു നമുക്കു പറയാം; എന്നുതന്നെയുമല്ല, ആ കാൎയ്യത്തിൽ അവൎക്കുള്ള ദൃഢവിശ്വാസത്തെ ഇളക്കുവാൻ കഴിയുകയില്ല എന്നുള്ള സംഗതി ഹിതാവഹമായിട്ടുള്ള നൈസൎഗ്ഗിക വസ്തുവ്യവസ്ഥയുടെ ഒരംഗമാണ് എന്നു കൂടി നമുക്കു പറയാം.

സാദ്ധ്യമായിട്ടുള്ള ഏതെങ്കിലും ഒരു നയോപദേശസമ്പ്രദായത്തെ അനുസരിച്ചു കൊണ്ടു കുട്ടികളെ നമ്മുടെ ഇഷ്ടംപോലെയാക്കിത്തീൎക്കാമെന്നു വെയ്ക്കുക; ആ സമ്പ്രദായത്തെ അനുസരിച്ചു നടക്കുന്നതിന്നു് എല്ലാ മാതാപിതാക്കന്മാരേയും ശീലിപ്പിക്കാമെന്നും വിചാരിക്കുക; എന്നാലും നാമുദ്ദേശിക്കുന്ന കാൎയ്യം സാധിക്കുന്നതല്ല. അപ്രകാരം ഏതെങ്കിലും ഒരു സമ്പ്രദായം അനുഷ്ഠിക്കണമെങ്കിൽ അതിനു മുമ്പായിട്ടു പ്രായംചെന്ന എല്ലാ സ്ത്രീപുരുഷന്മാൎക്കും യഥോചിതമായ ബുദ്ധിവൈഭവം, സൌമനസ്യം, ആത്മസംയമം എന്നിങ്ങിനെയുള്ള ഗുണങ്ങൾ ഉണ്ടായിരിക്കണമെന്നും എന്നാൽ വാസ്തവത്തിൽ അങ്ങിനെയുള്ളവർ ഇല്ല എന്നും ഉള്ള സംഗതി ആരും ഓൎക്കുന്നില്ല. ഗൃഹസംബന്ധമായ വിദ്യാഭ്യാസത്തെപ്പററി പ്രതിപാദിക്കുന്നവരെല്ലാവരും സകല കുററങ്ങളേയും ബുദ്ധിമുട്ടുകളേയും കുട്ടികളിൽമാത്രം ചുമത്തുന്നു; മാതാപിതാക്കന്മാരിൽ യാതൊന്നും ചുമത്തുന്നില്ല; ഇതാണു് ആ കൂട്ടൎക്കുള്ള തെററു്. രാജ്യഭരണത്തെ സംബന്ധിച്ചെന്നപോലെ കുഡുംബഭരണത്തെ സംബന്ധിച്ചും പരക്കെയുള്ള അഭിപ്രായമെന്തെന്നാൽ ഭരണകൎത്താക്കന്മാർ പ്രായേണ ഗുണവാന്മാരെന്നും ഭരിക്കപ്പെടുന്നവർ ദോഷത്തോടു കൂടിയവരെന്നും ആകുന്നു. വിദ്യാഭ്യാസവിഷയമായ മതങ്ങളെല്ലാം അനുസരിച്ചു് ഒരഭിപ്രായം പുറപ്പെടുവി

ക്കയാണെങ്കിൽ തങ്ങളുടെ സന്താനങ്ങളെ സംബന്ധിച്ചു എല്ലാം സ്ത്രീപുരുഷന്മാരുടേയും സ്വഭാവംതന്നെ തീരെ മാറുന്നുവെന്നു പറയേണ്ടതായിട്ടു വരും. നാം ഇടപാടുചെയ്യുന്ന എല്ലാം ജനങ്ങളും ലോകത്തിൽ നാം കാണുന്ന സകല മനുഷ്യരും വളരെ ദോഷത്തോടുകൂടിയവരാണെന്നു നമുക്കറിയാം. ദിനംപ്രതി ജനങ്ങൾ കുത്തിപ്പുറപ്പെടുവിക്കുന്ന അപവാദങ്ങളിലും സ്നേഹിതന്മാർ തമ്മിലുള്ള കലഹങ്ങളിലും കടക്കാരെ തോല്പിക്കുന്നതിനു ചെയ്യു കൃത്രിമപ്രവൃത്തികൾ വെളിപ്പെട്ടുവരുന്ന കാര്യങ്ങളിലും കോടതിവ്യവഹാരങ്ങളിലും പോലീസ്സ് റിപ്പോർട്ടുകളിലും വഞ്ചനയും സ്വാർത്ഥപരതയും ക്രൂരതയും എത്രത്തോളമാണ് പ്രകാശിച്ചുകാണുന്നത് എന്ന സംഗതി നാം സർവ്വദാ പ്രത്യക്ഷമായിട്ടനുഭവിച്ചറിയുന്നുണ്ടല്ലോ. അങ്ങിനെയാണെങ്കിലും ശിശുപരിപാലനം ബാലശിക്ഷണം എന്നീ വിഷയങ്ങളുടെ ഗുണദോഷത്തെപ്പറ്റിയും കുട്ടികളുടെ ദുസ്സാമർത്ഥ്യത്തെപ്പറ്റിയും നിഷ്കർഷയോടുകൂടി നിരൂപണം ചെയ്യുമ്പോൾ അപരാധികളായ ഈ മനുഷ്യർ തന്നെ തങ്ങളുടെ കുട്ടികളെ വേണ്ടുംപോലെ കൊണ്ടു നടത്തുന്ന കാര്യത്തിൽ ദോഷരഹിതന്മാരാണെന്നല്ലേ നാം സാധാരണയായി [illegible]! ഇതു തീരെ അവാസ്തവമായിട്ടുള്ളതാണ് എന്നുമാത്രമല്ല, കുട്ടികളുടെ ദുശ്ശീലംനിമിത്തമാകുന്നതു സാധാരണ പറഞ്ഞുവ

രുന്ന ഗൃഹങ്ങളിലുണ്ടാകുന്ന ഒട്ടുമിക്കതിനൊന്നാംവിധ
ത്തിന്നും കാരണം മാതാപിതാക്കന്മാരുടെ നട
വടിദോഷമാണ് എന്നു പറയുവാൻ ഞങ്ങൾ ലേശം
പോലും സംശയിക്കുന്നില്ല. സ്ത്രീധനന്മാരും ശാന്ത
ന്മാരുമായവരെപ്പററിയല്ല ഞങ്ങൾ ഈ വിധം പറയു
ന്നതു്; ഈ പുസ്തകം വായിക്കുന്നവരിൽ മിക്കവരും അ
പ്രകാരമുള്ള ഗുണങ്ങളോടു കൂടിയവരായിരുന്നു തന്നെ
ഞങ്ങൾ വിചാരിക്കുന്നു. എന്നാൽ സാധാരണ
ന്മാരുടെ കാര്യത്തിൽ ഇങ്ങിനെതന്നെയാണെന്നു
ഞങ്ങൾ തീർച്ചയായി പറയുന്നു. [illegible]ക്കുന്നില്ല എ
ന്ന കാരണത്തിന്മേൽ വളരെ ദേഷ്യത്തോടുകൂടി ത
ന്റെ ശിശുവിനെ പിടിച്ചുകുലുക്കുന്ന ഒരു മാതാവിൽ
നിന്നു് എന്തൊരുവിധത്തിലുള്ള സദാചാരോപദേശം ഉ
ണ്ടാവുമെന്നാണ് കരുതേണ്ടതു്? ഒരമ്മ അപ്രകാരം
ചെയ്യുന്നതു ഞങ്ങൾ ഒരിക്കൽ കാണുകയുണ്ടായി. ത
ന്റെ കുട്ടി വിരലുകളെ വാതലിന്റെ ഇടയിലിട്ടു് ത
ന്നെത്താൻ അടയ്ക്കുകനിമിത്തം വേദനകൊണ്ടു ഉറ
ക്കെ നിലവിളിക്കുന്നതുകേട്ടു് ഓടിച്ചെല്ലുന്ന അമ്മ ഉട
നെ വാതലിന്റെ ഇടയിൽനിന്നു കയ്യെടുപ്പിക്കുവാൻ ശ്ര
മിക്കുന്നതിന്നു പകരം ദുസ്സാമർത്ഥ്യം കാണിച്ചുവകയ്ക്കു
അതിനെ നാലു പൊട്ടിക്കുകയാണുണ്ടായതു്; ആ പിതാ
വിന്നു് എത്രത്തോളം നീതിബോധം തന്റെ കുട്ടിക്കു
ണ്ടാക്കിത്തീർക്കുവാൻ കഴിയും? അപ്രകാരമുള്ള അമ്മ

ന്മാർ ഉണ്ടു് എന്നു് കണ്ടനുഭവമുള്ള ഒരാൾ ഞങ്ങ
ളോടു പറഞ്ഞിട്ടുണ്ടു്. ഇനി ഇതിലേറെ ശോചനീയ
മായ ഒരു സംഗതി പറയാം. അതും നേരിട്ടു കണ്ടനുഭ
വമുള്ള ഒരാൾ പറഞ്ഞിട്ടുള്ളതാണു്. വിണു കാലൊ
ടിഞ്ഞ ഒരു കുട്ടിയെ വിട്ടിലേക്കെടുത്തുകൊണ്ടു ചെന്ന
പ്പോൾ സ്വപിതാക്കന്മാർ കഠിനമായ പ്രഹരങ്ങളെ
ക്കൊണ്ടാണു് അതിനെ വേണ്ടുംവണ്ണം സൽക്കരിച്ച
തു്; അങ്ങിനെയുള്ള മാതാപിതാക്കന്മാരിൽ നിന്നു്
ആ ബാലനു് വിദ്യാഭ്യാസവിഷയമായി എന്തൊരഭി
വൃദ്ധിയാണു് മേലിൽ സിദ്ധിക്കുവാൻ തരമുള്ളതു്?
ഉദാഹരണങ്ങൾ കുറെ കടന്ന കയ്യുകളാണു് എന്നതു
വാസ്തവംതന്നെ; എങ്കിലും സ്വജാതിയിൽതന്നെ ദുർബ്ബ
ലന്മാരും വികലാംഗന്മാരുമായിട്ടുള്ളവരെ നശിപ്പിക്കു
ന്നതിനു പ്രേരകമായിട്ടുള്ള ഒരു വാസനാശക്തി മററെ
ല്ലാ ജന്തുക്കളിലുമുള്ളതുപോലെതന്നെ മനുഷ്യരിലുമുണ്ടു
എന്നു് ആവക ഉദാഹരണങ്ങൾ നമുക്കു വ്യക്തമായി
കാണിച്ചുതരുന്നുണ്ടു്. കുറെ കടന്നവയാണു് എങ്കിലും
അവ, പലകുഡുംബങ്ങളിലും ദിനംപ്രതി കാണാവുന്ന
നാടവടികൾക്കും മനോവികാരങ്ങൾക്കും ആദർശങ്ങ
ളായിട്ടിരിക്കുന്നുണ്ടു്. എന്തെങ്കിലും സുഖക്കേടുകൊണ്ടു
കരയുന്ന ഒരുശിശുവിനെ, വാശിപിടിക്കുകയാണെന്നു
വെച്ചു് അതിന്റെ അമ്മയൊ ആയയെയൊ അടിക്കുന്നതു
പലപ്പോഴും കാണാത്തതാരാണു്? കാലുതടഞ്ഞുവീണ

കുട്ടിയെ തുള്ള ശൂണ്ടിയോടുകൂടി "ചേട്ടക്കുട്ടി" എന്നു പറഞ്ഞു നിർദ്ദയമായി വാലിവലിച്ചെടുക്കുന്നതു കണ്ടിട്ടുള്ളവരിൽ ആരാണ് അപ്രകാരമുള്ള ക്രോധസ്വഭാവം പിന്നീടു കുട്ടികളിൽ കലഹം മുതലായ ദുർഗ്ഗുണങ്ങളെ ഉണ്ടാക്കിത്തീക്കുന്നതിനു ഹേതുവായിത്തീരുന്നുവെന്നു കാണാത്തതു്? ഒരു പിതാവു് ശാസനകമായ സ്വരത്തിൽ തന്റെ കുട്ടികളോടു മിണ്ടാതിരിപ്പാൻ കല്പിക്കുമ്പോൾ അയാൾക്കു് സഹജീവികളിൽ ദയ വളരെകുറച്ചു മാത്രമേ ഉള്ളൂവെന്നതിലേയ്ക്കു അതൊരു നല്ല തെളിവല്ലേ? കുട്ടികൾ സ്വഭാവേന ഉത്സാഹശീലന്മാരാകുന്നു; അങ്ങിനെയിരിക്കെ ചില അച്ഛന്മാർ അവരോടു് അനങ്ങാതിരിപ്പാൻ കല്പിക്കുമ്പോൾ വളരെ ക്ലേശത്തോടുകൂടിമാത്രമേ—എന്തെന്നാൽ അതു് അവരുടെസ്വഭാവത്തിനു തീരെവിരോധമാകുന്നു— അവൎക്കു ആ ശാസനയെ അനുസരിപ്പാൻ കഴിയുകയുള്ളൂ. ചിലർ കുഡുംബസഹിതം തീവണ്ടിയാത്രചെയ്യുന്ന സമയത്തു് പുറവുമുള്ള പ്രദേശങ്ങളേയും മററുകാഴ്ചകളേയും കണ്ടുരസിക്കുന്നതിന്നായി കുട്ടികൾ വണ്ടിയുടെ ജനലിൽ കൂടി തലയിട്ടുനോക്കുമ്പോൾ പിതാക്കന്മാർ അവരെ പിടിച്ചു സ്വസ്വസ്ഥാനങ്ങളിലിരുത്തുന്നു; അവിവേകപൂൎവ്വകമായ ഇപ്രകാരമുള്ള വിലക്കങ്ങൾ കുറച്ചുബുദ്ധിയുള്ള ഏതു കുട്ടിക്കും വളരെ കണ്ടിതത്തി

ന്നിടയായിത്തീരുന്നതാണ്; നിരൎത്ഥകമായും അനാവ ശ്യമായുമുള്ള ഈവക നിരോധങ്ങൾ ആ പിതാക്കന്മാരിലുള്ള സ്നേഹാഭാവത്തിന്റെ ആധിക്യത്തിന്നു ഒരു ലക്ഷണമല്ലെ എന്നാണ് ഞങ്ങൾ ചോദിക്കുന്നതു്. പരമാൎത്ഥത്തിൽ നയോപദേശവിഷയകമായിട്ടുള്ള വൈഷമ്യങ്ങൾ രണ്ടുവഴിക്കും—പിതാക്കന്മാരുടേയും കുട്ടികളുടേയും ദൃഷ്യംകൊണ്ടു---അവശ്യം സംഭവിക്കുന്നു. പ്രാണികളിലുള്ള വാസനകൾ പാരമ്പൎയ്യവഴിക്കു സിദ്ധിക്കപ്പെടുന്നവയാണെന്നുള്ള പ്രകൃതിനിയമത്തെ ശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നുണ്ടു്; അതിനെ അനുസരിച്ചു ലോകരുടെഇടയിൽ പഴഞ്ചൊല്ലുകളുമുണ്ടു്; ജനങ്ങളും ഈ തത്വത്തെ കൈക്കൊണ്ടു ദിവസേന തമ്മിൽതമ്മിൽ പറയാറുണ്ടു്; അതു ശരിയാണെങ്കിൽ കുട്ടികളുടെ ദോഷങ്ങൾ സാമാന്യേന പിതാക്കന്മാരുടെ ദോഷങ്ങളുടെ പ്രതിബിംബമായിട്ടിരിക്കുന്നുവെന്നു പറയാം. സാമാന്യേന എന്നേ പറയുന്നുള്ളു; എന്തുകൊണ്ടെന്നാൽ പൂൎവ്വതരന്മാരായിട്ടുള്ളവരിൽ നിന്നു സിദ്ധിക്കപ്പെട്ടിട്ടുള്ള വിവിധവാസനാഭേദങ്ങളുടേയും ഫലം അത്യന്തം മിശ്രമായിട്ടാണിരിക്കുന്നതു്; അതിനാൽ സാമാന്യമായിട്ടുള്ള സംഗതികളില്ലാതെ വിശേഷ സംഗതികളിൽ ഈ സാദൃശ്യംമുഴുവൻ ഘടിക്കുന്നതല്ല. ഈ ദോഷപാരമ്പൎയ്യം സാമാന്യേന ഉള്ളതാണെങ്കിൽ, അമൎച്ചചെയ്യേണ്ടതാണെന്നു പിതാക്കന്മാർ വിചാരിക്കുന്നതായ തങ്ങളുടെ

കുട്ടികളുടെ രാഗദ്വേഷാദിദോഷങ്ങൾ തങ്ങളിലും അത്രെമാതിരി ദോഷങ്ങൾ ഉണ്ട് എന്നുള്ള സംഗതിയെ സൂചിപ്പിക്കുന്നു; പക്ഷെ ആ വക ദോഷങ്ങൾ പിതാക്കന്മാരിൽ അത്രപ്രകാശിച്ചു കാണുകയില്ലായിരിക്കാം; അല്ലെങ്കിൽ അന്യ മനോവൃത്തികളെക്കൊണ്ടു മറയ്ക്കപ്പെട്ടിട്ടുണ്ടായിരിക്കാം; എന്നാലും അവ അവരിൽ ഉണ്ട് എന്നതിന്നു വാദമില്ല. അതിനാൽ ഉത്തമമായി ഗണിക്കപ്പെടുന്നൊരു നയോപദേശസമ്പ്രദായത്തെ സാമാന്യന അനുഷ്ഠിക്കുക എന്നുള്ളതു തീരെ അസാദ്ധ്യമാകുന്നു; എന്തെന്നാൽ മാതാപിതാക്കന്മാർ അത്രത്തോളം സ്വഭാവഗുണമുള്ളവരായിത്തീൎന്നിട്ടില്ല.

ഉദ്ദിഷ്ടകാൎയ്യം കാലതാമസം കൂടാതെ ഫലിക്കത്തക്കവണ്ണമുള്ള സമ്പ്രദായവിശേഷങ്ങൾ ഉണ്ട് എന്നുതന്നെ ഇരിക്കട്ടെ; ആവക സമ്പ്രദായങ്ങളെ അവിരോധേന പ്രയോഗിക്കത്തക്ക ജ്ഞാനവും അനുകമ്പയും ആത്മസംയമവും പിതാക്കന്മാൎക്കുണ്ട് എന്നും വിചാരിക്കുക; എന്നാലും മററുള്ള കാൎയ്യങ്ങളെ പരിഷ്കരിക്കുന്നതിന്നുമുമ്പായിട്ടു ഗൃഹഭരണസംബന്ധമായ ദോഷങ്ങളെ പരിഹരിക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാവുകയില്ല എന്നു പിന്നേയും വാദിക്കുവാൻ കഴിയും. നാം ചെയ്യാനുദ്ദേശിക്കുന്നതു് എന്താകുന്നു? ലോകവ്യവഹാരങ്ങളെ യഥാവിധി നിൎവ്വഹിക്കുന്നതിന്നു

കുട്ടികളെ യോഗ്യന്മാരാക്കിത്തീൎക്കുക—സദാചാരന്മാരായിരുന്നുകൊണ്ടു് അവർ ലോകത്തിൽ കഴിഞ്ഞുകൂടവാനുള്ള വഴിയുണ്ടാക്കുന്നതിന്നു ശേഷിയുള്ളവരായിത്തീരുക— എന്നതല്ലേ ഏതുമാതിരി വിദ്യാഭ്യാസത്തിന്റെയും അടുത്തു നില്ക്കുന്ന പ്രയോജനം? ലോകത്തിൽ കഴിഞ്ഞുകൂടുവാനുള്ള വഴിയുണ്ടാക്കുക—(ഇതിന്നു് പണം സമ്പാദിക്കുക എന്നൎത്ഥമല്ല ഞങ്ങൾ വിവക്ഷിച്ചിട്ടുള്ളതു്; കുഡുംബരക്ഷയ്ക്കുപയുക്തങ്ങളായ സാമഗ്രികളെ സമ്പാദിക്കുക എന്നൎത്ഥമാകുന്നു)—എന്നിങ്ങിനെ നാം പറയുമ്പോൾ അതു ലോകത്തിന്റെ ഇപ്പോഴത്തെ അവസ്ഥയ്ക്കു് ഒരു വിധം യോജിച്ചിരിക്കണം എന്ന സംഗതിയെ സൂചിപ്പിക്കുന്നില്ലേ? ഏതെങ്കിലുമൊരു നയോപദേശ സമ്പ്രദായം കൊണ്ടു ഒരുവനെ നമ്മുടെ മനോരഥപ്രകാരം ഉത്തമഗുണങ്ങളോടുകൂടിയവനാക്കിത്തീൎക്കാമെങ്കിൽതന്നെ അവൻ ഏതവസ്ഥയിലിരിക്കുന്ന ലോകത്തിലേക്കു ചേൎന്ന പുരുഷനായിരിക്കുമോ കാൎയ്യം സംശയമല്ലേ? എന്നുതന്നെയല്ലാ, നേരെ മറിച്ചു്, സത്യാസത്യങ്ങളെപ്പററിയുള്ള അതിസൂക്ഷ്മമായ ബോധം ധൎമ്മാചരണത്തിൽ ഏററവും ഉൽകൃഷ്ടമായ നില എന്നിവ നിമിത്തം ലോകവിലക്ഷണനായിത്തീൎന്നിരിക്കുന്ന ആ പുരുഷന്റെ കാലക്ഷേപം ദുസ്സാധവും ദുസ്സഹവുമായിരിക്കുമെന്നു ശങ്കിപ്പാൻ വഴിയില്ലേ? അപ്രകാരമുള്ള ഉൽകൃഷ്ട നയോ

ഉപദേശം കൊണ്ടുണ്ടാകുന്ന ഫലം ഓരോ  ത്തനെ സം ബന്ധിച്ച് എത്രതന്നെ ശ്ലാഘ്യമായിരുന്നാലും പൊതു ജനങ്ങളേയും അവരുടെ സന്താനങ്ങളേയും സംബന്ധി ച്ചേടത്തോളം ആ ഫലം സ്വയമേവ വിഫലതയെ പ്രാപിക്കുകയില്ലേ? ഒരു രാജ്യത്തെ എന്നപോലെ ഒരു കുഡുംബത്തിലേയും ഭരണരീതി പ്രായേണ മനുഷ്യസ്വ ഭാവത്തിന്റെ താൽക്കാലികമായ സാമാന്യസ്ഥിതി ക്കനുരൂപമായിട്ടാണിരിക്കുന്നതു് എന്നു വിചാരിപ്പാൻ വേണ്ടുവോളം ന്യായമുണ്ടു്. രണ്ടുദിക്കിലും ജനങ്ങളുടെ സാമാന്യമായിട്ടുള്ള സ്വഭാവം കൊണ്ടാണ് ഭരണസ മ്പ്രദായം നിർണ്ണയിക്കപ്പെടുന്നതു് എന്നു തെളിയിക്കാവു ന്നതാണ്. രണ്ടുദിക്കിലും പൊതുവേയുള്ള മനുഷ്യസ്വഭാ വത്തിന്റെ സമുന്നതിയാണു് ഭരണസമ്പ്രദായത്തിന്റെ ഉന്നതിക്കു വഴികാണിക്കുന്നതു എന്നനുമാനിക്കാം; അത്ര യുമല്ല, സാമാന്യമനുഷ്യസ്വഭാവത്തെ അതുല്യമായി നന്നാ ക്കാതെ ഭരണസമ്പ്രദായം നന്നാക്കുവാൻ കഴിയുമെങ്കിൽ ഗുണത്തെക്കാളേറെ ദോഷമാണു് തൽഫലമായിട്ടധികമു ണ്ടാവുക എന്നാണനുമാനിക്കാം. മാതാപിതാക്കന്മാരിൽ നിന്നും ഗുരുക്കന്മാരിൽ നിന്നും കുട്ടികൾ അനുഭവിക്കുന്ന താഡനാദി ശിക്ഷകൾ മേലിലുള്ള കാലക്ഷേപത്തിൽ അവരനുഭവിക്കേണ്ടിവരുന്ന അതിലേറെ കഠിനങ്ങളാ യ ക്ലേശങ്ങൾക്കായിട്ടുള്ള ഒരുക്കങ്ങൾ മാത്രമാണ് എ ന്നു വിചാരിക്കാം. എന്നുതന്നെയല്ലാ, മാതാപിതാക്ക ന്മാൎക്കും ഉപാദ്ധ്യായന്മാൎക്കും കുട്ടികളുടെ നേരെ ഏററ

വും ധൎമ്മ്യമായ വിധത്തിലും പൂൎണ്ണമായ ദയയോടു കൂടി യും പെരുമാറുവാൻ കഴിയുമെങ്കിൽതന്നെ മനുഷ്യ രുടെ അതിയായ സ്വാതന്ത്ര്യം നിമിത്തം മേലിൽ അവ ൎക്കനുഭവിക്കേണ്ടിവരുന്ന ക്ലേശത്തെ അത് കുറെക്കൂടി വൎദ്ധിപ്പിക്കുകയേയുള്ളുവെന്നു കൂടി ചിലർ ബലമാ യിട്ടു വാദിക്കുന്നുണ്ടു്.*

---

*വിദ്യാശാലകളിലും മററും കുട്ടികൾ അനുഭവിക്കുന്ന താഡനാ ദിശിക്ഷകൾക്കു സമാധാനമായി ചിലർ ഇങ്ങിനെ ഒരു വാദം പുറ പ്പെടുവിക്കുന്നു. വിദ്യാശാല എന്നതു്, അവരുടെ പക്ഷത്തിൽ, ഒരു ചെറിയ ലോകമാകുന്നു. അതിൽ കുട്ടികൾ അനുഭവിക്കുന്ന ക്ലേശങ്ങൾ യഥാൎത്ഥലോകത്തിലുള്ള ക്ലേശങ്ങളെ അനുഭവിക്കുന്നതിനു അവ രെ ശേഷിയുള്ളവരാക്കിത്തീൎക്കുന്നു. അവരുടെ ഈ വാദത്തിനും കു റെ ശക്തിയുണ്ടെന്നു സമ്മതിക്കണം; പക്ഷെ ശക്തി ഒട്ടുംതന്നെ മ തിയാകുന്നില്ല. എന്തെന്നാൽ, കുട്ടികളുടെ ഭരണത്തിനായിക്കൊ ണ്ടു ഗൃഹത്തിലും വിദ്യാശാലയിലും ഏൎപ്പെടുത്തുന്ന ശാസനകളും ശി ക്ഷകളും പുരുഷപ്രാപ്തി വരുമ്പോൾ അവൎക്കനുഭവിക്കേണ്ടിവരുന്നവ യെക്കാൾ വളരെ അധികം പരിഷ്കൃതമായ നിലയിലായിരിപ്പാൻ പാടില്ല എങ്കിലും അവയെക്കാൾ അല്പം ഭേദപ്പെട്ടിരിക്കേണ്ടതാണ്. എന്നാൽ ഇപ്പോൾ 'ഈററൺ', 'വിഞ്ചെസ്റ്റർ', 'ഹാരൊ' മുതലായ വിദ്യാലയങ്ങളിൽ നടപ്പുള്ള ശിക്ഷാക്രമം ഇതിനു നേരെ വിപരീത മാകുന്നു; പുരുഷപ്രാപ്തിവന്നതിന്റെ ശേഷം ലോകത്തിൽ അനുഭ വിക്കേണ്ടിവരുന്ന ക്ലേശങ്ങളെക്കാൾ വളരെ അധികം കഠിനങ്ങളായ ശിക്ഷകളാണ് അവർ ആ വക വിദ്യാലയങ്ങളിൽ അനുഭവിക്കുന്നത്. എല്ലാ തരം വിദ്യാഭ്യാസവും മനുഷ്യരുടെ ആസകലമുള്ള അഭിവൃദ്ധി

ചിലർ ഇങ്ങിനെ പറയുന്നു:—"ഇത്രയും പറഞ്ഞതിൽ നിന്നു സിദ്ധമായിട്ടുള്ള സംഗതി കുറെ അധികം കടന്നുപോകുന്നില്ലെ? വിനയാദി സംസ്കരണ കാൎയ്യത്തിൽ ഏതൊരു സമ്പ്രദായംകൊണ്ടും കുട്ടികളെ വേണ്ട നിലയിലാക്കിത്തീൎക്കുവാൻ കഴിയുകയില്ല എങ്കിൽ; അതു സാധിക്കത്തക്ക ഒരു സമ്പ്രദായം ഉണ്ടെങ്കിൽതന്നെ ഇപ്പോഴുള്ള മാതാപിതാക്കന്മാർ അതു പ്രകാരം അനുഷ്ഠിക്കുന്നതിന്നു യോഗ്യന്മാരല്ല എങ്കിൽ; സഫലമാകുംവണ്ണം അതനുഷ്ഠിക്കാമെങ്കിൽതന്നെ അതുകൊണ്ടുണ്ടാകുന്ന ഫലം ഏതവസ്ഥയിലിരിക്കുന്ന ജനസ

---

ക്കു സഹായമായിരിക്കുകയാണ് വേണ്ടത്; അതിന്നു പകരം നമ്മുടെ വിദ്യാലയങ്ങളിലുള്ള വിദ്യാഭ്യാസ സമ്പ്രദായവും ഭരണ രീതിയും കുട്ടികളെ ഇപ്പോഴത്തെക്കാൾ താഴെ നിലയിലുള്ള ഒരു സമുദായത്തിലേക്കു യോഗ്യന്മാരാക്കിത്തീൎക്കുന്നതിലേക്കാണ് ചാഞ്ഞുനില്ക്കുന്നതു്; എന്തെന്നാൽ ഭരണകൎത്താക്കന്മാർ സ്വേച്ഛപോലെയും സ്വാതന്ത്ര്യത്തോടുകൂടിയും കുട്ടികളെ ഭരിക്കുക അവരുടെ നേരേയുള്ള തങ്ങളുടെ പെരുമാററത്തെ കേവലം ബലപ്രയോഗംകൊണ്ടു ക്രമപ്പെടുത്തുക എന്നിങ്ങനെയുള്ള രീതിയിലാണ് അവർ കുട്ടികളെ ശീലിപ്പിച്ചു വരുന്നതു്. അപ്രകാരമുള്ള വിദ്യാലയങ്ങളിൽ പഠിച്ചുവളൎന്നവരാണ് നമ്മുടെ നിയമനിൎമ്മാണസഭയിലേക്കു മുഖ്യമായി തിരഞ്ഞെടുക്കപ്പെടുന്നതു്. അപ്പോൾ അവരും ആ തോതുതന്നെ എടുക്കുന്നു; ഏററവും അപരിഷ്കൃതമായിരിക്കുന്ന ഈ അവസ്ഥ സമുദായാഭിവൃദ്ധിക്ക് ഒരു പ്രതിബന്ധമാകുന്നു.

മുദായത്തിനനുരൂപമായിരിക്കുകയില്ലെന്നു മാത്രമല്ല ദുഃഖകരമാകുംവണ്ണം വിരുദ്ധമായിട്ടുതന്നെ തീരും എങ്കിൽ; ഇപ്പോഴുള്ള സമ്പ്രദായത്തെ നന്നാക്കുക എന്നത് സാദ്ധ്യവുമല്ല സ്പൃഹണീയവുമല്ല എന്നു വരുന്നില്ലെ?" ഒരിക്കലുമില്ല. ഗൃഹഭരണസംബന്ധമായ പരിഷ്കാരം മററുള്ള പരിഷ്കാരങ്ങളോടൊപ്പം പോകേണ്ടതാണ് എന്നുമാത്രമെ അതുകൊണ്ടു വരുന്നുള്ളു. ഭരണസമ്പ്രദായം ക്രമത്തിലല്ലാതെ പെട്ടെന്നു നന്നാക്കുവാൻ കഴിയുകയില്ലെന്നും പാടില്ലെന്നും മാത്രമേ അതുകൊണ്ടുവരുന്നുള്ളു. സത്യാസത്യം, ധർമ്മാധർമ്മം മുതലായവയുടെ സൂക്ഷ്മജ്ഞാനത്തോടുകൂടി ലോകവ്യവഹാരങ്ങളെ നടത്തുവാൻ കഴിയുകയില്ല എന്നു മാത്രമേ അതുകൊണ്ടു വരുന്നുള്ളു; എന്തെന്നാൽ മനുഷ്യരുടെ വർത്തമാനസ്വഭാവസ്ഥിതിയെ അതിക്രമിച്ചു നടക്കുവാൻ ആർക്കും സാധിക്കുകയില്ല—മാതാപിതാക്കന്മാർക്കും കുട്ടികൾക്കും ജനസമുദായത്തിനും ഉള്ള ന്യൂനതകളെ അനുസരിച്ചു മാത്രമേ നടക്കുവാൻ കഴിയുകയുള്ളു; സാമാന്യേനയുള്ള മനുഷ്യസ്വഭാവം എത്രത്തോളം നന്നായിത്തീരുന്നുവോ അതിനെ അനുസരിച്ചുമാത്രമേ സത്യധർമ്മാദികളുടെ സൂക്ഷ്മജ്ഞാനപ്രകാരം നമുക്കു നടക്കുവാൻ തരമാവുകയുള്ളു.

ഇതിനു മറുവഴിയായി പൂർവ്വപക്ഷക്കാരൻ ഇങ്ങിനെ പറയുമായിരിക്കാം:—

"അങ്ങിനെയാണെങ്കിൽ പിന്നെ ഉത്തമമായ ഒരുകുഡുംബഭരണസമ്പ്രദായത്തെ ഏൎപ്പെടുത്തുക എന്നതു സ്പഷ്ടമായിട്ടും നിഷ്പ്രയോജനമായിരിക്കും. അതാതുകാലത്തെ അനുസരിച്ചല്ലാതെ അതിനെ അതിക്രമിച്ചുകൊണ്ടുള്ള രീതികളെ വളരെ പ്രയാസപ്പെട്ടു നിൎമ്മിച്ച് ഏൎപ്പെടുത്തുവാനുത്സാഹിക്കുന്നതുകൊണ്ടു മെച്ചമൊന്നുമുണ്ടാവാൻ തരമില്ല." ഇതിന്നു വിപരീതമായിട്ടുതന്നെ ഞങ്ങൾ പിന്നെയും വാദിക്കുന്നു. രാജ്യഭരണകാൎയ്യത്തിൽ ശുദ്ധമായിരിക്കുന്ന നീതിമാൎഗ്ഗം നമ്മുടെ ഇപ്പോഴത്തെ അവസ്ഥയിൽ അനുഷ്ഠിപ്പാനസാദ്ധ്യമാണ് എങ്കിലും ശരിയായിട്ടുള്ളതേതാണ് എന്നറിയുന്നതു ആവശ്യമാകുന്നു; എന്നാൽ മാത്രമെ നാം ആ വിഷയത്തിൽ വരുത്തുന്ന ഭേദഗതികൾ വഴിപിഴക്കാതെ ശരിയായിട്ടുള്ളതിന്നഭിമുഖമായിട്ടിരിക്കുവാൻ തരമുള്ളു; അതുപോലെതന്നെ കുഡുംബഭരണകാൎയ്യത്തിലും ഉത്തമമായ ഒരു സമ്പ്രദായത്തെ നാം അവലംബിക്കണം; നാമിപ്പോൾ ഏൎപ്പെടുത്തുന്ന രീതികൾ ക്രമേണ അതിനോടടുത്തുവരത്തക്കവിധത്തിലുമായിരിക്കണം. അപ്രകാരമുള്ള ഏററവും ഉത്തമമായ ഒരു സമ്പ്രദായവിശേഷത്തെ നമ്മുടെ പരമമനോരഥമാക്കിവെച്ചുകൊണ്ടു പ്രവൃത്തിക്കുന്നതിൽ നിന്നു ദോഷഫലം വല്ലതുമുണ്ടാകുമെന്നു ഭയപ്പെടുവാനില്ല. എന്തെന്നാൽ മുമ്പുള്ള നടവടികളെ അതിക്രമിച്ചു നടക്കുന്ന കാൎയ്യത്തിൽ

മനുഷ്യൎക്കു സ്വഭാവേന ഒരു വൈമനസ്യമുണ്ടു്; അതു വളരെ ശക്തിയുള്ളതാകയാൽ ഇപ്പോളുള്ള നടവടികൾക്കു പെട്ടെന്നുള്ള മാററം ഒരിക്കലും സംഭവിക്കുന്നതല്ല. ഉയൎന്നനിലയിൽനിന്നുകൊണ്ടു വിചാരിപ്പാനുള്ള ശക്തി സാമാന്യമനുഷ്യൎക്കു സിദ്ധിക്കുന്നതുവരെ ആ വകവിചാരങ്ങൾക്കനുരൂപമായിട്ടുള്ള പരിഷ്കൃത നടവടികളെ സ്വീകരിപ്പാൻ അവൎക്കു കഴിയുന്നതല്ല; ശബ്ദമാത്രേണ സ്വീകരിച്ചേക്കാം എന്നല്ലാതെ യഥാൎത്ഥമായിട്ടു കഴിയുകയില്ല; ഇങ്ങിനെയാണ് ലോകസ്ഥിതി. തത്വം മനസ്സിലാക്കിയാലും അതുപ്രകാരം നടക്കുന്നതിലേക്കുള്ള പ്രതിബന്ധങ്ങൾ വളരെ ശക്തിയുള്ളവയാകുന്നു; ലോകാനുഗ്രഹതല്പരന്മാരായവരുടേയും തത്വജ്ഞാനികളുടെ തന്നെയും ക്ഷമയെ അതിക്രമിച്ചു നിൽക്കത്തക്കവണ്ണമുള്ള ശക്തി അവയ്ക്കുണ്ടായിരിക്കും. അതിനാൽ നമ്മുടെ മനോരഥം എത്രതന്നെ ഉൽകൃഷ്ടമായിരുന്നാലും അതിൻെറ ഫലപ്രാപ്തി സാവധാനത്തിൽ മാത്രമേ ഉണ്ടാവുകയുള്ളു; എന്തെന്നാൽ കുട്ടികളെ ശരിയായി ഭരിച്ചുകൊണ്ടുവരുന്നകാൎയ്യത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ നമ്മുടെ ഉൽകൃഷ്ടമനോരഥത്തിൻെറ സദ്യഃഫലപ്രാപ്തിക്കായിക്കൊണ്ടുള്ള നമ്മുടെ ശ്രമത്തിന്നു എപ്പോഴും തക്കതായ ഒരു വിലക്കമായിട്ടിരിക്കുന്നതാണ്.

വിഷയാരംഭത്തിന്നവതാരികയായി ഇത്രയും പറഞ്ഞിട്ടു ഇനി നയോപദേശത്തിന്റെ യഥാൎത്ഥമായിട്ടുള്ള ഉദ്ദേശങ്ങളേയും രീതികളേയും പററി നിരൂപിക്കുക. ആദ്യംതന്നെ ആ വിഷയത്തെപ്പററിയുള്ള സാമാന്യതത്വങ്ങളെ നിൎണ്ണയിക്കാം; അവയെ വായിച്ചുനോക്കുന്ന സമയത്തു് വായനക്കാർ കുറെ ക്ഷമയോടുകൂടിയിരുന്നാൽ കൊള്ളാമെന്നു ഞങ്ങൾ മുമ്പിൽകൂട്ടി അറിയിച്ചുകൊള്ളുന്നു. സാമാന്യതത്വങ്ങളെ നിൎണ്ണയിച്ചതിന്റെശേഷം കുഡുംബഭരണസംബന്ധമായി നിമിഷംപ്രതി ഉണ്ടായിക്കൊണ്ടിരിക്കുന്ന ക്ലേശങ്ങളിൽ മാതാപിതാക്കന്മാർ അനുവൎത്തിക്കേണ്ട നടപടിക്രമങ്ങളെ ഉദാഹരണസഹിതം വ്യക്തമാക്കുവാൻ ശ്രമിക്കാം.

ഒരു ശിശു വീഴുകയൊ അല്ലെങ്കിൽ അതിന്റെ തല മേശമേൽ മുട്ടുകയൊ ചെയ്യുമ്പോൾ അതു് ഒരുവേദന അനുഭവിക്കുന്നു; അതിന്റെ അമ്മ അതിനെ മേലിൽ കുറെക്കൂടി മനസ്സിരുത്തുവാൻ ശീലിപ്പിക്കുന്നു. അപ്രകാരമുള്ള പലപ്രാവശ്യത്തെ അനുഭവംകൊണ്ടു സ്വചേഷ്ടിതങ്ങളെ വേണ്ടവഴിക്കാക്കുന്നതിന്നു അതുനല്ലവണ്ണം പഠിക്കുന്നു. ആ കുട്ടി ചുട്ടുപഴുത്തുകിടക്കുന്ന ഇരുമ്പുകോൽ കടന്നുപിടിക്കുകയോ കത്തുന്ന വിളക്കിന്റെ നാളത്തിന്മേലേക്കു കൈവിരൽ ചെലുത്തുകയോ അല്ലെങ്കിൽ തിളച്ചുകിടക്കുന്ന വെള്ളം ദേഹത്തിലെ

വിടെയെങ്കിലും തെററിപ്പിക്കുകയൊ ചെയ്യുമ്പോൾ തൽഫലമായിട്ടുണ്ടാകുന്ന പൊള്ളൽ— (പൊള്ളുകനിമിത്തം അതനുഭവിക്കുന്ന വേദന)— വേഗത്തിൽ മറക്കുവാൻ പാടില്ലാത്തവിധം ഒരു പാഠമായിട്ടു തീരുന്നു. പിന്നീട്ട് അതിനോടു ആര് എന്തുതന്നെ പറഞ്ഞാലും (പീഡാജനകങ്ങളായ) ആ വക വസ്തുക്കളുടെ സഹജമായ ധർമ്മങ്ങളെ അത് ഒരിക്കലും ഈ വിധം അനാദരിക്കുകയില്ല; ഇ മാതിരി ഒന്നു രണ്ടു സംഗതികളിൽ നിന്നുണ്ടായിട്ടുള്ള അനുഭവം അത്രബലമായിട്ടാണ് ആ കുട്ടിയിൽ ഉറച്ചുകിടക്കുന്നത്.

ഈ വക സംഗതികളിൽ നയവിനയത്തിൻെറ തത്വമെന്താണെന്നും അത് എങ്ങിനെയാണ് പ്രയോഗിക്കേണ്ടതു് എന്നും പ്രകൃതി തന്നെ നമുക്കു ഏററവും എളുപ്പമായ വഴിക്കു ദൃഷ്ടാന്തപ്പെടുത്തി കാണിച്ചുതരുന്നുണ്ട്. പ്രകൃതിതന്നെ കാണിച്ചുതന്നിട്ടുള്ള ഈ തത്വവും (അല്ലെങ്കിൽ സിദ്ധാന്തവും) പ്രയോഗവും സാധാരണ സ്വീകരിക്കപ്പെട്ടിട്ടുള്ളവയോടു തുല്യമായിരിക്കുന്നുവെന്നു ബഹിർമ്മുഖന്മാരായിട്ടുള്ളവർക്കു തോന്നുന്നതായാലും നിഷ്കർഷയോടുകൂടി പരിശോധിച്ചുനോക്കുമ്പോൾ അവ മററവയിൽ നിന്നു വളരെ വ്യത്യാസപ്പെട്ടിരിക്കുന്നുവെന്നു നാം കാണുന്നതാണ്.

ശരീരത്തിന്ന പറവുന്ന കേടുകൾ, തന്നിമിത്തം ഉണ്ടാകുന്ന ശിക്ഷ എന്നിവയിൽ നിന്ന് ദുശ്ചേഷ്ടിതവും തജ്ജന്യഫലവും എന്താണെന്ന നമുക്ക് എളുപ്പത്തിൽ മനസ്സിലാകുന്നുണ്ട്; ഈ സംഗതി ഒന്നാമതായിട്ട നോക്കണം. കേവലം ശാരീരകമായ ഫലങ്ങളെ മാത്രം ഉണ്ടാക്കുന്ന കർമ്മങ്ങളെ സംബന്ധിച്ച സദസത്ത്വങ്ങളെ പ്രയോഗിക്കുവാൻ പാടില്ല എന്നാണ് സാധാരണജനങ്ങളുടെ അഭിപ്രായം. എന്നാൽ ആ സംഗതിയെപ്പററി സൂക്ഷ്മമായിട്ടാലോചിച്ചുനോക്കുന്നവരെല്ലാവരും ഇതരകർമ്മങ്ങളെപ്പോലെതന്നെ ഇവയേയും ഈ വിധംതന്നെ (സൽകർമ്മംഎന്നും അസൽകർമ്മം എന്നും) തരം തിരിക്കാമെന്ന കാണുന്നതാണ്. യാതൊന്ന് ആത്യന്തിക ശുഭഫലത്തെ ഉണ്ടാക്കിത്തീക്കുന്നുവോ — തൽക്കാലത്തിലൊ കാലാന്തരത്തിലൊ യാതൊന്നിൻെറ ആകപ്പാടെയുള്ള ഫലം ശുഭകരമായിരിക്കുന്നുവോ — അതാകുന്ന സദ്വൃത്തം അല്ലെങ്കിൽ സദാചാരം; മറിച്ച്, ഉടനേയോ പിന്നീടൊ യാതൊന്ന ആത്യന്തിക ദുഷ്ടഫലത്തെ ഉണ്ടാക്കിത്തീക്കുന്നുവോ അതു ദുർവൃത്തം അല്ലെങ്കിൽ ദുരാചാരം ആകുന്നു; ഈ തത്വം എല്ലാ തത്വശാസ്ത്രജ്ഞന്മാരും — എന്തെല്ലാം ഭിന്നാഭിപ്രായങ്ങളെ അംഗീകരിച്ചുകൊണ്ടു പുറപ്പെട്ടാലും— സമ്മതിക്കുന്നു. എല്ലാമനുഷ്യരും സദാചാര[illegible] നി

ണ്ണയിക്കുന്നതിനുള്ള അന്ത്യപ്രമാണം ഫലരൂപമായി ട്ടുണ്ടാകുന്ന സുഖദുഃഖങ്ങളാകുന്നു. മദ്യപാനം ദോഷകരമാണെന്നു നാം വിചാരിക്കുന്നു; എന്തെന്നാൽ മദ്യപാനം ചെയ്യുന്നവന്നു ശാരീരകമായ ദോഷങ്ങളെയും അവയൊന്നിച്ചുണ്ടാകുന്ന കാൎയ്യാകാൎയ്യവിവേചനത്തിനുള്ള ശക്തിയില്ലായ്മ, ദുഷ്പ്രവൎത്തനം മുതലായ മാനസികദോഷങ്ങളെയും അതുണ്ടാക്കിത്തീൎക്കുന്നു; എന്നു മാത്രമല്ല അവരെ ആശ്രയിച്ചുകഴിയുന്നവരെയും കൂടി ഈ വക ദോഷങ്ങൾ ബാധിക്കുന്നു. കളവ് എന്ന പ്രവൃത്തി കക്കുന്നവന്നും നഷ്ടംകൊണ്ടവന്നും ഒരുപോലെ സുഖകരമായിരിക്കുമെങ്കിൽ അതിനെ പിന്നെ പാപകൎമ്മങ്ങളുടെ കൂട്ടത്തിൽ കണക്കാക്കുവാൻ പാടില്ല. ദയയോടുകൂടി ചെയ്യപ്പെടുന്ന കൎമ്മങ്ങൾ മനുഷ്യൎക്കു ദുഃഖത്തെ വർദ്ധിപ്പിക്കുകയാണ് ചെയ്യുന്നതെങ്കിൽ നാം അവയെ ആക്ഷേപാൎഹങ്ങളായി തള്ളിക്കളയണം— അവയെ സൽകൎമ്മങ്ങളായിട്ടു വിചാരിപ്പാൻ പാടില്ല. ഭരണകൎത്താക്കന്മാർ ഏൎപ്പെടുത്തുന്ന നിയമങ്ങളും രാജകീയമായ അന്യവ്യവഹാരങ്ങളും പരോപകാരതല്പരന്മാരായിട്ടുള്ളവരുടെ പ്രയത്നങ്ങളും ജനങ്ങൾ ഓരോരുത്തരും ചെയ്യുന്ന വിവിധവ്യവസായങ്ങളും സാധുവോ അസാധുവോ എന്നു നിർണ്ണയിക്കുന്നതു, മനുഷ്യൎക്കു [illegible] അവയിൽനിന്നുണ്ടാകുന്ന സുഖവൎദ്ധ

കരമായോ ദുഃഖവർദ്ധകമായോ ഉള്ള ഫലങ്ങളെ പ്രമാണമാക്കികൊണ്ടാകുന്നു; ഒരു വത്തമാനപ്പത്രത്തിലെ പ്രധാനലേഖനം വായിക്കുകയോ അല്ലെങ്കിൽ സാമുദായികവ്യവഹാരങ്ങളെപ്പററിയ ജനങ്ങളുടെ സംഭാഷണം കേൾക്കുകയോ ചെയ്യുന്നതുകൊണ്ടുതന്നെ ഈ സംഗതി നമുക്ക് എളുപ്പത്തിൽ മനസ്സിലാക്കാം. മുമ്പിട്ടുനിൽക്കുന്ന അപ്രധാനങ്ങളായ എല്ലാ അഭിപ്രായങ്ങളേയും വിവേചിച്ചു പരിശോധിച്ചുനോക്കിയതിന്റെശേഷം ഒരു പ്രവൃത്തിസാധുവോ അസാധുവോ എന്നു പരീക്ഷിച്ചറിയുന്നതിന്നു തജ്ജന്യ സുഖദുഃഖഫലങ്ങൾ തന്നെയാണു പ്രമാണം എന്നു നാം കാണുന്നുവെങ്കിൽ ശരീരവ്യാപാരങ്ങളെ മാത്രം തജ്ജന്യശുഭാശുഭഫലങ്ങളെ അനുസരിച്ചു സൽകമ്മങ്ങളുടേയോ ദുഷ്കമ്മങ്ങളുടേയോ കൂട്ടത്തിൽ കണക്കാക്കാതിരിപ്പാൻ പാടില്ല.

രണ്ടാമതായിട്ട്, ശരീരസംബന്ധമായ നിയമങ്ങളെ ലംഘിക്കാതിരിക്കാൻ വേണ്ടി പ്രകൃതിതന്നെ കൊടുക്കുന്ന "ശിക്ഷകളുടെ" സ്വഭാവം നോക്കുക. അതിലധികം നല്ലതായ ഒരുവാക്ക് കിട്ടാത്തതിനാൽ നാം അവയെ "ശിക്ഷകൾ" എന്നുതന്നെ പറയുന്നു. എന്തെന്നാൽ ശരിയായിട്ടുള്ള ശബ്ദാത്ഥം നോക്കുമ്പോൾ സ്വാഭാവികമായ ഈ വക പ്രതീകാരങ്ങൾ ശിക്ഷ

കളല്ല. അവ കൃത്രിമമായും അനാവശ്യമായുമുള്ള വേദനപ്പെടുത്തലല്ല; അവ ശരീരത്തിന്റെ സുഖസ്ഥിതിക്കു വിരോധമായിട്ടുള്ള പ്രവൃത്തികളെ വിലക്കുകമാത്രമേ ചെയ്യുന്നുള്ളു; അപ്രകാരമുള്ള വിലക്കങ്ങളില്ലെങ്കിൽ ശരീരത്തിന്നു കേടു തട്ടുകനിമിത്തം ജീവഹാനി ക്ഷണത്തിൽ വന്നുപോകും. സ്വാഭാവികമായ ഈ ശിക്ഷകൾക്ക്—അവയെ തൽക്കാലം അപ്രകാരംതന്നെ പറയുക—ഇങ്ങിനെ ഒരുവിശേഷമുണ്ട്. അവ അതാതുകർമ്മങ്ങളുടെ—അവയെ പിന്തുടൎന്നുകൊണ്ടുണ്ടാകുന്ന—അപരിഹാൎയ്യങ്ങളായ ഫലങ്ങൾ മാത്രമാകുന്നു. അവ കുട്ടികളുടെ അപരാധങ്ങൾക്ക് അനിവാൎയ്യങ്ങളായ പ്രതിക്രിയകൾ മാത്രമായിരിക്കുന്നതല്ലാതെ ഒട്ടുംതന്നെ കവിഞ്ഞുപോകുന്നില്ല.

ദുഃഖരൂപമായിരിക്കുന്ന ഈ പ്രതിക്രിയകൾ അപരാധങ്ങൾക്കനുരൂപമായിട്ടു മാത്രമേ സംഭവിക്കുന്നുള്ളുവെന്നുകൂടി ധരിക്കേണ്ടതാകുന്നു. നിസ്സാരമായ ഒരു അപകടത്തിന്നു നിസ്സാരമായ ദുഃഖം തൽഫലമായിട്ടുണ്ടാകുന്നു; അതിനേക്കാൾ കുറച്ചധികം ആപൽക്കരമായ ഒന്നിന്ന് കുറച്ചധികം കഠിനമായ ദുഃഖമുണ്ടാകുന്നു. ഉമ്മറപ്പടിതടഞ്ഞു വീഴുന്ന കുട്ടി, മേലിൽ കുറെക്കൂടി സൂക്ഷിച്ചുനടക്കുന്നതിന്നുവേണ്ടി, കുററത്തിന്നു വേണ്ടതിലധികം വേദനയനുഭവിക്കണമെന്നു ദൈവ

വിധിയില്ല. നിത്യപരിചയം കൊണ്ടു് അതു് തന്റെ തെററുകളുടെ ഗുരുലാഘവത്വങ്ങളെ കണ്ടുപഠിക്കുകയും അതനുസരിച്ചു നടക്കുകയും ചെയ്തുകൊള്ളട്ടെ എന്നാണു പ്രകൃതി വിധിച്ചിട്ടുള്ളതു്.

അവസാനമായിട്ടിനിയൊരു സംഗതി കൂടി മനസ്സിരുത്തി നോക്കുക. കുട്ടികളുടെ തെററായ പ്രവൃത്തികളെ പിന്തുടന്നുണ്ടാകുന്ന സ്വാഭാവികമായ ഈ പ്രതീകാരങ്ങൾ സ്ഥിരമായിട്ടുള്ളവയാകുന്നു; അവ നേരിട്ടുണ്ടാകുന്നവയും ലേശംപോലും സംശയിക്കാത്തവയുമാകുന്നു; അവയിൽനിന്നു രക്ഷപ്പെടുവാൻ നിവൃത്തിയുമില്ല. അവ കേവലം ഭീഷണിവാക്കുകളല്ല; മൌനമായും നിർദ്ദയമായുമുള്ള പ്രവൃത്തികൾ തന്നെയാകുന്നു. ഒരുകുട്ടി ഒരു മൊട്ടുസൂചിയെ അതിന്റെവിരലിൽ കുത്തിക്കയറെറിയാൽ ഉടനെ അതിനു വേദനയുണ്ടാകുന്നു. അതു് ആ പ്രവൃത്തിപിന്നേയും ചെയ്താൽ പിന്നേയും അതേഫലംതന്നെയുണ്ടാകുന്നു: ഇങ്ങിനെ എന്നും അചേതനവസ്തുക്കളായിട്ടുള്ള പെരുമാററത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലെന്നും തന്റെ തെററുകൾക്കു മാപ്പു കിട്ടുകയില്ലെന്നും അവസ്ക്കപ്പീൽവിചാരണയില്ലെന്നും ആ കുട്ടി മനസ്സിലാക്കുന്നു. സ്വാഭാവികമായ ഈ ശാസനം നിഷ്ഠുരവും എങ്കിലും ഹിതാവഹവുമാണെന്നു വേഗത്തിൽ അറിഞ്ഞിട്ടു് അതു് ആ വക പ്രകൃതിനിയമങ്ങളെ അതിക്രമിച്ചു നടക്കാതിരിപ്പാൻ അതികഠിനമായിട്ടു മനസ്സിരുത്തുന്നു.

ഈ സമാന്യതത്വങ്ങൾ ശൈശവത്തിലെന്നപോലെ പ്രായമായതിന്റെ ശേഷമുള്ള കാലങ്ങളിലും സ്ഥിരമായിട്ടു നിലനിന്നു പോരുന്നുവെന്ന സംഗതി ഓൎക്കുമ്പോൾ അവ കുറെക്കൂടി അൎത്ഥവത്തുക്കളായിട്ടു നമുക്കു തോന്നുന്നതാണു്. ഓരോ പരീക്ഷകളെക്കൊണ്ടു സിദ്ധിച്ചിട്ടുള്ള, സ്വാഭാവികമായ പ്രതീകാരങ്ങളുടെ, ജ്ഞാനംകൊണ്ടാണ് എല്ലാമനുഷ്യരും പലവിധ അപായങ്ങളിൽ നിന്നു രക്ഷപ്പെടുന്നതു്. ഗൃഹത്തിൽനിന്നു സിദ്ധിച്ചിരുന്ന വിദ്യാഭ്യാസമെല്ലാം അവസാനിക്കുകയും മേലിലുള്ള കാലക്ഷേപത്തിൽ അങ്ങിനെ നടക്കരുത്, ഇങ്ങിനെ നടക്കരുതു് എന്നു ശാസിപ്പാൻ പിതാക്കന്മാരും ഗുരുക്കന്മാരും ഇല്ലാതെ വരികയും ചെയ്യുമ്പോഴാണ് ശിശുക്കൾക്കു സ്വചേഷ്ടിതങ്ങളെ വേണ്ട വഴിക്കാക്കിത്തീൎക്കുവാൻ ശീലിപ്പിക്കുന്നതിന്നുള്ളതുപോലെയുള്ള ഒരു ശിക്ഷണസമ്പ്രദായത്തിന്റെ ആവശ്യം നേരിടുന്നതു്. ലോകവ്യവഹാരങ്ങളിൽ പ്രവേശിച്ചിട്ടുള്ള ഒരു യുവാവ് തന്റെ സമയം വെറുതെ കളയുകയും സ്വകൎത്തവ്യകൎമ്മങ്ങളെ സാവധാനത്തിലോ അകൗശലമായിട്ടോ നിറവേറുകയും ചെയ്യുന്നുവെങ്കിൽ തൽഫലമായി സ്വാഭാവികമായിട്ടുണ്ടാകുന്ന ശിക്ഷ അവനു കുറച്ചുകാലം കൊണ്ടനുഭവിക്കേണ്ടിവരുന്നു: അവൻ സ്വജോലിയിൽനിന്നു പുറത്താക്കപ്പെടുകയും അല്പകാലം ദാരിദ്ര്യംകൊ

ണ്ടുള്ള ദുഃഖത്തെ എത്രയൊ അനുഭവിക്കുകയും ചെയ്യു
ന്നു. തന്റെ ജോലിക്കും വിനോദത്തിന്നും ആയി നിയമി
ച്ചിട്ടുള്ള സമയങ്ങളെ എപ്പോഴും തെററിച്ചു ശീലിക്കു
ന്ന കൃത്യതയില്ലാത്ത മനുഷ്യന്നു തൽഫലമായി പല
അസൗകര്യങ്ങളും നഷ്ടങ്ങളും എത്രയൊ ദാരിദ്ര്യം
തന്നെയും തുടരത്തുടരെ സംഭവിച്ചുകൊണ്ടിരിക്കുന്നതാ
ണ്. അതിലാഭം ഇച്ഛിക്കുന്ന ഒരു കച്ചവടക്കാരന്നു ഇട
പാട്ടുകാർ ഇല്ലാതാകുന്നു; ആ വിധമുള്ള ഒരു അടക്കം
അയാളുടെ അത്യാഗ്രഹത്തിന്നു സ്വഭാവേന ഉണ്ടാകു
ന്നു. ചികിത്സയുടെ പ്രചാരം കുറഞ്ഞുവരുന്നുവെന്നു കാ
ണുമ്പോൾ അശ്രദ്ധനായ ഒരു വൈദ്യൻ തന്റെ രോഗി
കളുടെ കാര്യത്തിൽ അധികം ബുദ്ധിമുട്ടണമെന്നു പഠി
ക്കുന്നു. വിശ്വാസത്തോടുകൂടി എവർക്കും കടം കൊടുക്കു
ന്നവനും കാലദേശാദ്യവസ്ഥകളെ നോക്കാതെ അത്യാ
ശകൊണ്ടു ഓരോ വ്യാപാരങ്ങളിൽ ഏർപ്പെടുന്നവനും
കഥയില്ലായ്മനിമിത്തം പലദുർഘടങ്ങളിലും പെടുകയാൽ
വളരെ സൂക്ഷിച്ചിട്ടു മാത്രമേ മേലിൽ ആ വക കാര്യ
ങ്ങളിൽ പ്രവേശിക്കുവാൻ പാടുള്ളുവെന്നുള്ള പാഠം അ
വർ പഠിക്കുന്നു. ഇങ്ങിനെ ഏതൊരുവന്റെ കാലക്ഷേ
പത്തെ സംബന്ധിച്ചും ഈ തത്വം അവ്യഭിചാരമാ
യിട്ടിരിക്കുന്നു എന്നു ധരിക്കേണ്ടതാകുന്നു. "തീപ്പൊള്ളി
യ കുട്ടി തീ കണ്ടാൽ പേടിക്കുന്നു" എന്നു പലപ്പോഴും
എല്ലാവരും പറയാറുള്ള പഴഞ്ചൊല്ലും ഈ അഭിപ്രായ

ത്തെത്തന്നെ ദൃഢീകരിക്കുന്നു. മനുഷ്യർ അനുസരിക്കേണ്ട തായ ഈ വിധമുള്ള സാമുദായികശാസനത്തിനും ആദ്യ കാലങ്ങളിൽ ശിശുക്കൾക്കുള്ള പ്രകൃതിശാസനത്തിന്നും തമ്മിലുള്ള സാമ്യം ജനങ്ങൾക്കു പരക്കെ സമ്മതമാണ് എന്ന് ഇതുകൊണ്ടു നാം കാണുന്നുവെന്നു മാത്രമല്ല ഈ മാതിരിയിലുള്ള ശാസനം തന്നെയാണ് ഏററവും നല്ലതെന്നുള്ള വിശ്വാസത്തെ അവർ സൂചിപ്പിക്കുന്നതായിട്ടും കൂടി നാം കാണുന്നു. ഈ ഒരു വിശ്വാസത്തെ സൂചിപ്പിക്കുക മാത്രമല്ല തുറന്നു പറയുകതന്നെ ചെയ്യുന്നു. മുമ്പുണ്ടായിരുന്ന ചില ചീത്തനടവടികളെ ഉപേക്ഷിക്കുന്നതിന്ന് ദുസ്സഹമായ സ്വാനുഭവം തന്നെയാണ് കാരണം എന്നു മററുള്ളവർ സമ്മതിക്കുന്നതു എല്ലാവരും ഒററയ്ക്കൊററയ്ക്കു കേട്ടിട്ടുണ്ട്. ഒരു ധൂർത്തന്റെയോ ഒരു ദുരാചാരക്കാരന്റെയോ ദുഷ്പ്രവൃത്തികളെപ്പററി കുററം പറയുന്ന ഘട്ടത്തിൽ ഗുണദോഷം പറഞ്ഞിട്ടു കാര്യമില്ലെന്നും കഠിനമായ സ്വാനുഭവം കൊണ്ടല്ലാതെ—തൽഫലമായിട്ടുണ്ടാകുന്ന ഒഴിച്ചുകൂടാത്ത ദുഃഖാനുഭവം കൊണ്ടല്ലാതെ—വേറെ ഒന്നുകൊണ്ടും യാതൊരു ഫലവുമുണ്ടാകുന്നതല്ലെന്നും പലരും അഭിപ്രായപ്പെടുന്നതു് എല്ലാവരും കേൾക്കാറുണ്ട്. സ്വാഭാവികമായിട്ടുള്ള പ്രതീകാരങ്ങളാണ് ഈ വക വിഷയങ്ങളിൽ ഏററവും യോഗ്യമായിട്ടുള്ള ശാസനകൾ എന്നുമാത്രമല്ലാ മനുഷ്യർ ഏർപ്പെടുത്തീട്ടു

ട്ടുള്ള ശാസന സമ്പ്രദായങ്ങൾ ഒന്നും തന്നെ അവ
യോടു കിടപിടിക്കുവാൻ കഴിയുകയില്ല എന്നതിലേയ്ക്കു
വേണമെങ്കിൽ തെളിവുകൾ ധാരാളം ഇനിയുമുണ്ടു്; ഉ
ദാഹരണമായിട്ടു് ഇപ്പോൾ നടപ്പുള്ള ശിക്ഷാനിയമ
ത്തെ എടുത്തുനോക്കാം. അതു് എത്ര കുറച്ചുമാത്രമേ
ഫലിച്ചിട്ടുള്ളുവെന്ന വാസ്തവം ആലോചിച്ചു നോക്കു
മ്പോൾ മുമ്പറഞ്ഞ സംഗതി ശരിയാണെന്നു ബോദ്ധ്യ
പ്പെടുന്നതാണ്. ഓരോ രാജ്യങ്ങളിൽ നീതിശാസ്ത്ര
ജ്ഞന്മാരുടെ ആലോചനയോടുകൂടി നാനാവിധ ദണ്ഡ
വിധികളെ നിർമ്മിക്കുകയും നിയമാനുസാരേണ അവ
യെ നടപ്പാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവയിൽ ഒ
ന്നെങ്കിലും തത്തന്നിയമകർത്താക്കന്മാരുടെ ഉദ്ദേശ
ങ്ങളെ പൂർത്തിയായി നിറവേററിയിട്ടില്ല. മനുഷ്യക
ല്പിതങ്ങളായ ദണ്ഡവിധികൾ ദോഷനിവാര
ണ കാര്യത്തിൽ ഫലവത്തുക്കളായിത്തീൎന്നിട്ടില്ല
എന്നല്ല പല സംഗതികളിലും അവ നിമിത്തം
ദുഷ്ടത വർദ്ധിക്കുകയാണുണ്ടായിട്ടുള്ളത്. ദുഷ്ടന്മാ
രെ സച്ചരിതന്മാരാക്കുന്നതിന്നു് (ഓരോ രാജ്യങ്ങളിൽ)
ജനങ്ങൾ സ്വകാര്യമായി (അതായതു ഗവൎമ്മെൻറി
ൻെറ സഹായംകൂടാതെ) സ്ഥാപിച്ചിട്ടുള്ള ശിക്ഷാ
ശാലകളിലാണ് ഉദ്ദിഷ്ടകാര്യം അധികം ഫലവത്താ
യിക്കാണുന്നതു്; എന്തെന്നാൽ ആവക സ്ഥാപന
ങ്ങളിലെ ഭരണസമ്പ്രദായം പ്രകൃത്യാ ഉള്ള നിയന്ത്ര

സമ്പ്രദായത്തോട് ഒത്തിരിക്കുന്നുണ്ടു്. ദുരാചാരത്തിന്റെ ഫലമായി സ്വഭാവേന ഉണ്ടാകുന്ന ശിക്ഷയേ മാത്രമേ ഒരുവനെക്കൊണ്ടനുഭവിപ്പിക്കുന്നുള്ളു; ആവക ശാലകളിൽ ഒരു കുററക്കാരന്റെ സ്വാതന്ത്ര്യത്തെ പൊതുജനങ്ങൾക്കു ദോഷംതട്ടാതിരിക്കത്തക്കവണ്ണം മാത്രം കുറയ്ക്കുകയും ആ വിധം നിബന്ധനയോടുകൂടിയുള്ള കാലക്ഷേപത്തിൽ തന്റെ ഉപജീവനത്തിന്നു വേണ്ടതു സമ്പാദിപ്പാൻവേണ്ടി അവനെക്കൊണ്ടു വേലയെടുപ്പിക്കയും ചെയ്യുന്നു. ഇങ്ങിനെ, സ്വസ്വചേഷ്ടിതങ്ങളെ ക്രമപ്പെടുത്തുവാൻ ശിശുക്കളെ ശീലിപ്പിക്കുന്നതിന്നുള്ള ശിക്ഷാരീതിയും പ്രായംചെന്ന അധികപക്ഷംജനങ്ങളെ മര്യാദക്കിരുത്തുന്നതിന്നും അവരെ ഏറെക്കുറെ നന്നാക്കുന്നതിന്നുമുള്ള ശിക്ഷാരീതിയും ഒന്നുതന്നെയാണ് എന്നു നാം കാണുന്നു; അത്രയുമല്ല, കേവലം ദുർമ്മാർഗ്ഗികളായ യുവാക്കളെ ശാസിക്കുന്നതിന്നു മനുഷ്യർ ഏർപ്പെടുത്തിയിട്ടുള്ള ശിക്ഷാരീതി ഈശ്വരകല്പിതമായിരിക്കുന്ന ശിക്ഷാരീതിയിൽനിന്ന് എത്രത്തോളം ഭേദപ്പെട്ടിരിക്കുന്നുവോ അത്രത്തോളം അതു് നിഷ്ഫലമായിരിക്കുമെന്നും, നേരെ മറിച്ച് ആ രീതിയോടടുക്കുന്തോറും അതു് സഫലമായിത്തീർന്നുതുടങ്ങുമെന്നും നാം കാണുന്നു.

നയോപദേശകാര്യത്തിൽ മാർഗ്ഗപ്രദർശകമായ തത്വം അപ്പോൾ നമുക്കു് ഇതിൽനിന്നു സിദ്ധിക്കുന്നില്ലേ? ശൈശവകാലത്തിലും പ്രായമായതിന്റെ ശേഷവും ഫലംകൊണ്ടു് അത്യധികം ഹിതകരമായ ഒരു സമ്പ്രദായം യൌവനദശയിലും അതുപോലെതന്നെ ഹിതകരമായിരിക്കുമെന്നു നമുക്കനുമാനിച്ചുകൂടയോ? മനുഷ്യജീവിതത്തിന്റെ ആദ്യത്തെയും അവസാനത്തെയും അവസ്ഥകൾക്കു വളരെ നല്ലവണ്ണം യോജിച്ചിരിക്കുന്നതായ ഒരു 'സമ്പ്രദായം' മദ്ധ്യാവസ്ഥയിൽ യോജിക്കുകയില്ല എന്നു് ആർക്കെങ്കിലും വിശ്വസിക്കുവാൻ കഴിയുമോ? പ്രകൃതിനിയമങ്ങൾക്കു വിരോധമായി കുട്ടികൾ പ്രവൃത്തിക്കുന്നുവെങ്കിൽ അതാതപരാധങ്ങൾക്കനുരൂപമായിട്ടുള്ള സ്വാഭാവികമായ പ്രതീകാരങ്ങളെ അവരെക്കൊണ്ടനുഭവിപ്പിക്കണം; അവയെ തടുക്കുകയോ അല്ലെങ്കിൽ കുറേക്കൂടി കഠിനമാക്കുകയോ അതല്ലെങ്കിൽ അവയ്ക്കു പകരം കൃത്രിമമായ വേറെ ശിക്ഷകളെ അവർക്കു കൊടുക്കുകയോ ചെയ്യരുതു്". ഇതു "പ്രകൃതിനിയമങ്ങളെ വ്യാഖ്യാനിക്കേണ്ടവരും അവയെ നടത്തേണ്ടവരും" ആയ പിതാക്കന്മാരുടെ ചുമതലയാണു് എന്നതു സുവ്യക്തമല്ലേ? നിഷ്പക്ഷപാതികളായ വായനക്കാരാരുംതന്നെ ഇതെല്ലാം സമ്മതിപ്പാൻ സംശയിക്കുകയില്ല.

എന്നാൽ പലരും ഈ കാൎയ്യത്തിൽ ഇങ്ങിനെ പറയുമായിരിക്കാം:— ഒട്ടുമുഴുവൻ മാതാപിതാക്കന്മാരും ഇതു ചെയ്യുന്നുണ്ടല്ലോ—അവരുടെ ശിക്ഷകൾ മിക്കവാറും കുട്ടികളുടെ ദുർവൃത്തം കൊണ്ടുണ്ടാകുന്ന ഫലങ്ങൾ തന്നെയാണ്—ശകാരം തല്ലു മുതലായ പ്രവൃത്തികൾ വഴിക്കു പ്രകാശിക്കുന്ന അവരുടെ കോപം കുട്ടികളുടെ ദുസ്സാമൎത്ഥ്യത്തിന്റെ ഫലമാകുന്നു— കായികമായും മാനസികമായുമുള്ള ക്ലേശങ്ങൾ അനുഭവിക്കുമ്പോൾ അവ തങ്ങളുടെ ദുശ്ചേഷ്ടിതങ്ങളുടെ സ്വാഭാവികമായ പ്രതീകാരങ്ങളാണെന്ന് അവൎക്കു ബോധപ്പെടുകയും ചെയ്യുന്നു. ഈ അഭിപ്രായത്തിൽ വളരെ പിഴയുണ്ടെങ്കിലും കുറച്ചു വാസ്തവവും കൂടിയുണ്ട്. മാതാപിതാക്കന്മാരുടെ നീരസം കുട്ടികളുടെ അപരാധത്തിന്റെ ശരിയായ ഫലമാണെന്നും അതു പ്രകാശിപ്പിക്കുന്നതു് അവരുടെ അപ്രകാരമുള്ള അപരാധത്തിന്നു തക്കതായിട്ടുള്ള ഒരു വിലക്കമാണെന്നും ഉള്ളതിന്നു വാദമില്ല. വികൃതികാട്ടുന്ന കുട്ടികൾക്കു കോപിഷ്ഠന്മാരായ പിതാക്കന്മാരിൽനിന്നു കിട്ടുന്ന ശകാരവും ഭീഷണിവാക്കുകളും പ്രഹരങ്ങളും അവരുടെ വികൃതിനിമിത്തം ആ പിതാക്കന്മാരിൽനിന്നു വാസ്തവത്തിൽപുറപ്പെട്ടിട്ടുള്ള ഫലങ്ങളാണ് എന്നതിന്നു സംശയമില്ല; അതിനാൽ അവ അവരുടെ ദുസ്സാമൎത്ഥ്യത്തിന്നുള്ള സ്വാഭാവികമായ പ്രതീകാരങ്ങളുടെ കൂട്ടത്തിൽ വി

ചാരിക്കപ്പെടേണ്ടതാണെന്നു താനും. ചില സംഗതികളെ അപേക്ഷിച്ചുനോക്കുമ്പോൾ ഈ ശിക്ഷാരീതി ശരിയല്ലെന്നു പറവാനും ഞങ്ങൾ ഒരുക്കമില്ല. ബുദ്ധിസംസ്കാരവും വിനയാദിസംസ്കാരവും കുറവായിരിക്കുന്ന ജനങ്ങളുടെ താന്തോന്നികളായ കുട്ടികളെ അപേക്ഷിച്ചു അതു ശരിയാകുന്നു. അധികപക്ഷവും അപ്രകാരമുള്ള മൂഢജനങ്ങളെക്കൊണ്ടു നിറഞ്ഞിരിക്കുന്ന ഒരു സമുദായത്തിന്റെ അവസ്ഥയെ അപേക്ഷിച്ചുനോക്കുമ്പോഴും അതു ശരിയായിരിക്കുന്നു. രാജ്യപരിപാലനത്തിന്നും മററുമായിക്കൊണ്ടുള്ള സ്ഥാപനങ്ങൾ എന്നപോലെ തന്നെ വിദ്യാഭ്യാസസമ്പ്രദായങ്ങളും സാമാന്യേന മനുഷ്യസ്വഭാവത്തിന്റെ തൽക്കാലാവസ്ഥക്കനുരൂപമായിട്ടുമാത്രമേ സൃഷ്ടവായിരിക്കുവാൻ പാടുള്ളുവെന്നു ഞങ്ങൾ മുമ്പഭിപ്രായപ്പെട്ടിട്ടുണ്ടല്ലൊ. മഹാ അപരിഷ്കൃതന്മാരും ക്രൂരസ്വഭാവികളുമായ പിതാക്കന്മാരുടെ മുറാളക്കുട്ടികളെ അടക്കിയൊതുക്കി നടത്തുന്നതിന്നു അവർ സ്വഭാവേന പ്രയോഗിക്കുന്ന ക്രൂരസമ്പ്രദായം തന്നെയായിരിക്കും അധികം ഉചിതമായിരിക്കുക. അപ്രകാരമുള്ള മൂഢജനങ്ങളുടെ ഇടയിൽ പിന്നീടു കാലക്ഷേപം ചെയ്‌വാനുള്ള യോഗ്യത സമ്പാദിക്കുന്നതിന്നു അവൎക്കു ഏററവും നല്ലതു് ഈ വിധമുള്ള ക്രൂരസമ്പ്രദായങ്ങളെ അനുസരിക്കുക തന്നെ

യായിരിക്കും. നേരെമറിച്ചു ഒരു പരിഷ്കൃത ജനസമുദായത്തിലെ പരിഷ്കൃതജനങ്ങൾ സ്വഭാവേന തങ്ങളുടെ നീരസത്തെ പ്രകാശിപ്പിക്കുന്നതു അത്രതന്നെ കഠിനമായിട്ടാവുകയില്ല. കുറെക്കൂടി സൌമ്യമായിട്ടുള്ളി ഉപായങ്ങളെ—സൽസ്വഭാവികളായ തങ്ങളുടെ കുട്ടകൾക്കു കഠിനമായിരിക്കത്തക്കവണ്ണം മാത്രമായിട്ടുള്ള ഉപായങ്ങളെ—ആയിരിക്കും അവർ സ്വഭാവേന പ്രയോഗിക്കുക. ഇങ്ങിനെ, പിതാക്കന്മാർ തങ്ങളുടെ കുട്ടികളുടെ നേരെ പ്രകാശിപ്പിക്കുന്ന ഭാവത്തെ സംബന്ധിച്ചേടത്തോളം സ്വാഭാവികമായ പ്രതീകാരങ്ങളെ പ്രയോഗിക്കുക എന്ന തത്വത്തെത്തന്നെയാണ് എല്ലോഴും അവർ ഏറെക്കുറെ അനുവർത്തിക്കുന്നതു് എന്നതു വാസ്തവംതന്നെ. ഗൃഹഭരണസമ്പ്രദായവും ശരിയായ രീതിയിലേയ്ക്കുതന്നെയാണ് ചാഞ്ഞുവരുന്നതു്.

എന്നാൽ ഈ ഘട്ടത്തിൽ രണ്ടു മുഖ്യസംഗതികളെപ്പററി നിരൂപിക്കുവാനുണ്ടു്. അതിവേഗത്തിൽ ഓരോ മാററങ്ങൾ വന്നുകൊണ്ടിരിക്കുന്ന, നമുക്കനുഭവമുള്ളതുപോലെയുള്ള, ഒരവസ്ഥയിൽ—പഴയ അഭിപ്രായങ്ങളും നടവടികളും പുതിയ അഭിപ്രായങ്ങളും നടവടികളും തമ്മിൽ ഇടവിടാതെകണ്ടുള്ള കലഹം നടക്കുന്നതായിക്കാണുന്ന ഒരവസ്ഥയിൽ — ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസസമ്പ്രദായം ഇന്ന

ത്തെകാലത്തെയ്ക്കു് ഒട്ടധികം ഭേച്ഛയില്ലാതെ വ
രുവാനിടയുണ്ടു്; തത്തൽകാലോചിതമായി പണ്ടു നട
പ്പാക്കപ്പെട്ട ഓരോ നിയമങ്ങളേയും ആചാരങ്ങളേയും
ഇന്നുള്ള കുട്ടികൾ വേണ്ടതുപോലെ അനുസരിക്കാതിരി
ക്കുമ്പോൾ അവയിലുള്ള അത്യാദരവുനിമിത്തം പിതാ
ക്കന്മാർ പലരും അവരെ കഠിനമായി ശിക്ഷിക്കുന്നു; ആ
വക ശിക്ഷകൾ ശിക്ഷിക്കുന്നവരുടെ മനസ്സിന്നു തന്നെ
അതിയായ ശല്യമുണ്ടാക്കുകയും ആ കാരണത്താൽ ത
ന്നെ സ്വഭാവവിരുദ്ധമായ പ്രതികാരങ്ങളെ തങ്ങളുടെ
കുട്ടികളെക്കൊണ്ടനുഭവിപ്പിക്കുകയും ചെയ്യുന്നു. മറി
ച്ചു്, വേറെ ചില പിതാക്കന്മാർ തങ്ങളുടെ കുട്ടികൾ
ഉടനെതന്നെ കേമന്മാരാകണമെന്നു ഇച്ഛയുടെ ആധി
ക്യംകൊണ്ടു് അതിന്നു് അത്യന്തം വിപരീതമായി പ്ര
വൃത്തിക്കുന്നു ഇതാണു് ഒന്നാമത്തെ സംഗതി. രണ്ടാ
മത്തെ സംഗതിയെ പററിയാണു് ഇനി പറയുവാനുള്ള
തു്. മുഖ്യപ്രയോജനത്തോടുകൂടിയ ശിക്ഷണം എന്നതു
പിതാക്കന്മാരുടെ സമ്മതത്തിന്നോ വിസമ്മതത്തി
ന്നോ യോഗ്യമായിരിക്കത്തക്ക ഒരനുഭവവിശേഷമല്ല.
നേരെ മറിച്ചു, അവരുടെ അഭിപ്രായവും മാദ്ധ്യസ്ഥ്യ
വും ഇല്ലാതിരിക്കെ കുട്ടികളുടെ നടവടികളിൽ നിന്നു
താനെ ഉണ്ടാകുന്ന ഫലത്തിന്റെ അനുഭവമാകുന്നു.
പ്രകൃത്യാ സിദ്ധിക്കുന്ന പ്രതീകാരങ്ങളാണു് കുട്ടികൾ

ക്കു യഥാൎത്ഥത്തിൽ അറിവുണ്ടാക്കിക്കൊടുക്കുകയും ഹിതകരമായിരിക്കുകയും ചെയ്യുക; അല്ലാതെ പ്രകൃതിയുടെ സ്ഥാനത്തു നിന്നു കൊണ്ടു പിതാക്കന്മാർ കൊടുക്കുന്ന ശിക്ഷകളല്ല. ഈ വ്യത്യാസത്തെ ചില ഉദാഹരണങ്ങളെ കൊണ്ടു് വ്യക്തമാക്കുവാൻ ശ്രമിക്കാം; സ്വാഭാവികമായ പ്രതികാരങ്ങൾ എന്നതിനു ഞങ്ങൾ വിവക്ഷിച്ചിട്ടുള്ള അൎത്ഥമെന്താണെന്നും തദ്വിപരീതമായ കൃത്രിമങ്ങളായിട്ടുള്ളവക്കു എന്തൎത്ഥമാണു് വിവക്ഷിച്ചിട്ടുള്ളതെന്നും ആ വക ഉദാഹരണങ്ങൾ നമുക്കു കാണിച്ചു തരും; അതിന്നു പുറമെ, കുട്ടികളെ ശാസിച്ചു കൊണ്ടു നടക്കേണ്ട കാൎയ്യത്തിൽ നാം എപ്രകാരമാണു് പ്രവൃത്തിക്കേണ്ടതു് എന്നതിലേയ്ക്കു ചില സൂചനകളും അവ നമുക്കു തരുന്നതാണു്.

കൊച്ചു കുട്ടികളുള്ള കുഡുംബങ്ങളിൽ പല സാധനങ്ങളും അവിടവിടെ ചിന്നിച്ചിതറിക്കിടക്കുന്നതു കാണാറുണ്ടു്. കുട്ടികൾ കളിസാധനങ്ങൾ വെച്ചിട്ടുള്ള പെട്ടി തുറന്നു എല്ലാ സാധനങ്ങളെയും പുറത്തെടുത്തിട്ടു കളിക്കുന്നു; കളിച്ചു മുഷിഞ്ഞാൽ അവർ അവയെ അവിടെവിടെ തന്നെ ഇട്ടും വെച്ചു പോവുകയും ചെയ്യുന്നു. അല്ലെങ്കിൽ കുറെ പൂ പറിച്ചു കൊണ്ടു വന്നു അവയെ പിച്ചിപ്പൊളിച്ചു കസേലകളിന്മേലും മേശകളിന്മേലും വിതറിയിരിക്കുന്നതു കാണാം. അതല്ലെ

ങ്കിൽ പാവക്കുട്ടികൾക്കു ഉടുപ്പുണ്ടാക്കുക എന്നു പറഞ്ഞുകൊണ്ടു ഒരു പെൺപൈതൽ കീറത്തുണിക്കഷ്ണങ്ങളെക്കൊണ്ടു മുറിമുഴുവൻ ചണ്ടയാക്കുന്നു. ഇങ്ങനെയുള്ള മിക്ക സംഗതികളിലും നാനാവിധമാക്കീട്ടുള്ളതിനെ ശരിപ്പെടുത്തുവാനുള്ള ഭാരംവേണ്ട മിക്കില ല്ല ചുമത്തിക്കാണുന്നതു്. കുട്ടികളുടെ മുറിയിലാണെങ്കിൽ ആയമാർ തന്നെ 'വികൃതിക്കുട്ടികൾ' എന്നു പറഞ്ഞു വളരെ പിറുപിറുക്കലോടുകൂടി എല്ലാം നേരെയാക്കി വെയ്ക്കുന്നു; മാളികച്ചോട്ടിൽ എവിടെയെങ്കിലുമാണു് ചണ്ടയാക്കീട്ടുള്ളതെങ്കിൽ മുതിൎന്ന കുട്ടികളിൽ ആരെങ്കിലുമൊ 'വാലിയക്കാരത്തി'യോ ആണു് എല്ലാം വെടിപ്പാക്കുന്നതു്; അതോടുകൂടി ദുസ്സാമൎത്ഥ്യം കാണിച്ച കുട്ടിയെ കുറെ ശകാരിക്കുകയും ചെയ്യുമായിരിക്കും. എന്നാൽ കേവലം നിസ്സാരമാണ് ഈ സംഗതിയിൽ ശരിയായ മാൎഗ്ഗത്തെത്തന്നെ— ചണ്ടകളേയും കളിസാധനങ്ങളേയും ആ കുട്ടിയെക്കൊണ്ടുതന്നെ പെറുക്കിയെടുപ്പിക്കുക എന്ന മാൎഗ്ഗത്തെത്തന്നെ— ഏറക്കുറെ സ്ഥിരതയോടുകൂടി അനുവൎത്തിക്കത്തക്കവണ്ണം വിവേകമുള്ള പിതാക്കന്മാരും ധാരാളമുണ്ടു്. സാധനങ്ങളെ യഥാസ്ഥാനത്തു ക്രമപ്പെടുത്തിവെയ്ക്കുന്നതിനുള്ള പ്രയത്നം തന്നെയാണു് അവയെ ക്രമം തെററിച്ചിട്ടിട്ടുള്ളതിന്റെ ശരിയായ

യ ഫലം ഇത് കച്ചവടക്കാൎക്കു തങ്ങളുടെ കച്ചവട
സ്ഥലങ്ങളിലും ഗൃഹിണികൾക്കു സ്വസ്വ ഗൃഹങ്ങളി
ലും ദിവസംപ്രതി അനുഭവമുള്ള ഒരു സംഗതിയാകു
ന്നു. ജീവിതകൃത്യങ്ങളെ (ലോകവ്യവഹാരങ്ങളെ) യ
ഥാവിധി നിൎവ്വഹിക്കുന്നതിന്നുവേണ്ടത്തക്ക ഒരു ഒരു
ക്രമമാണ് വിദ്യാഭ്യാസമെങ്കിൽ കുട്ടികൾക്കും ആദ്യംമു
തൽക്കുതന്നെ ഈ സംഗതിയെപ്പററിയ അനുഭവം ദി
നംപ്രതിയുണ്ടായിരിക്കേണ്ടതാണ്. ചില വ്യക്തിക്കു
ട്ടികൾ സ്വാഭാവികമായ ശാസനയെ ഗണ്യമാക്കാ
തെ നടക്കുന്നുവെങ്കിൽ— (മുമ്പനുഷ്ഠിച്ചുവന്നിരുന്ന ന
യോപദേശസമ്പ്രദായം ചീത്തമട്ടിലായിരുന്നേടത്തെ
ല്ലാം അങ്ങിനെസംഭവിച്ചേക്കാം)—പിന്നെവേണ്ടത്,
പറഞ്ഞാൽ കേൾക്കായ്കനിമിത്തം പിന്നീടുണ്ടാകു
ന്ന ക്ലേശങ്ങളെ അവർതന്നെ അനുഭവിക്കട്ടെ
എന്നു വെയ്ക്കുകമാത്രമാകുന്നു. താൻതന്നെ അവിടവി
ടെ ചിതറിട്ടുള്ള സാധനങ്ങളെ പെറുക്കിയെടുത്തു
യഥാസ്ഥാനത്തു വെക്കുവാൻ ഒരു കുട്ടി കൂട്ടാക്കാതെ
യോ ശ്രദ്ധിക്കാതേയോ ഇരിക്കുകയും തന്നിമിത്തം അ
തു ചെയ്വാനുള്ള ബുദ്ധിമുട്ട് മറെറാരുവന്നാവുകയും
ചെയ്യുന്നുവെങ്കിൽ പിന്നെ ഒരിക്കലും ആകുട്ടിക്ക് അന്യ
നെ ഈവിധം ബുദ്ധിമുട്ടിപ്പിക്കുവാനുള്ള വഴിവെച്ചുകൊ
ടുക്കരുത്. പിന്നീട്ട എപ്പോഴെങ്കിലും അത് കുട്ടിക്കൊപ്പ

കൾ വെച്ചിട്ടുള്ള പെട്ടി ആവശ്യപ്പെട്ടപ്പോൾ അമ്മയു ടെമറുവടി ഇങ്ങിനെയിരിക്കണം: —"കഴിഞ്ഞതവണ നിനക്കു കളിസാധാനങ്ങൾ തന്നപ്പോൾ നീ അവയെ യെല്ലാം നിലത്തു ചിന്നിച്ചിതറിയിട്ടേച്ചുപോയി: * ജാനുവാണ് എല്ലാം പെറുക്കിയെടുത്തുവെച്ചതു്. നീ അവിടവിടെ ഇട്ടുകൊണ്ടുപോകുന്ന സാധനങ്ങളെ ദിവസേന പെറുക്കിയെടുക്കുവാൻ ജാനുവിന്നിടയില്ല; എന്നെക്കൊണ്ടു് അതു് സാധിക്കുകയുമില്ല. അതിനാൽ കളിച്ചുകഴിഞ്ഞതിന്റെ ശേഷം നിന്റെ കളിസാധന ങ്ങളെ നീ തന്നെ എടുത്തുവെയ്ക്കാത്തസ്ഥിതിക്കു ഞാൻ അവയെ നിനക്കു തരികയില്ല." ഇതാണ് അതി ന്റെ സ്വാഭാവികമായ ഫലം: കുററത്തിന്നടുത്ത ശി ക്ഷ; ഒട്ടുംതന്നെ കൂടുതലുമില്ല, കുറവുമില്ല. ഇതു് ഒരു കുട്ടി ആവിധംതന്നെ മനസ്സിലാക്കാതിരിക്കുകയുമില്ല; ക്രീഡോപകരണങ്ങളിലുള്ള ആഗ്രഹം അതികഠിന മായിട്ടുണ്ടായിരിക്കുന്ന സമയത്താണ് ഇച്ഛാഭംഗം എ ന്ന ശിക്ഷ അനുഭവിക്കുന്നത്. ഒരു വസ്തുവിൽ പുതിയ തായിട്ടൊരാഗ്രഹം ജനിക്കുക, അതു സാധിക്കുമ്പോൾ ഉണ്ടാകുന്ന സംതൃപ്തി മുമ്പിൽക്കൂട്ടിത്തന്നെ അനുഭവി ക്കുക എന്നീ ഘട്ടത്തിലാണ് ആ പുതിയ ആഗ്രഹ ത്തിന്നു ഭംഗം വരുന്നത്; അത് ആ കുട്ടിയുടെ ഉ

---

* Jane

ള്ളിൽ വല്ലാതെതട്ടുന്നു; മേലാലുള്ള അതിൻെറ നടവടിയിൽ തൽഫലം കാണാതിരിക്കുകയുമില്ല. സ്ഥിരതയോടുകൂടിയ ആവൎത്തനംകൊണ്ടു ആ ഫലം അതിൻെറ തെറവുകളെ കഴിയുന്നേടത്തോളം തീൎക്കുകയും ചെയ്യും. അതിന്നുംപുറമെ, നമ്മുടെ ഈ ലോകത്തിൽ സുഖം എന്നതു പ്രയത്നംകൊണ്ടുമാത്രമേ ശരിക്കു ലഭിക്കപ്പെടുകയുള്ളുവെന്നുള്ള പാഠവും ഇപ്രകാരമുള്ള അനുഭവംകൊണ്ടു ഒരു കുട്ടി കാലെതന്നെ പഠിക്കുന്നു.

ഇനി വേറെ് ഒരുദാഹരണമെടുക്കുക. വ്യായാമത്തിന്നായി കുട്ടികളെ പുറത്തിറക്കി നടത്തുവാൻ കൊണ്ടുപോകുന്ന സമയത്ത് തയ്യാറാകാത്ത ഒരു പെൺകുട്ടിയെ ശകാരിക്കുന്നതു ഞങ്ങൾ പലപ്പോഴും കേട്ടിട്ടുണ്ട്. തത്സമയത്തെ കളിയിലുള്ള ശ്രദ്ധ നിമിത്തം മററുള്ള കുട്ടികൾ തയ്യാറായിട്ടും * മാധവിക്കുട്ടിമാത്രം ആ കാൎയ്യമാലോചിച്ചില്ല. കുട്ടികളുടെ ഉപമാതാവിന്നും മററുള്ള കുട്ടികൾക്കും അവൾക്കുവേണ്ടി നിത്യം താമസിക്കേണ്ടിവന്നു. അമ്മ അവളെ നിത്യം ശകാരിക്കുകയും ചെയ്തിരുന്നു. ശകാരംകൊണ്ടു യാതൊരു ഫലവുമില്ല എന്നു കണ്ടിട്ടും സ്വഭാവേനയുള്ള ശിക്ഷയെ മാധവിയെക്കൊണ്ടനുഭവിപ്പിക്കുക എന്നതു് ആ അ

* Constance

മ്മയ്ക്കു് ഒരിക്കലും തോന്നിയില്ല. ആരൊ അതു സൂചിപ്പിച്ചപ്പോഠം അവഠം അതു പരീക്ഷിച്ചു നോക്കിയതുമില്ല. ലോകത്തിൽ മനുഷ്യൎക്കു നേടാവുന്നതായ ചില മെച്ചങ്ങഠം അജാഗ്രത നിമിത്തം നഷ്ടപ്പെട്ടുപോകുന്നതായി കാണുന്നുണ്ടു്. തീവണ്ടി പാസ്സാവുക, അല്ലെങ്കിൽ തീബോട്ടു് കരയിൽ നിന്നു തൽക്ഷണത്തിൽ നീക്കുക, ചന്തസ്ഥലത്തുള്ള നല്ല സാധനങ്ങളെല്ലാം വിററഴിഞ്ഞുപോവുക, അല്ലെങ്കിൽ നാടകം കാണുന്നതിന്നൊ മററൊ പോകണമെന്നുദ്ദേശിച്ചു ചെല്ലുമ്പോഠം നല്ല സ്ഥാനങ്ങളിലെല്ലാം ആളുകഠം നിറഞ്ഞിരിക്കുക—ഇങ്ങിനെ പല മെച്ചക്കറവുകളും മനുഷ്യൎക്കു് അജാഗ്രതനിമിത്തം സംഭവിക്കുന്നതായി കാണ്മാനുണ്ടു്. ഇപ്രകാരമുള്ള നഷ്ടങ്ങളും ക്ലേശങ്ങളും വരരുതു് എന്നുള്ള മുൻകരുതലാണ് മനുഷ്യരെ തത്തൽകാൎയ്യങ്ങളെ തക്ക സമയത്തു ചെയ്യുന്നതിന്നു സന്നദ്ധന്മാരാക്കിത്തീൎക്കുന്നതു് എന്നു് എപ്പോഴും സംഭവിച്ചുകൊണ്ടിരിക്കുന്ന പല സംഗതികളിൽ എല്ലാവൎക്കും കാണാവുന്നതാണ്. ഇതിൽ നിന്നുള്ള അനുമാനം സുവ്യക്തമായിരിക്കുന്നില്ലെ? മേലിൽ വന്നേയ്ക്കുമെന്നുള്ള മുൻകരുതലോടുകൂടിയ നഷ്ടങ്ങഠം ഒരു കുട്ടിയുടെ നടപടികളേയും നിയന്ത്രിക്കുന്നതിന്നു കാരണമായിത്തീൎന്നുകൂടാ എന്നുണ്ടോ? നിശ്ചിതസമയത്തു മാധവിക്കുട്ടി തയ്യാറാകുന്നില്ലായെങ്കിൽ അതുകൊണ്ടു

സ്വഭാവേന വന്നുകൂടുന്ന ഫലം അവളെ നടക്കുവാൻ കൊണ്ടുപോകാതിരിക്കുകയും അതുകാരണം അവൾക്കു അന്നത്തെ നടത്തം തരമാകാതിരിക്കുകയും തന്നെ. ഇങ്ങിനെ, മററുള്ള കുട്ടികൾ പറമ്പിലും പാടത്തും പോയി ഓരോ വിനോദങ്ങൾ അനുഭവിക്കുന്ന സമയത്തു അവൾ മാത്രം വീട്ടിൽ ഒന്നുരണ്ടുതവണ തന്നെയിരുന്നതിന്റെ ശേഷം—തന്റെ അജാഗ്രത നിമിത്തമാണു് അവരെപ്പോലെ തനിക്കും ആ വക വിനോദങ്ങൾ അനുഭവിപ്പാൻ തരമാകാഞ്ഞതു് എന്നനുഭവപ്പെട്ടതിന്റെ ശേഷം— അവൾക്കുള്ള ആ ദോഷം പക്ഷെ ഭേദപ്പെട്ടുമായിരിക്കും. എങ്ങിനെയായാലും ഈ ഉപായമായിരിക്കും എപ്പോഴുമുള്ള ശകാരത്തേക്കാൾ അധികം ഫലവത്തായിത്തീരുക; ശകാരം കുട്ടികളിൽ കർക്കശസ്വഭാവത്തെ ഉണ്ടാക്കിത്തീർക്കുകമാത്രമായിട്ടു കലാശിക്കുന്നതേയുള്ളൂ.

ഇനിവേറൊന്നു്. തങ്ങൾക്കു കിട്ടീട്ടുള്ള ഓരോ സാധനങ്ങളെ സാമാന്യത്തിലധികമുള്ള ഉദാസീനത നിമിത്തം കുട്ടികൾ ഉടയ്ക്കുകയോ കളയുകയോ ചെയ്യുമ്പോൾ അതിന്നുള്ള സ്വാഭാവികമായ ശിക്ഷ അവയില്ലാഞ്ഞാലുള്ള അസൗകര്യം തന്നെയാകുന്നു. പ്രായംചെന്നവരെ അധികം സൂക്ഷ്മമുള്ളവരാക്കിത്തീർക്കുന്നതിന്നുള്ള ശിക്ഷയും അതുതന്നെയാണു്. നശിക്കുക

യോ കേടുവരികയോ ചെയ്തിട്ടുള്ള സാധനത്തിൻെറ ഇല്ലായ്മകൊണ്ടുള്ള ബുദ്ധിമുട്ട്, അതിന്നുപകരം വേറൊന്നു സമ്പാദിക്കുന്നതിന്നു വേണ്ടിവരുന്ന ചെലവ് എന്നീ അനുഭവങ്ങളാണ് എല്ലാ സ്ത്രീപുരുഷന്മാരേയും ഈവക കാൎയ്യങ്ങളിൽ ജാഗ്രൂകന്മാരായിരിപ്പാൻ പഠിപ്പിക്കുന്നതു്. കുട്ടികളുടെ അനുഭവങ്ങളേയും വലിയവരുടെ അനുഭവങ്ങളോടു കഴിയുന്നതും അനുരൂപമാക്കിത്തീൎക്കണം—അവൎക്കൊരു പാഠമായിരിക്കത്തക്കവിധത്തിലാക്കിത്തീൎക്കണം. ശൈശവകാലത്തു ശിശുക്കൾ കളിസാധനങ്ങളെ, അവയിലുള്ള ഭൗതികധൎമ്മങ്ങളെ മനസ്സിലാക്കുന്നതിന്നുവേണ്ടി, പിച്ചിക്കീറാറുമുണ്ടു്; സൂക്ഷ്മക്കുറവുകൊണ്ടുണ്ടാകുന്ന ഫലമെന്താണെന്നറിവാൻ കഴിയാത്ത ഒരു കാലമാണതു്; അങ്ങിനെയുള്ള ശൈശവകാലത്തെ ഉദ്ദേശിച്ചല്ല ഞങ്ങൾ പറയുന്നതു്; ഓരോ സാധനങ്ങളുടെ ഗുണങ്ങളും പ്രയോജനവും മനസ്സിലായിത്തുടങ്ങീട്ടുള്ള (അല്പംകൂടി മൂതിൎച്ചു വന്ന) കാലത്തെപ്പററിയാണ്. ഒരു പേനക്കത്തികൊണ്ടു നടക്കുവാൻതക്ക പ്രായമായ ഒരാൺകുട്ടി അതിൻെറ അലകു മുറിയത്തക്കവണ്ണം സൂക്ഷ്മക്കുറവോടുകൂടി അതിനെ പെരുമാറുകയോ അല്ലെങ്കിൽ വേലിക്കൽ നിന്നു വടിവെട്ടിയതിൻെറ ശേഷം അവിടെ പുല്ലിൽ എങ്ങാനും അതു മറന്നിട്ടേച്ചുപോരുകയോ ചെയ്യുമ്പോൾ ആലോചനയില്ലാത്ത അവൻെറ കയ്യിൽ, അല്ലെങ്കിൽ

അവനെ അതിയായി ലാളിക്കുന്ന ഒരു ഫാച്ച്ക്കാരൻ, സാധാരണയായി അവന്ന് ഉടനെ തന്നെ വേറൊന്ന വാങ്ങിച്ചു കൊടുക്കുന്നു; ഈ പ്രവൃത്തികൊണ്ടു വളരെ വിലപിടിച്ചുതായ ഒരുപാഠം അവന്ന പഠിക്കുവാനുള്ള തിനെ വിലക്കുകയാണ് ചെയ്യുന്നതു് എന്ന അവർ കാണുന്നില്ല. ഈ ഘട്ടത്തിൽ അച്ഛൻ പേനക്കത്തി പണം കൊടുക്കാതെ കിട്ടുകയില്ലെന്നും പണം കിട്ടണ മെങ്കിൽ വേലചെയ്യണമെന്നും തരുന്ന കത്തികൾ മു റിച്ചു കേടുവരുത്തുന്ന ഒരുവന്ന പുതിയതായിട്ടുള്ളവ യെ വാങ്ങിത്തരുവാൻ തനിക്കു വകയില്ലെന്നും അതി നാൽ മേലിൽ വളരെ സൂക്ഷിക്കുമെന്ന തനിക്കു ബോ ദ്ധ്യം വരുന്നതുവരെ വേറെ ഒന്ന വാങ്ങിത്തരികയില്ല ന്നും മററും വിവരമായി പറഞ്ഞു് അവന്ന വേണ്ടപോ ലെ മനസ്സിലാക്കിക്കൊടുക്കണം. അധികമച്ചിലവു ചെയ്യുന്നതിനെ വിലക്കുവാനും ഇതേ മാതിരി ശാസ നം മതിയാകുന്നതാണ്.

പ്രതിപാദ്യവിഷയത്തെ ഉദാഹരിക്കുന്നതിന്ന് ഏറ്റ റവും സുഗമമായിരിക്കുന്നവെന്ന കാരണത്താലാണ് നിത്യപരിചയമുള്ള ഇങ്ങിനെ ചിലസംഗതികളെ തി രഞ്ഞെടുത്തതു്. കാൎയ്യസാദ്ധ്യത്തിന്നു യഥാൎത്ഥത്തിൽ യോഗ്യമായിട്ടുള്ളവ എന്ന ഞങ്ങൾവാദിക്കുന്ന സ്വാഭാ വികമായ ശിക്ഷകൾക്കും അവയ്ക്കു പകരം സാധാരണ

യായി നടത്തിവരുന്ന കൃത്രിമശിക്ഷകൾക്കം തമ്മിലുള്ള വ്യത്യാസത്തെ ഈ വക സംഗതികൾ എല്ലാവക്കും വ്യക്തമാക്കിത്തരുന്നുണ്ടല്ലോ. ഉദാഹരണസഹിതം മുൻപ്രതിപാദിക്കപ്പെട്ടിട്ടുള്ള തത്വത്തെ അടിസ്ഥാനമാക്കിക്കൊണ്ടുള്ള ഉൽകൃഷ്ടങ്ങളും സൂക്ഷ്മതരങ്ങളുമായ പ്രയോഗവിശേഷങ്ങളെ പ്രദശിപ്പിക്കുന്നതിന്നു മുമ്പായിട്ട് ഇപ്പോൾ മിക്ക കുഡുംബങ്ങളിലും നടപ്പുള്ള അശാസ്ത്രീയമായ സമ്പ്രദായത്തേക്കാൾ ഇതു് ഏതെല്ലാം വിധത്തിൽ എത്രത്തോളം മേലെയാണ് എന്നു നിരൂപിക്കുക.

മുമ്പറഞ്ഞ പ്രകാരമുള്ള പ്രകൃതിശാസനത്തെ അനുസരിക്കുന്നതുകൊണ്ടു കുട്ടികൾക്കു കായ്യകാരണസംബന്ധത്തിൻെറ ശരിയായ സ്വരൂപജ്ഞാനമുണ്ടാകുന്നുവെന്നതാണ് അതിന്നുള്ള ഒരു വിശേഷം; നിത്യമായും സ്ഥിരമായുമുള്ള അനുഭവം കൊണ്ടു പിന്നീടു ആ ജ്ഞാനം അധികം വ്യക്തവും പൂർണ്ണവുമായിത്തീരുന്നു. ഗുരുജനങ്ങളുടെ വാക്കിനെ പ്രമാണമാക്കിക്കൊണ്ടു് ഓരോ പ്രവൃത്തിഫലങ്ങളുടെ ഗുണദോഷങ്ങളെ കേവലം വിശ്വസിക്കുകമാത്രം ചെയ്യുമ്പോളത്തേക്കാൾ അവ ഇന്നിന്നവയാണ് എന്നു മനസ്സിലാകുമ്പോളാണ് ജീവിതത്തിൽ വേണ്ട വഴിക്കുള്ള നടവടി അധികം ഉറപ്പിക്കപ്പെടാവുന്നതു്. ഓരോ സാധനങ്ങളെ

വാരിവലിച്ചിടുന്നതുകൊണ്ടു് അവയെ ക്രമപ്പെടുത്തി
വെയ്ക്കേണ്ട ബുദ്ധിമുട്ടുണ്ടാകുമെന്നും അല്ലെങ്കിൽ ദീഘ
സൂത്രതകൊണ്ടു് ഒരു സുഖാനുഭവത്തിനുള്ള ലാക്കു
കൈവിട്ടുപോകുന്നുവെന്നും അല്ലെങ്കിൽ താൻ സാര
മായി കണക്കാക്കിയിരുന്ന ഒരു സാധനം തന്റെ ഉ
പേക്ഷകൊണ്ടു കിട്ടുവാൻ തരമാകുന്നില്ലെന്നും കാണു
ന്ന ഒരു കുട്ടി ഉള്ളിൽ വല്ലാതെ തട്ടത്തക്കവണ്ണമുള്ള ഒ
രു ഫലമനുഭവിക്കുന്നുവെന്നു മാത്രമല്ല അതോടുകൂടി
കായ്യകാരണങ്ങളുടെ സംബന്ധജ്ഞാനവും കൂടി അതി
നുണ്ടാകുന്നുണ്ടു്. അപ്രകാരമുള്ള കാരണവും അതിൽ
നിന്നുണ്ടാകുന്ന കായ്യവും രണ്ടും പ്രായമാകുമ്പോഴും
സംഭവിക്കുന്നതുപോലെയുള്ളവതന്നെയാകുന്നു. എ
ന്നാൽ അപ്രകാരമുള്ള സംഗതികളിൽ ആ കുട്ടിക്കു ശ
കാരമോ കൃത്രിമമായ എന്തെങ്കിലും ശിക്ഷയൊ ആണു്
കിട്ടുന്നതെങ്കിൽ മേലിൽ ശ്രദ്ധയ്ക്കു വിഷയമാകാത്ത
തായ ഒരു ഫലത്തെ അതനുഭവിക്കുന്നുവെന്നു മാത്രമ
ല്ല നല്ല നടവടിയുടേയും ചീത്ത നടവടിയുടേയും മുഖ്യ
മായ സ്വഭാവത്തെപ്പററി ഒരു പാഠം പഠിക്കുവാനുള്ള
തരവും അതിനില്ലാതാകുന്നു; മറെറ വിധത്തിലായിരു
ന്നുവെങ്കിൽ ആ പാഠം അതു പഠിക്കുമായിരുന്നു. കൃത്രി
മമായ രക്ഷാശിക്ഷകളെ കൊടുക്കുക എന്ന സാധാര
ണസമ്പ്രദായത്തിനു് ഇങ്ങിനെ ഒരു ദോഷമുണ്ടു്;
അതു വിവേകികൾ മുമ്പുതന്നെ കണ്ടിട്ടുള്ളതാണു

താനും: ദുരാചരണത്തിൽ നിന്നുണ്ടാകുന്ന സ്വാഭാവിക
മായ ഫലങ്ങൾക്കു പകരം വേറെ ശിക്ഷകൾ ഏല്പിക്കു
ന്നതുകൊണ്ടു സദാചാരവിഷയത്തിൽ തീരെ തെററാ
യ ഒരു തോതു് ആ സമ്പ്രദായം ഉണ്ടാക്കിത്തീക്കുന്നു.
അരുതാത്തതു ചെയ്താലത്തെ മുഖ്യഫലം പിതാക്കന്മാ
രുടേയും ഗുരുക്കന്മാരുടേയും നീരസമാണ് എന്നു ശൈ
ശവത്തിലും ബാല്യത്തിലും സർവ്വദാ വിചാരിച്ചുപോ
ന്നതിന്റെ ശേഷം യൌവനത്തിങ്കൽ ഒരുവന്നു് അപ്ര
കാരമുള്ള പ്രവൃത്തികളും അപ്രകാരമുള്ള നീരസത്തിന്നും
തമ്മിൽ കാരണകാര്യങ്ങൾ എന്ന നിലയിലുള്ള ഒരു
സ്ഥിരസംബന്ധത്തിന്റെ ജ്ഞാനം ഉണ്ടാകുന്നു. അ
ങ്ങിനെയിരിക്കെ പിതാക്കന്മാരുടേയും ഗുരുക്കന്മാരുടേ
യും ശാസനം ഇല്ലാതാവുകയും അവരുടെ നീ
രസത്തെപ്പററി ഭയപ്പെടുവാനില്ലെന്നു വരികയും
ചെയ്യുന്നകാലത്തു് നിഷിദ്ധകർമ്മങ്ങൾക്കുള്ള പ്രരോ
ധങ്ങൾ ഒട്ടറെനീങ്ങിപ്പോകുന്നു: യഥാർത്ഥമായിട്ടുള്ള
നിരോധങ്ങൾ, അതായതു സ്വാഭാവികമായ പ്രതീ
കാരങ്ങൾ, (ഇന്നവയാണെന്നു്) അവക്കു ദുഃഖാനുഭവം
കൊണ്ടു പിന്നേയും പഠിക്കേണ്ടതായിട്ടു തന്നെയിരി
ക്കുന്നു. ആലോചനാപൂർവ്വകമല്ലാത്ത ഈ സമ്പ്രദായ
ത്തെപ്പററി സ്വാനുഭവമുള്ള ഒരാൾ ഇങ്ങനെ എഴു
തിയിരിക്കുന്നു:—"സ്കൂളിൽനിന്നുവിട്ടുപോന്നിട്ടുള്ള ചെ
റുപ്പക്കാർ—വിശേഷിച്ച് സ്വശാസനയെ പ്രയോഗി

ക്കുന്ന കാര്യത്തിൽ ഉപേക്ഷചെയ്യിട്ടുള്ള പിതാക്കന്മാരുടെ കുട്ടികൾ— പലപ്രകാരേണയുള്ള ദുർന്നടപ്പിൽ ചെന്നുചാടുന്നു; വിധിനിഷേധങ്ങളുടെ സ്വാതന്ത്ര്യജ്ഞാനം അവർക്കില്ല. സദാചാരത്തിന്റെ പ്രയോജനം എന്താണെന്നവർക്കറിഞ്ഞുകൂട; അവർക്ക് അവലംബിക്കുന്നതിന്നായിട്ടൊരടിസ്ഥാനവുമില്ല; ലോകരാൽ തന്നെ കഠിനമായി ശിക്ഷിക്കപ്പെടുന്നതുവരെ ആ കൂട്ടർ ജനസമുദായത്തിലേയ്ക്കു് ഏററവും ഭയങ്കരന്മാരായിട്ടു തീരുകയും ചെയ്യുന്നുണ്ടു്.'

സ്വാഭാവികമായിട്ടുള്ള ഈ നിയന്ത്രണം ഏററവും നീതികരമായിരിക്കുമെന്നതാണ് അതിന്നുള്ള വേറൊരു വലിയമെച്ചം; അതു് അപ്രകാരമാണ് എന്നു് എല്ലാ കുട്ടികൾക്കും മനസ്സിലാവുകയും ചെയ്യും. എവൻ, താൻചെയ്ത കുററത്തിന്നു തക്കതായിട്ടു സ്വഭാവേന ഉണ്ടാകുന്ന ശിക്ഷയിലധികമൊന്നും അനുഭവിക്കുന്നില്ലയോ അവന്നു്, തന്നെ അന്ന്യായമായി ദണ്ഡിപ്പിച്ചുവെന്നുള്ള പരിഭവം അത്രതന്നെയുണ്ടാവാൻ വഴിയില്ല; എന്നാൽ അവൻതന്നെ കൃത്രിമമായിട്ടുള്ള ഒരുശിക്ഷയാണനുഭവിക്കുന്നതെങ്കിൽ അവന്നു് അങ്ങിനെ ഒരു പരിഭവം തോന്നുവാൻ എളുപ്പമാണുതാനും. വലിയവരെ സംബന്ധിച്ചെന്നപോലെ കുട്ടികളെ സംബന്ധിച്ചും ഈ സംഗതി ശരിയായിരിക്കുന്നതാണ്. തന്റെ ഉടുപ്പിൽ ലേശംപോലും ശ്ര

ധവെച്ചു ശീലിക്കാത്ത ഒരു ബാലന്റെ സംഗതി എടുക്കുക. അവൻ മാടത്തിന്മേൽ പൊത്തിപ്പിടിച്ചു കയറുന്നു; ഒട്ടുംതന്നെ സൂക്ഷിക്കാതെ വേലിക്കഴിയിൽ കൂടി കടന്നുപോകുന്നു. ഉടുപ്പിൽ ചെളിയാകുന്നുണ്ടൊ എന്ന നോട്ടം തന്നെയില്ല. അവനെ പിടിച്ചുതല്ലുക യൊ അകത്തേയ്ക്കു പറഞ്ഞയയ്ക്കുകയൊ ചെയ്യുന്നുവെങ്കിൽ വെറുതെയെങ്കിലും ഉപദ്രവിച്ചുവെന്നായിരിക്കും അവൻ വിചാരിക്കുക; തന്റെ അപരാധങ്ങളെപ്പററി പശ്ചാത്താപപ്പെടുന്നതിനെക്കാൾ അധികം തനിക്കു കിട്ടീട്ടുള്ള തല്ലിനെപ്പററി വിചാരിച്ചു പരിഭവിക്കുകയായിരിക്കും അവൻ ചെയ്യുക. മറിച്ചു, അവൻ ചെയ്യു അപകടത്തെ കഴിയുന്നത്തും നേരെയാക്കി ശരിപ്പെടുത്തുന്നതിന്നു അവനോടുതന്നെ ആവശ്യപ്പെടുന്നുവെന്നു വിചാരിക്കുക—മേലൊക്കെ ആക്കീട്ടുള്ള ചെളികഴുകിക്കളഞ്ഞു വൃത്തിയായിട്ടു വരുവാനും മുണ്ടു കീറീട്ടുള്ളതിനെ താനെ തുന്നിക്കുത്തി കഴിയുന്നത്തും നേരെയാക്കുവാനും പിതാക്കന്മാർ അവനോടു കല്പിക്കുന്നുവെന്നു വിചാരിക്കുക. ഈ അനത്ഥമെല്ലാം താൻതന്നെ വരുത്തിക്കൂട്ടിയതാണ് എന്നു അപ്പോൾ അവന്നുതന്നെ തോന്നുകയില്ലേ? ഈ ശിക്ഷ അനുഭവിക്കുമ്പോൾ അതിന്നും തൽകാരണത്തിന്നും തമ്മിലുള്ള സംബന്ധത്തിന്റെ ജ്ഞാനം അവന്നു എപ്പോഴും ഉണ്ടായിരിക്കുകയില്ലെ? തൽക്കാലം ദേഷ്യം തോന്നുമെങ്കിലും യഥാക്രമമുള്ള

ഈ ഘടനയുടെ ന്യായ്യതയെ അവൻ ഏറക്കുറെ വ്യ
ക്തമായിട്ട മനസ്സിലാക്കുകയില്ലേ? ഈ തരത്തിലുള്ള
പാഠങ്ങൾ പലതുംകൊണ്ടു ഗുണകരമായ ഫലമൊന്നു
മുണ്ടാകുന്നില്ല എങ്കിൽതന്നെ—വസ്ത്രങ്ങൾ പിന്നേയും
അവൻ വേഗത്തിൽ കേടു വരുത്തുന്നുവെങ്കിലും – അ
ച്ഛൻ ഈ നിയന്ത്രണസമ്പ്രദായത്തെത്തന്നെ അനുസ
രിച്ചുകൊണ്ടു പതിയായിട്ടെടുത്തു കൊടുക്കുന്നതിന്നുള്ള
കാലം വരുന്നതിന്നു മുമ്പായിട്ടു പുതിയ വസ്ത്രങ്ങൾക്കാ
യി ചെലവുചെയ്യാൻ കൂട്ടാക്കുന്നില്ല എങ്കിൽ—അതി
ന്നിടയ്ക്കു വിശേഷദിവസങ്ങൾ വരുമ്പോൾ നല്ലവ
സ്ത്രമില്ലായ്കയാൽ കുഡുംബത്തിലുള്ള ശേഷംപേരൊ
രുമിച്ചു പുറത്തേയ്ക്കുപോകുവാൻ അവന്നു തരമാകുന്നി
ല്ല എങ്കിൽ, ആ ശിക്ഷ തൽക്കാലം അവൻെറ ഉ
ള്ളിൽ കഠിനമായി തട്ടുന്നതോടുകൂടി കാര്യകാരണങ്ങ
ളുടെ ഗതി ഇന്നപ്രകാരമാണ് എന്നു് അവൻ കണ്ടു
പിടിക്കാതിരിക്കുകയില്ല എന്നും തൻെറ സ്വന്തം സൂ
ക്ഷ്മക്കുറവുതന്നെയാണ് ഈ അനൎത്ഥത്തിന്നു കാര
ണമെന്നു കാണാതിരിക്കുകയില്ല എന്നും ഉള്ള സംഗ
തി വ്യക്തമാകുന്നുണ്ടു്. ഇപ്രകാരം അവൻ കാണു
മ്പോൾ, കുററത്തിന്നും ശിക്ഷയ്ക്കും തമ്മിൽ സ്പഷ്ടമായ
ഒട്ടാത്ത സംബന്ധമില്ലാത്തപോലെയുള്ള, അന്യായമാ
യിത്തന്നെ ദണ്ഡിപ്പിച്ചുവെന്ന, ഒരു ബോധം അവ
ന്നു പിന്നെ ഉണ്ടാവുകയില്ല.

അതിന്നും പുറമെ, ഈ സമ്പ്രദായമനുസരിക്കുമ്പോൾ പിതാക്കന്മാരുടെയും കുട്ടികളുടെയും ചിത്താക്ഷോഭിക്കുന്നതിന്നുള്ള ഇടസ്സാധാരണസമ്പ്രദായമനുസരിക്കുമ്പോളത്തേക്കാൾ വളരെ കുറച്ചുമാത്രമേ ഉണ്ടാകുന്നുള്ളു. ദുരാചരണംകൊണ്ടു സ്വഭാവേന വന്നുകൂടുന്ന ദുഃഖഫലത്തെ കുട്ടികളെക്കൊണ്ടനുഭവിപ്പിക്കുന്നതിന്നു പകരം പിതാക്കന്മാർ തന്നെ വേറെ ചില ദുഃഖഫലങ്ങളെ അവരെക്കൊണ്ടനുഭവിപ്പിക്കുന്നുവെങ്കിൽ അവ രണ്ടുപ്രകാരത്തിലുള്ള അനൎത്ഥത്തെ ഉണ്ടാക്കുന്നു. കുഡുംബസംബന്ധമായിട്ടുള്ള ശാസനാനിയമങ്ങളെ അവർ അനാവശ്യമായി വർദ്ധിപ്പിക്കുന്നു; ആ വക നിയമങ്ങളെ അനുസരിച്ചു നടത്തിക്കേണ്ട ഭാരം തങ്ങൾക്കാണെന്നു ഗൌരവമായിട്ടഭിമാനിക്കുന്നു; അങ്ങിനെ വരുമ്പോൾ ആ നിയമങ്ങളുടെ ലംഘനമോരോന്നും തങ്ങളുടെ നേരെയുള്ള ധിക്കാരമാണെന്നു തങ്ങളുടെ കോപത്തിന്നു ഒരു കാരണം അതാണെന്നും അവർ വിചാരിക്കുന്നു. അതുകൊണ്ടുമായില്ല. കുററം ചെയ്തവരെക്കൊണ്ടുതന്നെ അനുഭവിപ്പിക്കേണ്ടതായ അനൎത്ഥഫലങ്ങളെ—അധികപ്രയത്നം അല്ലെങ്കിൽ അധികച്ചിലവു് എന്നീവിധമുള്ള അനൎത്ഥഫലങ്ങളെ—തങ്ങൾതന്നെ ഏൽക്കുകനിമിത്തം ഉണ്ടാകുന്ന അസഹ്യതകളും അവൎക്കു വന്നു ചേരുന്നു. കുട്ടികളെ സംബന്ധിച്ചും ഇപ്രകാരം തന്നെ. ഓരോ അപരാധങ്ങൾ

ക്ക പ്രതീകാരമായി സ്വഭാവേന അവശ്യം സംഭവിക്കുന്നതായ ശിക്ഷകൾ—മനുഷ്യകല്പിതങ്ങളല്ലാത്ത ശിക്ഷകൾ—നിമിത്തം ഉണ്ടാകുന്ന സന്താപം അത്രതന്നെ സാരമായിരിക്കുകയില്ല; അതു അത്രതന്നെ നിലനിൽക്കുകയുമില്ല. നേരെമറിച്ചു, മാതാപിതാക്കന്മാർ സ്വമേധയാ ഏല്പിക്കുന്നതും അവർ കാരണത്താലെയാണ് എന്നു കുട്ടികൾ പിന്നീടു വിചാരിക്കുന്നതും ആയ ശിക്ഷകൾ അധികം ശക്തിയോടുകൂടിയതും അധികകാലം തുടർന്നു നിൽക്കുന്നതുമായ സന്താപത്തെ ഉണ്ടാക്കിത്തീർക്കുന്നു. നാട്ടുനടപ്പുപ്രകാരമുള്ള ഈ സമ്പ്രദായത്തെ ആദ്യംമുതൽക്കുതന്നെ അനുവർത്തിക്കുന്നതായിരുന്നാലത്തെ ഫലം എത്രതന്നെ അനൎത്ഥാവഹമായിരിക്കുമെന്നു വിചാരിച്ചുനോക്കുക. അറിവില്ലായ്മനിമിത്തവും പ്രവൎത്തിസാമൎത്ഥ്യമില്ലായ്മകൊണ്ടും കുട്ടികൾക്കു വന്നുകൂടേണ്ട കായികമായ ക്ലേശങ്ങളെ മാതാപിതാക്കന്മാർതന്നെ ഏറ്റെടുക്കുവാൻ കഴിയുകമെന്നു വിചാരിക്കുക; അവർ ആ ദുഃഖഫലങ്ങളെ അനുഭവിക്കുകയും, കുട്ടികൾ കാട്ടിയതു ശരിയായില്ല എന്നുള്ള പാഠം അവരെ പഠിപ്പിക്കുന്നതിന്നുവേണ്ടി അവൎക്കു വേറെ ചില ശിക്ഷകൾ കൊടുക്കുകയും ചെയ്യുന്നുവെന്നും വിചാരിക്കുക. അടുപ്പത്തുകിടക്കുന്ന കെറ്റൽ പാത്രം തൊടരുത് എന്നുപറഞ്ഞതു കേൾക്കാതെ ഒരു കുട്ടി അതിന്റെ കാലിന്മേൽ തിളച്ചവെള്ളം തട്ടിമ

റിച്ചപ്പോൾ അമ്മ ഒരു പ്രതിനിധിയുടെ നിലയിൽ ആ പൊള്ളല് കയ്യേററുകൊണ്ടു് പകരം ആ കുട്ടിക്കു ഒരു പിടകൊടുത്തുവെന്നു വിചാരിക്കുക. അങ്ങിനെയാവാമെങ്കിൽ ദിവസേന ഉണ്ടായിക്കൊണ്ടിരിക്കുന്ന അനൎത്ഥങ്ങൾ ഇപ്പോഴത്തെക്കാൾ വളരെ അധികം കോപത്തിന്നു കാരണങ്ങളായിത്തീരുകയില്ലെ? രണ്ടുഭാഗത്തും ക്രമേണ വൎദ്ധിക്കുന്നതായ ദുശ്ശീലം ഉണ്ടായിത്തീരുകയില്ലയൊ? അങ്ങിനെയാണെങ്കിലും ശരിക്കു തുല്യമായ ഒരു നയമാണ് പിന്നീടും അനുവൎത്തിക്കപ്പെടുന്നതു്. സൂക്ഷ്മക്കുറവുകൊണ്ടൊ മനഃപൂൎവ്വമായിട്ടൊ സ്വസഹോദരിയുടെ പാവയെ തട്ടിയുടച്ചതിന്നു തന്റെ മകനെ അടിക്കുകയും ഉടനെ തന്നെ ഒരു പുതിയ പാവ വാങ്ങിക്കുവാൻ താൻ തന്നെ പണം കൊടുക്കുകയും ചെയ്യുന്ന ഒരു പിതാവു് വാസ്തവത്തിൽ ഇതുതന്നെയാണ് പ്രവൃത്തിക്കുന്നത്— കുററം ചെയ്തവന്നു കൃത്രിമമായ ഒരു ശിക്ഷകൊടുക്കുകയും സ്വഭാവേനയുണ്ടാകുന്ന ശിക്ഷ താൻതന്നെ ഏല്ക്കുകയും ചെയ്യുന്നു; തത്സമയം അയാളുടെ സ്വന്തം ചിത്തവൃത്തികളും കുററക്കാരന്റെ ചിത്തവൃത്തികളും ഒന്നുപോലെ അനാവശ്യമായി ക്ഷോഭിക്കുകയും ചെയ്യുന്നു. നഷ്ടം പോകുന്നതിന്നുള്ളതു മാത്രമെ അയാൾ ആവശ്യപ്പെട്ടിരുന്നുള്ളുവെങ്കിൽ വളരെ കുറച്ചുമാത്രം മനസ്താപമേ ഉണ്ടാകുമായിരുന്നുള്ളു. അവന്റെ (മകന്റെ) സ്വ

ന്തം ചെലവിന്മേൽ ഒരു പുതിയ പാവയെ വാങ്ങി
ക്കൊടുക്കണമെന്നും അതിന്നു വേണ്ടിവരുന്ന സംഖ്യ
സ്വന്തം പണത്തിൽ നിന്നു് (അവന്റെ പോക്കററുമ
ണിയിൽ നിന്നു) കിഴിച്ചുകളയുമെന്നും അയാൾ തന്റെ
മകനോടു പറഞ്ഞിരുന്നെങ്കിൽ ഇരുഭാഗത്തും അതി
ന്നേക്കാൾ വളരെ കുറച്ചുമാത്രം ചിത്തക്ഷോഭമേ ഉ
ണ്ടാകുമായിരുന്നുള്ളു; പിന്നീടു് ആ പണം കിട്ടാതിരിക്കു
മ്പോൾ ന്യായമായും ഹിതകരമായുമുള്ള ഒരു ഫലം
ആ കുട്ടി അനുഭവിക്കുകയും ചെയ്യുന്നു. ചുരുക്കിപ്പ
റയുന്നതായാൽ സ്വാഭാവികപ്രതീകാരങ്ങൾ വഴിക്കുള്ള
നിയന്ത്രണ സമ്പ്രദായം ദുസ്സ്വഭാവത്തെ അത്രതന്നെ
ഉണ്ടാക്കിത്തീക്കുകയില്ല; എന്തെന്നാൽ അവ ന്യായ
മായിട്ടുള്ളവയാണെന്നും സ്വഭാവേന വന്നുകൂടുന്നവ എ
ന്നല്ലാതെ പിതാക്കന്മാരൊ മററൊ വരുത്തിക്കൂട്ടുന്നവ
യല്ലെന്നുമുള്ള ബോധം കുററം ചെയ്യുവന്നുണ്ടാകുന്നു.

ഈ സമ്പ്രദായത്തെ അനുവത്തിക്കുന്നതുകൊണ്ടു
അച്ഛനമ്മമാക്കും മക്കൾക്കും തമ്മിലുള്ള ബന്ധം അ
ധികം സ്നേഹത്തോടുകൂടിയതായിരിക്കെ അധികം ശ
ക്തിയോടുകൂടിയതായിട്ടും ഭവിക്കും എന്നുള്ള സംഗതി
കൂടി മുമ്പറഞ്ഞതിൽ നിന്നു സിദ്ധമാകുന്നുണ്ടു്. പി
താവിൽ നിന്നുത്ഭവിക്കുന്നതാകട്ടെ കുട്ടിയിൽ നിന്നുത്ഭ
വിക്കുന്നതാകട്ടെ ക്രോധം എന്നതു്, എന്തു നിമിത്തമു

ങ്ങളായതായാലും ആരുടെ നേർക്കായാലും, അനത്ഥാവഹമാകുന്നു. എന്നാൽ മക്കളുടെ നേരെ അച്ഛനമ്മമാക്കുള്ള കോപവും അവരുടെ നേരെ മക്കൾക്കുള്ള കോപവും രണ്ടും വിശേഷിച്ചും അനത്ഥകരമാകുന്നു; എന്തെന്നാൽ അത് ഹിതാവഹമായ നിയന്ത്രണത്തിന്നു മുഖ്യകാരണമായ സ്നേഹബന്ധത്തെ ശിഥിലമാക്കിത്തീക്കുന്നു. നിത്യാനുഭവത്തിൽ പ്രതികൂലങ്ങളായ ചിത്തവൃത്തികളോടു സംബന്ധപ്പെട്ടിരിക്കുന്ന പദാത്ഥങ്ങളുടെ നേരെ വലിയവക്കും ചെറിയവക്കും ഒരുപോലെ അനിഷ്ടം തോന്നുക എന്നുള്ള സാഹചയ്യനിയമപ്രകാരം അവശ്യം സംഭവിക്കുന്നതായ ഒരു ഫലമാകുന്നു. സ്നേഹം മുമ്പുണ്ടായിരുന്ന ദിക്കിൽ, ദുഃഖാനുഭവങ്ങളുടെ അവസ്ഥപോലെ, അതുകുറഞ്ഞു വരികയൊ ദ്വേഷമായിട്ടു പരിണമിക്കുകയൊ ചെയ്യുന്നു. തല്ലും ശകാരവും വഴിക്കു പുറപ്പെടുന്ന പിതൃകോപം, പലപ്പോഴും ആവത്തിക്കപ്പെടുന്നപക്ഷം, കുട്ടികളിൽ വിരക്തിയുണ്ടാക്കാതിരിക്കുകയില്ല. അപ്രകാരംതന്നെ കുട്ടികളുടെ ശുണ്ഠിയും വാശിയും പിതൃസ്നേഹത്തിന്നു ശൈഥില്യം വരുത്താതിരിക്കുകയില്ലെന്നു മാത്രമല്ല അതിനെ ഒട്ടുക്കും ഇല്ലാതാക്കുകതന്നെ ചെയ്യേക്കാം. ഇതു നിമിത്തമാണ് കുട്ടികൾ തങ്ങളുടെ അച്ഛന്മാരെ വെറുപ്പോടുകൂടിയല്ലെങ്കിലും ഉദാസീനതയോടുകൂടി വിചാരിക്കുന്നതായിട്ടുള്ള സംഗതികൾ പലതും സംഭവിക്കുന്നതു്; അ

പ്രകാരംതന്നെ കുട്ടികളെ അച്ഛന്മാർ കേവലം ബാധകരം എന്ന നിലയിൽ വിചാരിക്കുന്നതായിട്ടുള്ള അത്രയും സംഗതികൾ സംഭവിക്കുന്നതും ഇതു നിമിത്തം തന്നെയാകുന്നു. ഈ വിധമുള്ള അകൽച്ച ഗുണകരമായ നയോപദേശത്തിന്നൊരാപത്താണ് എന്ന് എല്ലാവരും കാണുന്നതിനാൽ— കാണേണ്ടതുമാകയാൽ— തങ്ങളുടെ കുട്ടികളുടെ നേരെ വിരോധം തോന്നുന്നതിനുള്ള അവസരങ്ങളെ കഴിയുന്നതും ഒഴിച്ചു കളയേണ്ടകാൎയ്യത്തിൽ പിതാക്കന്മാർ എത്രതന്നെ താല്പൎയ്യപ്പെടുന്നതായാലും അധികമാവുകയില്ല എന്ന സംഗതി സിദ്ധമാകുന്നുണ്ടു്. അതു ഹേതുവായിട്ടു സ്വാഭാവികമായ ഈ ശിക്ഷണസമ്പ്രദായത്തെ അവൎക്കു അത്യന്തം ശുഷ്കാന്തിയോടുകൂടി ഉപയോഗപ്പെടുത്താതെ കഴിയുകയില്ല. ഈ സമ്പ്രദായത്തെ അനുസരിക്കുന്നതുകൊണ്ടു് അവൎക്കു ദണ്ഡക്രിയകൂടാതെ കഴിക്കാമെന്നു മാത്രമല്ല പരസ്പരം ക്രോധവും ഭിന്നിപ്പും ഉണ്ടാകാതെ കഴിക്കുകയുംചെയ്യാം.

ഇങ്ങിനെ, സ്വാഭാവികപ്രതീകാരങ്ങളുടെ സ്വാനുഭവംവഴിക്കുള്ള ഈശ്വരകല്പിതമായ ഈ വിനയപദ്ധതിയെ— ശൈശവാവസ്ഥയിലേയ്ക്കും പുരുഷപ്രാപ്തി വന്നതിന്റെശേഷമുള്ള അവസ്ഥയിലേയ്ക്കും ഒരുപോലെ ഉപയുക്തമായിരിക്കുന്ന ഈ സമ്പ്രദായത്തെ—

അവയുടെമദ്ധ്യത്തിലുള്ള ബാല്യാവസ്ഥയ്ക്കും യൌവ്വനാവസ്ഥയ്ക്കുംതത്തുല്യമായിട്ടുതന്നെ ഉപയോഗപ്പെടുത്താം എന്നു നാം കാണുന്നു. ഈ സമ്പ്രദായംകൊണ്ടു താഴെപറയുന്ന മെച്ചങ്ങളാണ് നാം കാണുന്നതു്: — ഒന്നാമത്തു്; അനുകൂലമായും പ്രതികൂലമായുമുള്ള തൽഫലങ്ങളുടെ സ്വാനുഭവത്തിൽ നിന്നു സദാചരണത്തിന്റേയും ദുരാചരണത്തിന്റേയും ന്യായമായ സ്വരൂപജ്ഞാനമുണ്ടാകുന്നു. രണ്ടാമത്തു്; സ്വന്തം ദുഷ്പ്രവൃത്തികൾക്കനുരൂപമായ ദുഃഖഫലത്തിലധികം ഒന്നുംതന്നെ ഒരു കുട്ടി അനുഭവിക്കാത്തതിനാൽ ശിക്ഷകൾ ന്യായ്യമായിത്തന്നെയാണിരിക്കുന്നതു് എന്നുള്ള ബോധം. അതിന്നു് ഏറക്കുറെ വ്യക്തമായിട്ടുണ്ടാകാതിരിക്കുകയില്ല. മൂന്നാമത്തു്; ശിക്ഷകളുടെ ന്യായ്യതയെ മനസ്സിലാക്കുകയും അവ സ്വകർമ്മഫലമായിട്ടു സ്വതേ ഏവ വന്നുകൂട്ടുന്നവ എന്നല്ലാതെ ഒരുവൻ വരുത്തിക്കൂട്ടുന്നവയല്ല എന്ന നിലയിൽ അവയെ ഏൽക്കുകയും ചെയ്യുമ്പോൾ ആ കുട്ടിയുടെ ചിത്തം അത്രതന്നെ ക്ഷോഭിക്കുന്നില്ല; പിതാവാകട്ടെ, സ്വാഭാവികമായ ശിക്ഷകളെ അനുഭവിക്കുന്നതിനായിട്ടതിനെ വിടുക എന്നുള്ള സാമാന്യേന അപ്രവർത്തകമായ ഒരു കൃത്യത്തെ മാത്രം നിറവേററിക്കൊണ്ടു സാമാന്യമായ ചിത്തസമാധാനത്തോടുകൂടിയിരിക്കുകയും ചെയ്യുന്നു. നാലാമത്തു്; പരസ്പരം കോപത്തി

ന്നുള്ള കാരണങ്ങൾ ഇപ്രകാരം തടുക്കപ്പെടുന്നതുകൊണ്ടു് പിതാവിന്നും കുട്ടികൾക്കും തമ്മിൽ വളരെ അധികം സന്തോഷത്തോടും ശക്തിയോടുംകൂടിയ ഒരു ബന്ധം ഉണ്ടായിവരികയും ചെയ്യും.

ചിലർ ഇങ്ങിനെ ചോദിക്കുമായിരിക്കും:—"അതിലേറെ ഗൌരവമുള്ള വികൃതിത്തരത്തിന്നെന്താണു് ചെയ്യേണ്ടതു്? നിസ്സാരമായ ഒരു കളവുചെയ്യുകയോ നുണപറയുകയോ അല്ലെങ്കിൽ അനുജന്മാരേയും അനുജത്തികളേയും ഉപദ്രവിക്കുകയോ ചെയ്യുന്ന ഘട്ടങ്ങളിൽ ഈ രീതിയെ അനുസരിച്ചു പ്രവൃത്തിക്കുന്നതെങ്ങിനെയാണു്".

ഈ ചോദ്യങ്ങൾക്കു സമാധാനം പറയുന്നതിന്നു മുമ്പായിട്ടു ഉദാഹരണമായി താഴെ പറയുന്ന ചില സംഗതികളുടെ സ്ഥിതിയെപ്പററി നിരൂപിക്കുക.

സഹോദരീഭർത്താവിന്റെ കുഡുംബത്തിൽ താമസിച്ചിരുന്ന ഞങ്ങളുടെ ഒരു സ്നേഹിതൻ തന്റെ ചെറിയ മരുമകന്റേയും മരുമകളുടേയും വിദ്യാഭ്യാസ കാൎയ്യം ഏൽക്കുകയുണ്ടായി. മുൻ പ്രതിപാദിക്കപ്പെട്ട സമ്പ്രദായത്തിന്റെ തത്വമനുസരിച്ചാണു് അയാൾ അതു നടത്തിയതു്. യുക്തിപൂർവ്വം ആലോചിച്ചു തീരുമാനപ്പെടുത്തിയ നിശ്ചയത്തെക്കാളധികം സ്വഭാവേന അവരിലുള്ള സ്നേഹം തന്നെയായിരിക്കാം

അയാളെ ആ വിഷയത്തിൽ അപ്രകാരം പ്രേരിപ്പിച്ച
ത്. ആ രണ്ടുകുട്ടികളും വീട്ടിന്നകത്തായിരുന്ന സമ
യത്ത് അയാളുടെ ശിഷ്യന്മാരും, പുറത്തിറങ്ങിയിരുന്ന
സമയത്ത് അയാളുടെ ചങ്ങാതിമാരും ആയിരുന്നു.
സസ്യവർഗ്ഗങ്ങളെ പരിശോധിച്ചറിയുന്നതിന്നും കേവലം
ലാത്തുന്നതിന്നുമായി ദിവസേന അയാൾ പുറത്തിറങ്ങു
മ്പോൾ ആ കുട്ടികളും ഒന്നിച്ചുപോവുക പതിവായിരു
ന്നു. അപ്പോഴെല്ലാം അവർ ചെടികളെ പറിച്ചുകൊണ്ടു
പോയി അയാൾക്കു കൊടുക്കുകയും അയാൾ അവയെ
പരിശോധിച്ച് ഓരോ വർഗ്ഗങ്ങളെ വേർതിരിച്ചു മന
സ്സിലാക്കുന്ന സമയത്ത് അവർ ശ്രദ്ധവെച്ചു നോക്കു
കയും ചെയ്തിരുന്നു. ഇങ്ങിനേയും മററുപലവിധത്തിലും
അവർ അയാളുടെ സംസർഗ്ഗം കൊണ്ട് അറിവും
ആഹ്ലാദവും സർവ്വദാ മേൽക്കുമേൽ നേടിക്കൊണ്ടിരുന്നു.
ചുരുക്കിപ്പറയുകയാണെങ്കിൽ ന്യായമായിട്ടു നോക്കു
മ്പോൾ ആ കുട്ടികളെ സംബന്ധിച്ചേടത്തോളം അവരു
ടെ സ്വന്തം അച്ഛനമ്മമാരേക്കാൾ വളരെ അധികം
ആ സ്ഥാനം വഹിച്ചത് അയാളായിരുന്നു. ഈ നയ
ത്തിൻെറ ഫലങ്ങളെപ്പററി വർണ്ണിക്കുന്ന കൂട്ടത്തിൽ
അയാൾ ഞങ്ങളോട് താഴെപ്പറയുന്ന സംഭവങ്ങളെ
കുറിച്ചു പറയുകയുണ്ടായി. ഒരുദിവസം വൈകുന്നേരം
ആ വീട്ടിൽ മറെറാരേടത്തിരുന്ന ഒരു സാധനം എടു
ത്തുകൊണ്ടുവരുവാൻ അയാൾ തൻെറ മരുമകനോടുപ

റഞ്ഞു. തത്സമയം എന്തോ ഒരു ക്രീഡയിൽ തല്പരനാ
യിരുന്നതിനാൽ ആ കുട്ടി, പതിവുപോലെയല്ലാതെ, വ
ളരെ മടികാണിക്കുകയൊ പറഞ്ഞതു കൂട്ടാക്കാതെ ത
ന്നെയിരിക്കുകയോ ചെയ്തു; ഏതാണുണ്ടായതെന്നു് ഇ
പ്പോൾ ഓക്കുന്നില്ല. ശാസന പ്രയോഗിക്കുവാനുള്ള
വൈമനസ്യം കൊണ്ടു് അവന്റെ അമ്മാമൻ വേണ്ടു
സാധനത്തെ താൻതന്നെ പോയിഎക്കൊണ്ടുവന്നു; ആ
സമയത്തു് അവന്റെ ദുസ്സ്വഭാവം തന്നെ കുറെ അസ
ഹ്യപ്പെടുത്തി എന്നൊരുഭാവം മാത്രം അയാൾ കാണി
ച്ചു. പിന്നെആ ബാലൻ വൈകുന്നേരം പതിവുപോലെ
യുള്ള വിനോദങ്ങൾക്കായി പോകുന്നതിന്നു് അയാളോട
പേക്ഷിച്ചപ്പോൾ ആ അപേക്ഷയെ അയാൾ ഗൗരവഭാ
വത്തോടുകൂടി നിരസിച്ചു—അമ്മാമൻ സ്വഭാവേന
തനിക്കുണ്ടാകുന്ന ഒരു നീരസത്തെ മാത്രം പ്രകാശിപ്പി
ക്കുകയും സ്വപ്രവൃത്തിദോഷം കൊണ്ടു് അവശ്യം സം
ഭവിക്കുന്ന ഫലത്തെ ഈ വിധം ആ ബാലനെക്കൊ
ണ്ടനുഭവിപ്പിക്കുകയുംചെയ്തു. പിറെറന്നാൾ കാലത്തു്
എഴുനീൽക്കേണ്ടസമയത്തു തന്റെ മുറിയുടെ ഉമ്മറത്തു
ഞങ്ങളുടെസ്നേഹിതൻ പതിവുപോലെയല്ലാതെകണ്ടു
ള്ള ഒരാളുടെ ശബ്ദം കേട്ടു; ഉടനെ അകത്തേയ്ക്കു് അ
യാളുടെ ചെറിയ മരുമകൻ ചൂടുവെള്ളം കൊണ്ടു ക
ന്നു വരികയും ചെയ്തു. അയാൾക്കു ഇനിയും എന്തെല്ലാം
ശുശ്രൂഷകളാണു് ചെയ്യേണ്ടതായിട്ടുള്ളതെന്നറിവാൻ

ആ ബാലൻ ചുററും നോക്കിയതിൻെറ ശേഷം "ഒ, അമ്മാമൻെറ ബൂട്ട്സ് വേണമല്ലെ" എന്നുപറഞ്ഞു ബദ്ധപ്പെട്ടു താഴത്തേയ്ക്കിറങ്ങിപ്പോയി അവയെക്കൊണ്ടുവന്നു കൊടുത്തു. ഇങ്ങിനേയും മററുവിധത്തിലും ആ ബാലൻ തൻെറ ദുരാചരണത്തെപ്പററിയ വാസ്തവമായ പശ്ചാത്താപത്തെ കാണിച്ചു. അസാധാരണമായ ശുശ്രൂഷകളെക്കൊണ്ട് ആ ബാലൻ അന്നു കൂട്ടാക്കാതെയിരുന്ന ഉപചാരത്തിൻെറ ന്യൂനതയെ പരിഹരിപ്പാനായിക്കൊണ്ടുത്സാഹിച്ചു. ഇങ്ങിനെ സത്സ്വഭാവം കൊണ്ട് അവൻ തൻെറ ദുസ്സ്വഭാവത്തെ വാസ്തവത്തിൽ ജയിക്കുകയും ആ ജയംകൊണ്ടു അവന്നു വിശേഷാൽ ഒരു ബലം മാനസികമായിട്ടുണ്ടാവുകയും ചെയ്തു. സ്നേഹരാഹിത്യംകൊണ്ടുള്ള മനഃശല്യം അനുഭവിച്ചതിനാൽ ഈ വിധം വീണ്ടും നേടപ്പെട്ട ആ സ്നേഹത്തെ അവൻ മുമ്പത്തേക്കാൾ അധികം വിലയോടു കൂടി വിചാരിച്ചു.

ഞങ്ങളുടെ സ്നേഹിതനായ ഇദ്ദേഹംതന്നെ ഇപ്പോൾ ഒരു പിതാവായിത്തീർന്നിരിക്കുന്നു. തൻെറ സ്വന്തം കുട്ടികളുടെ കാൎയ്യത്തിലും ഈ രീതിയെത്തന്നെയാണ് അയാൾ അനുവൎത്തിക്കുന്നതു്; കാൎയ്യസാദ്ധ്യത്തിന്നു് അതു ധാരാളംമതി എന്നു് അയാൾ കാണുകയും ചെയ്യുന്നു. തൻെറ കുട്ടികളുടെ ഒരു ചങ്ങാതിയായിട്ടാണ്

അയാൾ ആചരിക്കുന്നതു്. വൈകുന്നേരസമയം അച്ഛൻ വീട്ടിലുണ്ടാകുമല്ലോ എന്നുവെച്ചു കുട്ടികൾ അസ്സമിക്കുവാൻ കാത്തിരിക്കുക പതിവാകുന്നു. ഞായറാഴ്ച അവൎക്കു വിശേഷാൽ ഒരു സന്തോഷദിവസമാണു്. എന്തെന്നാൽ അന്നുമുഴുവൻ അച്ഛൻ അവരൊന്നിച്ചുണ്ടായിരിക്കും. മക്കളുടെ പൂൎണ്ണമായ സ്നേഹത്തെയും വിശ്വാസത്തേയും ഈവിധം ലഭിക്കുകയാൽ തന്റെ സമ്മതത്തേയോ വിസമ്മതത്തേയോ പ്രകാശിപ്പിക്കുകമാത്രംകൊണ്ടു് അവരെ വേണ്ടവഴിക്കു നടത്തുന്നതിന്നു വേണ്ടുവോളം ശക്തി തനിയ്ക്കു സിദ്ധിക്കുന്നുണ്ടെന്നു് അയാൾ കാണുന്നു. ജോലികഴിഞ്ഞു വീട്ടിലേയ്ക്കു മടങ്ങിച്ചെല്ലുന്നസമയം മക്കളിൽ ആരെങ്കിലും വികൃതി കാണിച്ചുവെന്നുകേട്ടാൽ ആ കുട്ടിയുടെ വികൃതിത്തരത്തെപ്പററിയ ബോധം നിമിത്തം സ്വഭാവേന ഉണ്ടാകുന്ന ഒരു നീരസത്തെ അയാൾ അവന്റെനേരെ പ്രകാശിപ്പിക്കുകയും അവനായിട്ടുള്ള പെരുമാററത്തിൽ വളരെ ഉദാസീനഭാവം നടിക്കുകയും ചെയ്യുന്നു. കുററത്തിന്നു് ഏററവുമടുത്ത ശിക്ഷ ഇതാണെന്നും അയാൾ കാണുന്നു. പതിവായിട്ടുള്ള ലാളനയിൽ ഉപേക്ഷ കാണിക്കുന്നതുതന്നെ കുട്ടികൾക്കു വലിയ സങ്കടത്തിന്നു കാരണമാണു്—തല്ലുകിട്ടീട്ടുണ്ടാകുന്നതിനേക്കാൾ വളരെ അധികം നേരം

നിലനില്ക്കുന്നതായ കരച്ചിൽ അതുണ്ടാക്കിത്തീൎക്കുന്നു. താൻ വീട്ടിലില്ലാത്തസമയത്തും കേവലം ധൎമ്മ്യമായ ഈ ശിക്ഷയെപ്പററിയ ഭയം കുട്ടികൾക്ക് എപ്പോഴും അതിയായിട്ടുണ്ടായിരിക്കുമെന്ന് അയാൾ പറയുന്നു; അതുകാരണം, ഞങ്ങൾ എപ്രകാരമാണ് ആചരിച്ചിട്ടുള്ളതെന്നും അച്ഛൻ വൈകുന്നേരം വരുമ്പോൾ തങ്ങളെപ്പററിയ റിപ്പോർട്ടു നന്നായിരിക്കുകയില്ലെ എന്നും അവർ പകൽസമയത്തു പലപ്പോഴും അമ്മയോടു ചോദിക്കാറുണ്ടത്രേ. ഈയിടെ അഞ്ചു വയസ്സുപ്രായമുള്ള അത്യുത്സാഹിയായ അയാളുടെ മൂത്തമകൻ, ആരോഗ്യമുള്ള കുട്ടികൾക്കു സാധാരണയുണ്ടാകുന്നതായ മൃഗസ്വഭാവത്തെ പ്രകാശിപ്പിക്കുന്ന ഒരവസരത്തിൽ വീട്ടിൽ അമ്മയില്ലാത്തസമയത്തു പല അക്രമങ്ങളും ചെയ്യുകയുണ്ടായി—അച്ഛൻെറ പെട്ടിയിൽനിന്ന് ഒരു കത്തിയെടുത്ത് അനുജത്തിയുടെ തലമുടി മുറിക്കുകയും തന്നെത്താൻ മുറിവേല്പിക്കുകയും ചെയ്തു. വീട്ടിലേയ്ക്കു മടങ്ങിവന്നസമയം ഈവക സംഭവങ്ങളെല്ലാം കേട്ടപ്പോൾ അച്ഛൻ അന്നു വൈകുന്നേരവും പിറേറന്നാൾ കാലത്തും അവനോടു മിണ്ടിയില്ല. അതുകാരണം ആ കുട്ടി തൽക്ഷണത്തിൽ തന്നെ അതിയായി ദുഃഖിക്കുകയും പശ്ചാത്താപപ്പെടുകയുംചെയ്തുവെന്നു മാത്രമല്ല കുറെദിവസം കഴിഞ്ഞതിൻെറശേഷം ഒരിക്കൽ അവൻെറ അമ്മ പുറത്തേയ്ക്കു

പോകുവാൻ ഭാവിച്ചപ്പോൾ പോകരുതെന്ന് അവൻ അവളോടപേക്ഷിച്ചു; കാരണമന്വേഷിച്ചതിൽ അമ്മ യില്ലാത്തപ്പോൾ താൻ ഇനിയും വികൃതി കാണിച്ചെങ്കിലോ എന്നുള്ള അവൻെറ ഭയമാണ് എന്നു പ്രത്യക്ഷമായി.

"അധികം ഗൌരവമുള്ള കുററങ്ങളെ സംബന്ധിച്ചെന്താണ് ചെയ്യേണ്ടതു്" എന്നുള്ള ചോദ്യത്തിന്നു മറുവടി പറയുന്നതിന്നു മുമ്പായി, മാതാപിതാക്കന്മാക്കും കുട്ടികൾക്കും തമ്മിൽ സ്ഥാപിക്കപ്പെടാവുന്നതും സ്ഥാപിക്കപ്പെടേണ്ടതും ആയ സംബന്ധത്തെ ഒന്നാമതായി കാണിക്കുന്നതിന്നുവേണ്ടി ഈ വക സംഗതികളെ ഒരു മുഖവുരയായി പറയുകയാണ് ചെയ്തിട്ടുള്ളതു്; എന്തെന്നാൽ ഈ സംബന്ധത്തിൻെറ സ്ഥിതിയെ ആശ്രയിച്ചാണ് ആ വക അധികം ഗൌരവമുള്ള കുററങ്ങളെപ്പററി സഫലമാകുംവണ്ണം പ്രവൃത്തിക്കുക എന്ന കാര്യം ഇരിക്കുന്നതു്. ഇവിടെ പ്രതിപാദിക്കപ്പെട്ടിട്ടുള്ള സമ്പ്രദായത്തെ അംഗീകരിക്കുന്നതുകൊണ്ടു് ഈ സംബന്ധം സ്ഥാപിക്കപ്പെടും എന്ന സംഗതി കൂടി മുഖവുരയായിട്ടു ചൂണ്ടിക്കാണിക്കേണ്ടിയിരിക്കുന്നു. സ്വന്തം തെററുകൾക്കു പ്രതികാരമായി സ്വഭാവേന ഉണ്ടാകുന്ന ദുഃഖഫലങ്ങളെ മാത്രം അനുഭവിക്കുവാൻ ഒരു കുട്ടിയെ വിടുന്നതുകൊണ്ടു് ഒരു പിതാവി

ന്നു് അതിൻെറനേരെ വിരോധം തോന്നാതെ കഴിക്കാ
മെന്നും അയാളെ ആ കുട്ടി ഒരു ശത്രുവായിട്ടു വിചാരി
ക്കുക എന്നതും കൂടാതെകഴിക്കാമെന്നും ഞങ്ങൾ മുമ്പു
തന്നെ കാണിച്ചിട്ടുണ്ടല്ലോ. എന്നാൽ ആദ്യം മുതൽ
ക്കു തന്നെ ഈ സമ്പ്രദായത്തെ സ്ഥിരതയോടുകൂടി അ
നുവർത്തിക്കുന്ന ദിക്കിൽ അധികമായ ഒരു സ്നേഹഭാവം
ഉണ്ടാകുമെന്നാണു് ഇനി കാണിക്കേണ്ടതായിട്ടുള്ളതു്.

ഇപ്പോൾ കുട്ടികൾ തങ്ങളുടെ അമ്മയപ്പന്മാരെ
ഒരുവക മിത്രശത്രുക്കൾ എന്ന നിലയിലാണ് മിക്ക
വാറും വിചാരിച്ചുവരുന്നതു്. തങ്ങളുടെ നേരെയുള്ള
മാതാപിതാക്കന്മാരുടെ ആചരണംകൊണ്ടാണ് കുട്ടിക
ളുടെ അനുഭവങ്ങൾ നിർണ്ണയിക്കപ്പെടുന്നതു് എന്നതി
ന്നു വാദമില്ല; ആ ആചരണമോ—എന്തെങ്കിലും ത
രാമെന്നു പറഞ്ഞു മോഹിപ്പിക്കുകയും പിന്നെ അതു
കൊടുക്കാതിരിക്കുകയും ചെയ്യുക, ഓമനിക്കുകയും പി
ന്നെ കഠിനമായി ശകാരിക്കുകയും ചെയ്യുക, സൌമ്യ
ത കാണിക്കുകയും ഉത്തരക്ഷണത്തിൽ പ്രഹരിക്കുകയും
ചെയ്യുക—ഇങ്ങിനെ അന്യോന്യവിരുദ്ധമായ പ്രവൃ
ത്തികളുടെ ഇടയിൽ അങ്ങോട്ടുമിങ്ങോട്ടുമിളകിക്കൊ
ണ്ടിരിക്കുകയും ചെയ്യുന്നു. അപ്പോൾ അവൎക്കു മാതാ
പിതാക്കന്മാരുടെ സ്വഭാവത്തെപ്പറ്റി ഒന്നിനൊന്നു
വിരോധമായ ജ്ഞാനമുണ്ടാകുവാനേ തരമുള്ളു. ത

ന്റെ കുട്ടിയുടെ ഉററമിത്രം താനാണ് എന്ന് അവനോടു
പറഞ്ഞാൽ മാത്രം മതി എന്നാണ് സാധാരണ
യായി ഒരമ്മ വിചാരിക്കുന്നതു്. താൻ പ
റയുന്നതിനെ കുട്ടി വിശ്വസിക്കണമല്ലോ എന്നു
കരുതി അപ്രകാരം ചെയ്യുമെന്നു തീരുമാനപ്പെടു
ത്തുകയും ചെയ്യുന്നു. "എല്ലാം നിന്റെ നന്മയ്ക്കാണ്;"
"നിനക്കു വേണ്ടതെന്താണെന്നു നിന്നെക്കാൾ അധി
കം അതറിയുന്നതു ഞാനാണ്;" "ഇപ്പോൾ അറിയ
ത്തക്കപ്രായം നിനക്കായിട്ടില്ല. എന്നാൽ നിനക്കു പ്രാ
യമാകുമ്പോൾ ഞാൻ ചെയ്തിട്ടുള്ളതിനെപ്പററി നീ കൃ
തജ്ഞനായിരിക്കും;"—ഇതുപോലെയുള്ള വാക്കുകൾ
പലതും ദിവസംപ്രതി ആവൎത്തിച്ചുപറയാറുണ്ടു്. അ
തിന്നിടയ്ക്കെല്ലാം ആ കുട്ടി വാസ്തവമായ ശിക്ഷ നിമി
ഷംപ്രതി അനുഭവിച്ചുകൊണ്ടുതന്നെ വരുന്നു; അ
വൻ ചെയ്‌വാനാഗ്രഹിക്കുന്ന എല്ലാററിനേയും അ
മ്മ നിമിഷംപ്രതി വിരോധിക്കുകയും ചെയ്യുന്നു. വാക്കു
കൊണ്ടു് എല്ലാം തന്റെ സുഖത്തിനു വേണ്ടിയാണ്
എന്ന് അവൻ കേൾക്കുന്നു; പക്ഷെ പ്രവൃത്തികൊ
ണ്ടു ഏറക്കുറെ ദുഃഖമാണ് അവൻ അനുഭവിക്കുന്ന
തു്. അമ്മ ഉദ്ദേശിക്കുന്ന ആ ഭാവിസുഖത്തെപ്പററി
അറിയുന്നതിന്നോ അല്ലെങ്കിൽ അമ്മയുടെ തന്റെ
നേരെയുള്ള ഉഗ്ര ആചരണം എപ്രകാരമാണ് ഭാവി

സുഖത്തെ ഉണ്ടാക്കുന്നു എന്നറിയുന്നതിന്നു ശേഷിയില്ലാത്തതിനാൽ അവൻ വൎത്തമാനകാലത്തിൽ അനുഭവിക്കുന്ന ഫലംകൊണ്ടു കാൎയ്യങ്ങളെ തീൎച്ചമാനിക്കുന്നു; അപ്രകാരമുള്ള ഫലങ്ങൾ ഒട്ടുംതന്നെ സുഖകരങ്ങളല്ലായ്കയാൽ തന്റെ മിത്രമാണെന്നുള്ള അമ്മയുടെ നാട്യത്തിൽ അവൻ വിശ്വാസമില്ലാത്തവനായിത്തീരുകയും ചെയ്യുന്നു. ഇങ്ങിനെയല്ലാതെ മറ്റൊരു വിധത്തിലായിത്തീരുമെന്നു വിചാരിക്കുന്നതും പിഴയല്ലേ? അവന്നു കിട്ടീട്ടുള്ള തെളിവുകൊണ്ടുമാത്രമല്ല കുട്ടിക്കു അനുമാനിക്കുവാൻ തരമുള്ളു? ഈ തെളിവു അവന്റെ അനുമാനത്തെ സാധൂകരിക്കുകയും ചെയ്യുന്നില്ലേ? അവന്റെ സ്ഥാനത്തായിരുന്നെങ്കിൽ അമ്മയും അതേമാതിരിതന്നേയായിരിക്കും അനുമാനിക്കുക. അവളുടെ പരിചയക്കാരിൽ ഒരാൾ അവളുടെ ഇഷ്ടത്തെ എപ്പോഴും വിരോധിക്കുകയും കഠിനവാക്കു പറയുകയും ഇടയ്ക്കു വാസ്തവത്തിൽ ദണ്ഡിപ്പിക്കുകതന്നെയും ചെയ്തിരുന്നുവെങ്കിൽ അയാൾ തന്റെ ക്ഷേമകാൎയ്യത്തിൽ ഔൽസുക്യം എത്രതന്നെ നടിച്ചാലും അപ്രകാരമുള്ള (ദണ്ഡനാദി) പ്രവൃത്തികളോടുകൂടിയുള്ള ആ നാട്യത്തിൽ അവൾ ശ്രദ്ധവെയ്ക്കുന്നതല്ല. അങ്ങിനെയിരിക്കെ തന്റെ മകൻ അന്യഥാ പ്രവൃത്തിക്കുമെന്നു അവൾ എന്തു കാരണത്താലാണു് വിചാരിക്കുന്നതു്?

എന്നാൽ ഇനി, ഞങ്ങൾ വാദിക്കുന്ന സമ്പ്രദായത്തെ സ്ഥിരതയോടുകൂടി അനുവർത്തിച്ചാലുള്ള ഫലം എത്ര വ്യത്യാസപ്പെട്ടാണിരിക്കുക എന്നു നോക്കുക—പ്രകൃതി തന്നെ ഏല്പിക്കുന്നതായ ശിക്ഷയെപ്പററി എപ്പോഴും മുൻകരുതലോടുകൂടിയിരിക്കണം എന്നിങ്ങനെ തൻെറ മകനോടു ഉപദേശിച്ചുകൊണ്ടു അമ്മ ദണ്ഡനക്രിയയ്ക്കു കാരണഭൂതയായിത്തീരാതെ, എന്നുമാത്രമല്ല ഒരു ചങ്ങാതിയുടെ നിലയിൽകൂടി, അവനോടെ ആചരിക്കുന്നുവെങ്കിൽ ഉണ്ടാകുന്ന ഫലം എത്ര വ്യത്യാസപ്പെട്ടിരിക്കുമെന്നു നോക്കുക. ഇതിനു ദൃഷ്ടാന്തമായിട്ടൊരു സംഗതി എടുക്കാം; ആദ്യമായിത്തന്നെ ഈ നയം പ്രയോഗിച്ചു തുടങ്ങേണ്ട രീതിയെ ഉദാഹരിക്കുന്നതിനുവേണ്ടി അതു് (ആ സംഗതി) ഏററവും സ്പഷ്ടമായിട്ടുള്ളവയിലൊന്നായിട്ടിരിക്കുകയും ചെയ്യട്ടെ. എല്ലാം പരിക്ഷിച്ചു നോക്കുക എന്ന ഒരു സ്വഭാവം കുട്ടികളിൽ പ്രത്യക്ഷമായി കാണുന്നുണ്ടു്; ഈ സ്വഭാവത്തെ അനുസരിച്ചുള്ള അവരുടെ പ്രവൃത്തി ആനുമാനികമായ തത്വാന്വിഷ്ണ്യസമ്പ്രദായത്തോടു സ്വഭാവേന യോജിച്ചുമിരിക്കുന്നു; അപ്രകാരമുള്ള സ്വഭാവത്താൽ പ്രേരിതനായ ഒരുകുട്ടി വിളക്കത്തു് ഒരു കടലാസ്സ് കത്തിച്ചുകൊണ്ടു തന്നെത്താൻ രസിക്കുകയും അതു കത്തുന്നതിനെ സൂക്ഷിച്ചു നോ

ക്കികൊണ്ടിരിക്കുകയും ചെയ്യുന്നുവെന്നു വിചാരിക്കുക. ആലോചനാശക്തി ഒട്ടുംതന്നെയില്ലാത്ത സാധാരണ കൂട്ടരിൽപെട്ട അവന്റെ അമ്മ, 'ദുസ്സാമർത്ഥ്യത്തിൽ നിന്നു അവനെ വിലക്കണംഎന്ന ഉദ്ദേശത്തിന്മേലോ അല്ലെങ്കിൽ അവൻ തന്നെത്താൻ തീപ്പൊള്ളിച്ചേക്കുമെന്ന ഭയത്താലോ അതു ചെയ്യരുതെന്നു' അവനോടു കല്പിക്കുന്നു; പറഞ്ഞതു കൂട്ടാക്കാത്തപക്ഷം കടലാസ്സ് അവന്റെ കയ്യിൽനിന്നു തട്ടിപ്പറിക്കുകയും ചെയ്യും. എന്നാൽ, അവന്റെ ഭാഗ്യംകൊണ്ടു് അമ്മ കുറച്ചാലോചനാശക്തിയുള്ളവളും രസത്തോടുകൂടി കടലാസ്സുകത്തുന്നതിനെ സൂക്ഷിച്ചുനോക്കുന്നതു് ആരോഗ്യത്തോടുകൂടിയ ഒരു ജിജ്ഞാസയുടെ ഫലമാണെന്നറിയുന്നവളും അതിനെ വിരോധിച്ചാലുണ്ടാകുന്ന ഫലത്തിന്റെ ഗുണദോഷത്തെ വേർതിരിച്ചറിയുവാനുള്ള വിവേകജ്ഞാനമുള്ളവളും ആണു് എങ്കിൽ അവൾ ഈ വിധമായിരിക്കും ആലോചിക്കുക:—"ഞാനിപ്പോൾ ഇതിനെ വിലക്കുന്നതായാൽ കുറച്ചൊരറിവു അവനു കിട്ടുന്നതിനെ ഇല്ലാതെയാക്കുകയായിരിക്കും ഞാൻ ചെയ്യുക. കുട്ടിയെ തീപ്പൊള്ളാതെ രക്ഷപ്പെടുത്താമെന്നതു വാസ്തവംതന്നെ; എന്നാലോ? എപ്പോഴെങ്കിലും അവൻ തന്നെത്താൻ പൊള്ളിക്കാതിരിക്കുകയില്ല നിശ്ചയം. തീജ്വാലയുടെ ധർമ്മങ്ങളെ സ്വാനുഭവംകൊണ്ടുതന്നെ

പഠിക്കേണം എന്നുള്ള സംഗതി മേലിൽ സ്വാത്മരക്ഷ യ്ക്കു് ഏററവും മുഖ്യമായിട്ടുള്ളതാണ്. ഞാനിപ്പോൾ അവനെ ഈ ആപത്തിൽപെടാതിരിപ്പാൻ വിരോധിക്കുന്നുവെങ്കിൽ മേലിൽ അവനെ തടയുവാനാരും ഇല്ലാതെയിരിക്കുന്ന സമയത്തെപ്പോഴെങ്കിലും ഇതുമാതിരിയോ ഇതിലേറെ ആപൽക്കരമായോ ഉള്ള സാഹസപ്രവൃത്തി നിശ്ചയമായി അവൻ ചെയ്യുന്നതാണ്. എന്നാൽ ഞാനരികത്തിരിക്കെ ഇപ്പോൾ അവനു എന്തെങ്കിലും ആപത്തു വരുന്നതായാൽ വലിയ ഉപദ്രവം തട്ടാതെ അവനെ രക്ഷപ്പെടുത്തുവാൻ എനിക്കുകഴിയും. അതിനും പുറമെ, ഞാൻ അവനെ അതിൽനിന്നു പിൻവലിപ്പിക്കുന്നതായാൽ കേവലം നിരുപദ്രവവും, എന്നുതന്നെയല്ല ഉപദേശപ്രദംതന്നെയും, ആയ ഒരു സന്തുഷ്ടിനേടുന്ന കാര്യത്തിൽ അവനെ വിലക്കുന്നതായിട്ടു തന്നെ വരും. അപ്പോൾ എന്നെപ്പററി അവനു ഏറെക്കുറെ ചീത്തയായിട്ടൊരഭിപ്രായവും വന്നുവശാവും. അവനെ ദുഃഖത്തിൽനിന്നു നിവൃത്തിപ്പിക്കേണമെന്നാണു എന്റെ ഉദ്ദേശം; ആ ദുഃഖം എന്തൊരുമാതിരിയാണെന്നു അവനറിഞ്ഞുകൂടാ; തൽക്കാലത്തെ ഇച്ഛാഭംഗം കൊണ്ടുണ്ടാകുന്ന ദുഃഖംതന്നെ മാത്രമേ അവനനുഭവിക്കുകയുള്ളൂ; അതിനുള്ള കാരണം ഞാനാണെന്നു അപ്പോൾ അവൻ വിചാരിക്കാതിരിക്കുകയുമില്ല. അവനു വിചാരി

ല്പാൻ കഴിയാത്തതും അതിനാൽ അവനു (അവന്റെ നോട്ടത്തിൽ) ഇല്ലാത്തതുമായ ഒരു ഉപദ്രവത്തിൽ നിന്നു രക്ഷിപ്പാൻ വേണ്ടി മറ്റൊരു വഴിക്കു ഞാൻ അവനെ ഉപദ്രവിക്കുന്നു; ആ ഉപദ്രവം അവൻ കഠിനമായിട്ടനുഭവിക്കുകയും ചെയ്യുന്നു. അതു ഹേതുവായിട്ടു ഞാൻ, അവന്റെ അഭിപ്രായപ്രകാരം അവനെ ദുഃഖിപ്പിക്കുന്ന ഒരാളായിട്ടു തീരുകയും ചെയ്യുന്നു. അതിനാൽ ഉള്ളതിലേറെ നല്ലതു് ആപത്തിനെ ചൂണ്ടിക്കാണിച്ചു കൊടുത്തു കൊണ്ടു സൂക്ഷിക്കണമെന്നുപദേശിക്കുകയും വലിയ ഉപദ്രവത്തെ തടുപ്പാൻ തയ്യാറായിരിക്കുകയും ചെയ്യുകതന്നെയാകുന്നു്." ഈ വിധം ഉറച്ചുകൊണ്ടു് അവർ കുട്ടിയോടു് ഇങ്ങിനെ പറയുന്നു—"അതു ചെയ്താൽ തീപ്പൊള്ളി നിനക്കു വല്ല ഉപദ്രവവും തട്ടിയേക്കും എന്നു് എനിക്കു പേടിയുണ്ടു്." പറഞ്ഞതു കേൾക്കാതെ പിന്നേയും ഉത്സാഹത്തോടുകൂടി പ്രവൃത്തിച്ചിട്ടു് ഒടുക്കം അവൻ കയ്യു പൊള്ളിച്ചുവെന്നു വിചാരിക്കുക. അതുകൊണ്ടു വന്നുകൂടുന്ന ഫലങ്ങൾ എന്തെല്ലാമായിരിക്കും? ഒന്നാമതായിട്ടു് കാലാന്തരത്തിൽ അവശ്യം സിദ്ധിക്കേണ്ടതായ ഒരു സ്വാനുഭവജ്ഞാനം അവനു സിദ്ധിക്കുന്നു; സ്വാത്മരക്ഷയ്ക്കുവേണ്ടി കഴിയുന്നതും വേഗത്തിൽ അതു ലഭിക്കാതിരിപ്പാനും തരമില്ല. രണ്ടാമതു്, തന്റെ അമ്മയുടെ വിസമ്മതവും സൂ

ക്ഷിക്കണമെന്ന ഉപദേശവും തന്റെ നന്മയ്ക്കു വേണ്ടിത്തന്നെയാണ് എന്ന് അവന്നു മനസ്സിലാകുന്നു. തന്റെ നേരേയുള്ള അവളുടെ ഔദാര്യത്തിന്റെ പ്രത്യക്ഷമായ ഒരനുഭവം അവന്നു കുറെക്കൂടി ഉണ്ടാകുന്നു— അവളുടെ അഭിപ്രായങ്ങളിലും അവളുടെ കരുണയിലും വിശ്വാസം തോന്നുന്നതിന്നും അവളെ സ്നേഹിക്കുന്നതിന്നും അവന്ന് കുറെക്കൂടി അധികം കാരണമുണ്ടായിത്തീരുന്നു.

കൈകാലുകൾ ഒടിയുക മുതലായ ഉപദ്രവങ്ങൾ നേരിട്ടേയ്ക്കാവുന്ന ചില അപകടങ്ങളിൽ നിന്ന് അവനെ ബലം പ്രയോഗിച്ചു തടുക്കേണ്ടതായിട്ടു തന്നെ വരുമെന്നതിന്നു സംശയമില്ല. എന്നാൽ അസാധാരണങ്ങളായിട്ടുള്ളവയൊഴിച്ചു ബാക്കി എല്ലാസംഗതികളിലും ദിനംപ്രതി ഒരു കുട്ടിക്കു നേരിടുന്ന ചില്ലറ ആപത്തുകളിൽ നിന്ന് അതിനെ നിവൃത്തിപ്പിക്കുന്നതന്നു പകരം അവ ആപൽക്കരമാകയാൽ സൂക്ഷിക്കണമെന്നുപദേശിക്കുക മാത്രം ചെയ്യുക എന്നുള്ളതായിരിക്കണം സാമാന്യേന അനുവർത്തിക്കേണ്ടതായ സമ്പ്രദായം. ഈ രീതിയെ അനുവർത്തിക്കുന്നതുകൊണ്ട് ഇപ്പോൾ സാധാരണയായി സ്വപിതാക്കന്മാരുടെ പേരിൽ കുട്ടികൾക്കുള്ളതിനേക്കാൾ വളരെ അധികം ശക്തിയോടുകൂടിയ ഒരു സ്നേഹം അവരിൽ ഉല്പാദിപ്പിക്കാനവുമുമാ

ണ്. വേറെ ഘട്ടങ്ങളിലെന്നപോലെ ഇവിടേയും സ്വ
യംകൃതാനർത്ഥങ്ങൾക്കു സ്വഭാവേന ഉണ്ടാകുന്ന ശി
ക്ഷകൾ തന്നെ അനുഭവിക്കട്ടെ എന്നു വെയ്ക്കണം:
പുറത്തിറങ്ങുന്ന സമയം കണ്ടതെല്ലാം പിടിച്ചു വലിക്കു
കയും കണ്ടതിന്മേലെല്ലാം പൊത്തിപ്പിടിച്ചു കയറുക
യും അകത്തിരിക്കുന്ന സമയത്തു് പലതും പരീക്ഷിച്ചു
നോക്കുകയും ചെയ്യുമ്പോളാണ് അവക്ക് ഉപദ്രവങ്ങൾ
ഏൽക്കുവാനിടവരുന്നതു്; അപ്പോളെല്ലാം ആവകസാ
ഹസകർമ്മങ്ങൾ ചെയ്യാൻ അവർ വാശിപിടിക്കുന്നതി
നെ അനുവദിക്കുകയാണ് നല്ലത്; അവയിൽ നിന്നു
പിൻവലിക്കുവാനുള്ള പിതൃശാസനം, സംഭവിച്ചേയ്ക്കാ
വുന്ന ആപത്തിന്റെ ഗുരുലഘുത്വം പോലെ ഏറക്കു
റെ ഗൌരവമുള്ളതായിരിക്കുക മാത്രം വേണം — ഇങ്ങി
നെ ചെയ്യുന്നുവെങ്കിൽ പിതൃസ്നേഹത്തിലും തദുപദേ
ശത്തിലും കുട്ടികൾക്കുള്ള ശ്രദ്ധയും വിശ്വാസവും മേൽ
ക്കുമേൽ വർദ്ധിച്ചു വരാതിരിക്കുകയില്ല. ഈ രീതിയെ
സ്വീകരിക്കുന്നതു കൊണ്ടു്, മുൻ കാണിച്ചതുപോലെ,
കുട്ടികളെക്കൊണ്ടു സാക്ഷാലുള്ള ശിക്ഷയനുഭവിപ്പിക്കു
ന്നതു കൊണ്ടുണ്ടാകുന്ന അവരുടെ അപ്രീതി അച്ഛ
നമ്മമാർക്കു കൂടാതെ കഴിക്കാമെന്നു മാത്രമല്ല, ഇപ്പോൾ
ഇവിടെ പ്രസ്താവിച്ചതുപോലെ, അവരുടെ ആഗ്ര
ഹങ്ങളെ എപ്പോഴും വിരോധിക്കുന്നതുകൊണ്ടുണ്ടാകു
ന്ന അപ്രീതിയും കൂടാതെ കഴിക്കാം; അതിനുപു

റമെ, കലഹങ്ങൾക്കു സാധാരണ ഇടയായിത്തീരുന്ന ആവക സംഭവങ്ങളെത്തന്നെ പരസ്പരമുള്ള സ്നേഹത്തെ വർദ്ധിപ്പിക്കുന്നതിന്നൊരുപായമാക്കിത്തീൎക്കുകയും ചെയ്യാം. സ്വപിതാക്കന്മാരാണ് തങ്ങളുടെ ഉററസ്നേഹിതന്മാർ എന്നു് വാക്കിൽനിന്നു്—പ്രവൃത്തി തദ്വിപരീതമായിട്ടാണു് എന്നായിരിക്കും അവൎക്കു തോന്നുക—ഗ്രഹിക്കുന്നതിന്നു പകരം അവിരുദ്ധമായ നിത്യാനുഭവംകൊണ്ടു് ഈ വാസ്തവത്തെ അവർ മനസ്സിലാക്കും. ഈവിധം അതിനെ മനസ്സിലാക്കുമ്പോൾ തങ്ങളുടെ മാതാപിതാക്കന്മാരുടെപേരിൽ മറെറാരുവിധത്തിൽ ഉണ്ടാവാൻ കഴിയാത്തതായ വിശ്വാസവും സ്നേഹവും അവൎക്കുണ്ടാവുകയും ചെയ്യും.

ഈ രീതിയെ നിത്യം പ്രയോഗിച്ചു ശീലിക്കുന്നതിൽ നിന്നുണ്ടാവുന്ന അധികം സ്നിഗ്ദ്ധതയോടു കൂടിയ സംബന്ധവിശേഷത്തെ നിരൂപിച്ചതിൻെറ ശേഷം ഇനി മുമ്പു ചോദിച്ചിട്ടുള്ള ചോദ്യത്തിലേയ്ക്കു തന്നെ പിന്നെയും വരിക—അധികം ഗൌരവമുള്ള കുററങ്ങളെസംബന്ധിച്ചു് ഈ രീതിയെ പ്രയോഗിക്കുന്നതെങ്ങിനെ?

ഞങ്ങൾ വിവരിച്ചിട്ടുള്ള ഭരണവ്യവസ്ഥയെ അനുസരിക്കുമ്പോൾ അധികം ഗൌരവമുള്ള കുററങ്ങൾ,

സാധാരണ നടപ്പുള്ള ഭരണസമ്പ്രദായത്തെ അനുസരിക്കുമ്പോളത്തെപ്പോലെ അത്രഗൌരവമുള്ളവയും അടുപ്പിച്ചു സംഭവിപ്പിക്കുന്നവയും ആകാതിരിപ്പാനാണ് എല്ലപ്പം എന്ന സംഗതി ഒന്നാമതായിട്ടു നിരൂപിക്കേണം. അനേകംകുട്ടികളുടെ ദുശ്ശീലംതന്നെ, ചീത്തഭരണംകൊണ്ടു നിയന്ത്രിതന്മാരായിരിക്കുകയാൽ ഉണ്ടായിട്ടുള്ള ദീർഘസ്ഥായിയായ അവരുടെ ഉത്താപത്തിന്റെ ഒരു ഫലമാകുന്നു. പലപ്പോഴുമുള്ള താഡനാദിശിക്ഷകൾ നിമിത്തമുണ്ടാകുന്ന അകലിച്ചവും ശത്രുഭാവവും അവരിലുള്ള ദയാദാക്ഷിണ്യാദി സൽഗുണങ്ങളെ അവശ്യം ശിഥിലീകരിക്കുന്നു; അതു ഹേതുവായിട്ടു് അതു് (ആ അവസ്ഥ) ആവക സൽഗുണങ്ങൾതന്നെ വിലക്കുമാറുള്ള അപരാധങ്ങൾക്കു് നിശ്ചയമായ വഴി തുറന്നുകൊടുക്കുകയും ചെയ്യുന്നു. ഒരേ കുഡുംബത്തിലുള്ള കുട്ടികൾതന്നെ അന്യോന്യം കഠിനോപദ്രവങ്ങൾ ഏല്പിക്കുന്നതു് അധികവും പ്രായംചെന്നവരിൽ നിന്നു് അവർ പലപ്പോഴും അനുഭവിക്കുന്ന നിർദ്ദയമായ ശിക്ഷകളുടെ ഒരു പ്രതിഫലനം മാത്രമാകുന്നു—ഏതാനും നേരിട്ടുള്ള ദൃഷ്ടാന്തംകൊണ്ടു തോന്നുന്നതും ഏതാനും ശകാരം തല്ലു മുതലായ ശിക്ഷകളെ അനുഗമിക്കുന്നതായ ദുസ്സ്വഭാവം, പകരത്തിനുപകരം വീട്ടുവാനുള്ള വാസന എന്നിവയിൽ നിന്നുണ്ടാകുന്നതും ആകുന്നു. എന്നാൽ

ഞങ്ങൾ പ്രതിപാദിച്ചിട്ടുള്ള നിയന്ത്രണംകൊണ്ടു കുട്ടികളിൽ പരസ്പരമുണ്ടാകുന്ന സ്നേഹാതിശയവും അധികം തൃപ്തികരമായിട്ടുള്ള ഭാവനയും, അത്ര ഗൌരവത്തോടുകൂടിയും അത്ര അടുപ്പിച്ചും തമ്മിൽ തല്ലുന്നകാര്യത്തിൽ അവരെ നിരോധിക്കുമെന്നതിന്നു വാദമില്ല. നുണകൾ, ചില്ലറക്കളവുകൾ എന്നിങ്ങനെയുള്ള അതിലേറെ നിന്ദ്യങ്ങളായ അപരാധങ്ങളും അതേകാരണങ്ങളാൽതന്നെ കുറഞ്ഞുവരാവുന്നതാണ്. ഗൃഹത്തിൽ സംഭവിക്കുന്ന സ്നേഹവിച്ഛേദം അപ്രകാരമുള്ള അപരാധങ്ങൾക്കു തക്കതായ കാരണമാകുന്നു. ഉൽകൃഷ്ടസുഖാനുഭവങ്ങൾക്കു തരം കിട്ടാത്തവർ നീചങ്ങളായിട്ടുള്ളവയെ അവലംബിക്കുമെന്നതു മനുഷ്യസ്വഭാവത്തെ സംബന്ധിച്ചുള്ള ഒരു വ്യവസ്ഥയാകുന്നു; കുറച്ചു മനസ്സിരുത്തി നോക്കുന്നവർക്കെല്ലാം ഇതു സ്പഷ്ടമായിട്ടു കാണാവുന്നതാണു്, സ്നിഗ്ദ്ധഭാവത്തോടുകൂടി സുഖദുഃഖാദികളെ പരസ്പരം പങ്കുകൊള്ളുകനിമിത്തമുണ്ടാകുന്ന സുഖങ്ങളെ അനുഭവിപ്പാൻ തരമില്ലാത്തവർ സ്വാർത്ഥപരങ്ങളായ സുഖങ്ങളെ ആശ്രയിക്കുന്നു; അതിനാൽ, നേരെ മറിച്ചു്, മാതാപിക്കന്മാരും കുട്ടികളും തമ്മിൽ അധികം സുഖകരമായിട്ടുള്ള സംബന്ധത്തെ ആശ്രയിക്കുന്നതുകൊണ്ടു സ്വാർത്ഥമൂലമായിട്ടിരിക്കുന്ന ആ വക അപരാധങ്ങളുടെ എണ്ണം കുറയുമെന്നു ഗണിക്കപ്പെടുന്നു.

ഏററവും നല്ലതായ നിയന്ത്രണസംപ്രദായത്തെ അവലംബിക്കുന്നതായാൽ തന്നെയും ചിലപ്പോൾ അപ്രകാരമുള്ള അപരാധങ്ങളെ കുട്ടികൾ ചെയ്യുന്നതാണ്; അപ്പോഴും സ്വഭാവേനയുണ്ടാകുന്ന തത്തൽ ഫലങ്ങളെ അനുഭവിപ്പിക്കുക എന്നുള്ള നിയന്ത്രണസംപ്രദായത്തെത്തന്നെ അവലംബിക്കാം; മുൻവിവരിച്ചപ്രകാരമുള്ള സ്നേഹവിശ്വാസങ്ങൾ പരസ്പരമുണ്ടെന്നുവരികിൽ ഈ നിയന്ത്രണം ധാരാളം മതിയാകുംതാനും. എന്തുകൊണ്ടെന്നാൽ ഒരു കളവു ചെയ്താൽ സ്വഭാവേനതൽപ്രതീകാരരൂപമായിട്ടുണ്ടാകുന്ന ഫലങ്ങൾ എന്തെല്ലാമാണ്? അവ രണ്ടു വിധമാകുന്നു—ഒന്നു പ്രത്യക്ഷം, മറേറതു പാരോക്ഷികം. കേവലം ധർമ്മത്തെ പ്രമാണമാക്കിക്കൊണ്ടുള്ള വിധിപ്രകാരം, എടുത്ത മുതലു തിരിയെ കൊടുക്കുക അല്ലെങ്കിൽ അതിന്നു പ്രതിഫലം കൊടുക്കുക എന്നുള്ളതാണ് പ്രത്യക്ഷമായിട്ടുള്ള തൽഫലം. നീതിമാനായ ഒരു ഭരണകർത്താവ് (പിതാക്കന്മാരോരുത്തരും അ വിധമായിത്തീരുവാനാണ് നോക്കേണ്ടതും) തെററായ ഒരു പ്രവൃത്തികൊണ്ടുണ്ടായിട്ടുള്ള ദോഷത്തെ കഴിയുന്നതു ശരിയായ ഒരു പ്രവൃത്തികൊണ്ടില്ലാതാക്കണമെന്നു ശാസിക്കുന്നു. കളവു കാര്യത്തിൽ കട്ടെടുത്ത പദാർത്ഥത്തെ തിരിയെ കൊടുക്കുകയോ അല്ലെങ്കിൽ, അതു ചെലവാക്കികഴിഞ്ഞിട്ടുള്ള പക്ഷം, പകരം തത്തുല്യമായിട്ടുള്ളതിനെ കൊടുക്ക

കയോ വേണമെന്നാണ് ഇതു സൂചിപ്പിക്കുന്നതു്. ആ കാൎയ്യം ഒരു കുട്ടിയുടെ സംഗതിയിൽ അതിന്റെ പോക്കറ്റുമണിയിൽനിന്നു വക എടുത്തു സാധിക്കേണ്ടതാകുന്നു. പാരോക്ഷികമായിട്ടുള്ളതും അധികം ഗൌരവമുള്ളതുമായ ഫലം മാതാപിതാക്കന്മാരുടെ അതിയായിട്ടുള്ള നീരസം തന്നെയാകുന്നു—ഈ ഫലം കളവു കുററകരമായ ഒരു പ്രവൃത്തിയാണെന്നു വിചാരിക്കത്തക്ക സ്ഥിതിയിലെത്തീട്ടുള്ള എല്ലാ നാഗരികന്മാരുടെ ഇടയിലും അവശ്യം ഉണ്ടാകുന്നു. ചിലർ ഇങ്ങനെ പറയുമായിരിക്കും:—"ഈ വക സംഗതികളിൽ മാതാപിതാക്കന്മാർ വാക്കുകൊണ്ടോ പ്രഹരംകൊണ്ടോ തങ്ങളുടെ നീരസത്തെ പ്രകാശിപ്പിക്കുന്നുവെന്നതു തന്നെയാണല്ലൊ സാധാരണ രീതി; പ്രസ്തുത സമ്പ്രദായം പുതിയതായിട്ടൊന്നിലേയ്ക്കും വഴികാണിക്കുന്നില്ല." വളരെ ശരിതന്നെ. ചിലരിക്കിൽ ഈ രീതിയെ സ്വഭാവേന തന്നെ അനുവൎത്തിച്ചു വരുന്നുണ്ടു് എന്നു ഞങ്ങൾ മുമ്പുതന്നെ സമ്മതിച്ചിട്ടുണ്ടു്. എല്ലാ വിദ്യാഭ്യാസ സമ്പ്രദായങ്ങളുടേയും ഗതി ശരിയായ രീതിക്കഭിമുഖമായിട്ടു തീരുന്നുണ്ടെന്നും ഞങ്ങൾ മുമ്പു കാണിച്ചിട്ടുണ്ടു്. ഇപ്രകാരമുള്ള സഹജ പ്രതികാരങ്ങളുടെ തീക്ഷ്ണത, ഹിതകരമായിട്ടുള്ള വസ്തുവ്യവസ്ഥയിൽ, കാലദേശാദ്യവസ്ഥകളെ അനുസരിച്ചു് ആവശ്യം പോലെ ശരിപ്പെട്ടു കൊള്ളുമെന്നു ഞങ്ങൾ മുമ്പു പറഞ്ഞിട്ടുള്ളതുപോലെ ഇ

പ്പോൾ ഇവിടെയും പ്രസ്താവിച്ചുകൊള്ളുന്നു: മനുഷ്യർ സാമാന്യേന അപരിഷ്കൃതന്മാരായിട്ടിരിക്കുന്ന കാലത്ത് അവരുടെ കുട്ടികളും തദനുരൂപമായി സാമാന്യേന അപരിഷ്കൃതന്മാരായിരിക്കുമ്പോൾ അവരുടെ നേരെയുള്ള പിതാക്കന്മാരുടെ നീരസം കുറെ അധികം ക്രൂരതയോടുകൂടി പ്രകാശിക്കുകയും ജനസമുദായം കുറെക്കൂടി ഉന്നതനിലയിലായിരിക്കുമ്പോൾ ആ നീരസം അതിനെക്കാൾ കുറച്ചുമാത്രം ക്രൂരതയോടുകൂടി പ്രകാശിക്കുകയും ചെയ്യുന്നതാണ്; ഈ (രണ്ടാമതുപറഞ്ഞ) അവസ്ഥയിൽ കുട്ടികളും കുറെക്കൂടി സൌമ്യമായ ശാസനയ്ക്കു കീഴടങ്ങത്തക്കവരായിരിക്കുമെന്നും അൎത്ഥാൽവരുന്നുണ്ട്. എന്നാൽ നമുക്കു ഇവിടെ മുഖ്യമായിട്ടുകണ്ടറിയേണ്ട സംഗതിഎന്തെന്നാൽ, പിതാക്കന്മാൎക്കും കുട്ടികൾക്കും തമ്മിലുള്ള സ്നേഹത്തിന്ന് എത്രത്തോളം ശക്തിയുണ്ടോ അത്രത്തോളം മാത്രമെ അധികം ഗൌരവമുള്ള ഈ വക അപരാധങ്ങൾ നിമിത്തമുണ്ടാകുന്ന പിതൃകോപം ദുഷ്ഫലത്തെ ചെയ്യുന്നതായി ഭവിക്കുകയുള്ളുവെന്നതാണ്. ഓരോ അപരാധങ്ങളുടെ ഫലമായി സ്വഭാവേന ഉണ്ടാകുന്ന ശിക്ഷകളെ കുട്ടികളെക്കൊണ്ടനുഭവിപ്പിക്കുക എന്നസമ്പ്രദായത്തെ മററുസംഗതികളിൽ എത്രത്തോളം സ്ഥിരതയോടുകൂടി അനുവൎത്തിച്ചിട്ടുണ്ടോ അതിന്നനുരൂപമായിട്ടു മാത്രമേ ഈ സംഗിയിൽ അതു

ഫലവത്തായിത്തീരുകയുള്ളൂ. ഇതിന്നുള്ള തെളിവ് അവരവരുടെ അനുഭവത്തിൽതന്നെ ഉള്ളതായിട്ട് എല്ലാവക്കും നോക്കിയാൽ കാണാവുന്നതാണ്.

എന്തെന്നാൽ, ഒരുവൻ മററൊരുവന്ന് എന്തെങ്കിലും അപരാധം ചെയ്കവെങ്കിൽ അവന്നതുകൊണ്ടുണ്ടാകുന്ന മനസ്താപം (ലൌകികമായസംഗതികളെ കണക്കാക്കാതെ) ആ മററൊരുവൻെറ നേരെ അവന്നുള്ള സ്നേഹത്തിൻെറ താരതമ്യം പോലെ വ്യത്യാസപ്പെട്ടിരിക്കുമെന്നു എല്ലാവരും അറിയുന്നില്ലെ? അപരാധമേററിട്ടുള്ള പുരുഷൻ അവൻെറ ശത്രുവാണെങ്കിൽ തൻെറ ശത്രുവിന്നു തൊന്തരവുണ്ടാക്കിത്തീത്തുവെന്നസംഗതി വ്യസനത്തെക്കാൾ ആന്തരമായിട്ടൊരു തൃപ്തിയെ ജനിപ്പിക്കുന്നതാണ് അധികം വഴിഎന്നതു് അവന്നുതന്നെബോദ്ധ്യമല്ലെ? തീരെ അപരിചിതനായ ഒരുവൻ തൻെറ നേരെ മുഷിഞ്ഞിട്ടുള്ള ഘട്ടത്തിങ്കൽ തനിക്കു് ഏററവും അടുപ്പമുള്ള ഒരുവൻ മുഷിഞ്ഞാലുണ്ടാകുന്നതിനേക്കാൾ വളരെ കുറച്ചുമാത്രം വിഷാദമേ തനിക്കു തോന്നീട്ടുള്ളുവെന്നു അവൻ ഓക്കുന്നില്ലെ? നേരെമറിച്ചു, താൻവളരെക്കാലം ശ്ലാഘിച്ചും സ്നേഹിച്ചും വന്നിരുന്ന ഒരുസ്നേഹിതൻെറ കോപത്തെ അതിയായ ഒരു നിർഭാഗ്യമായി അവൻ കരുതുകയില്ലെ? അതുകൊണ്ടു അവൻ ദീഘകാലം ഉള്ളിൽ

കൊണ്ടു വ്യസനിക്കുകയുമില്ലെ? അതുപോലെതന്നെ കുട്ടികളുടെ നേരെ മാതാപിതാക്കന്മാർ കാണിക്കുന്ന നീരസത്തിൻെറ ഫലം മുമ്പിനാൽ തന്നെ അവൎക്കു പരസ്പരമുള്ള അനുരാഗാദി സംബന്ധത്തെ അനുസരിച്ചു് അവശ്യം ഭേദപ്പെട്ടിരിക്കുന്നതാണ്. കുറെ അകന്നിട്ടാണ് അവരുടെ നില എങ്കിൽ കുററംചെയ്തിട്ടുള്ള ഒരു കുട്ടിക്കു് തല്ലുകൊണ്ടെങ്കിലൊ എന്നൊ അല്ലെങ്കിൽ തനിക്കുവേണ്ട പദാൎത്ഥങ്ങളെ മുടക്കിഎങ്കിലൊ എന്നൊ ഉള്ള കേവലം സ്വാൎത്ഥപരമായ ഒരു ഭയം മാത്രമാണുണ്ടാകുന്നതു്; ഈ ശിക്ഷകൾ ഏല്പിക്കപ്പെട്ടതിൻെറ ശേഷം തൽഫലമായിട്ടുണ്ടാകുന്ന ദോഷകരമായ പ്രതികൂലതയും രസക്ഷയവും ആ അകലിച്ചയെ കുറെക്കൂടി വൎദ്ധിപ്പിക്കുന്നു. നേരെമറിച്ചു, മാതാപിതാക്കന്മാർ കുട്ടികളുടെ നേരെ കാണിക്കുന്ന സ്ഥിരമായ വാത്സല്യം നിമിത്തം അവൎക്കു പിതാക്കന്മാരുടെ പേരിലുണ്ടായിട്ടുള്ള സ്നേഹം എവിടെ സ്ഥിതിചെയ്യുന്നുവോ അവിടെപിതൃകോപം കൊണ്ടു മക്കൾക്കുണ്ടാകുന്ന മനശ്ശല്യം, മേലിൽ അതേമാതിരിയിലുള്ള ദുസ്സാമൎത്ഥ്യങ്ങൾ കാണിക്കാതിരിക്കുന്നതിനു നല്ലൊരു വിലക്കമായിട്ടുതീരുന്നുവെന്നു മാത്രമല്ല അവൎക്കതു് യഥാൎത്ഥത്തിൽ ഹിതാവഹമായിട്ടിരിക്കുകയും ചെയ്യുന്നു. അധികമായി സ്നേഹിക്കപ്പെടുന്നവരുടെ താൽക്കാലികമായ സ്നേഹവിശ്ലേഷംനിമിത്തം

മുണ്ടായിട്ടുള്ള മാനസികമായ ദുഃഖമാണ്, ഇവിടെ സാധാരണ ഏൎപ്പിക്കപ്പെടുന്ന ശാരീരക ദുഃഖത്തിന്നു പകരം നില്ക്കുന്നതു്; അതു് (മാനസികദുഃഖം) താഡനനാദി ശിക്ഷകളെക്കാൾ അധികമില്ലെങ്കിലും അവയോളം തന്നെ കാൎയ്യസാധകമാണെന്നും തെളിയുന്നുണ്ട്. ഒരു സമ്പ്രദായം കൊണ്ടു കുട്ടികൾക്കു ഭയവും പ്രതിക്രിയാഭാവവും ഉണ്ടായിത്തീരുന്നു; എന്നാൽ, അവയ്ക്കു പകരം, മറേറതുകൊണ്ടു് തങ്ങളുടെ ദുസ്സാമൎത്ഥ്യം നിമിത്തം പിതാക്കന്മാൎക്കുണ്ടായിട്ടുള്ള ഖേദത്തിന്നനുരൂപമായ ഒരു ഖേദവും അതിന്നിടവരുത്തിയതിനെപ്പററി വാസ്തവമായിട്ടുള്ള പശ്ചാത്താപവും എന്തെങ്കിലും പ്രായശ്ചിത്തം കൊണ്ടു തങ്ങളുടെപേരിൽ അവൎക്കുള്ള സ്നേഹത്തെ വീണ്ടും ഉറപ്പിക്കണമെന്നുള്ള ഒരാഗ്രഹവും ആണ് കുട്ടികൾക്കുണ്ടാകുന്നതു്. കുററകരങ്ങളായ പ്രവൃത്തികൾക്കു കാരണമായിരിക്കുന്ന അതിയായ സ്വാൎത്ഥബുദ്ധിയെ ഇളക്കിപ്പുറപ്പെടുവിക്കുന്നതിന്നുപകരം (ഈ സമ്പ്രദായം കൊണ്ടു്) കുററകരങ്ങളായ പ്രവൃത്തികളെ തടുക്കുന്ന സ്വാൎത്ഥരഹിതമായ ബുദ്ധി പ്രകാശിപ്പിക്കപ്പെടുന്നു. ഇങ്ങിനെ, അതാതപരാധങ്ങൾക്കനുരൂപമായിട്ടുള്ള സ്വാഭാവികപ്രതീകാരങ്ങളെ മാത്രം കുട്ടികളെക്കൊണ്ടനുഭവിക്കുക എന്നുള്ള നിയന്ത്രണ സമ്പ്രദായം അധികം ഗൌരവമുള്ള അപരാധങ്ങൾക്കും നിസ്സാരങ്ങളായിട്ടുള്ളവയ്ക്കും ഒരുപോ

ലെ പ്രയോഗിക്കപ്പെടാവുന്നതായിട്ടിരിക്കുന്നു. തദനുഷ്ഠാനംകൊണ്ടു് അപ്രകാരമുള്ള അപരാധങ്ങളെ നിരോധിക്കാമെന്നുമാത്രമല്ല ഇല്ലാതാക്കുക തന്നെയും ചെയ്യാം.

ചുരുക്കിപ്പറയുന്നതായാൽ ക്രൂരഭാവം ക്രൂരഭാവത്തെത്തന്നെ ജനിപ്പിക്കുന്നു; സൌമ്യഭാവം സൌമ്യഭാവത്തേയും ജനിപ്പിക്കുന്നു; ഇതാണ് വാസ്തവം. നിർദ്ദയമായി വളർത്തപ്പെടുന്ന കുട്ടികൾ നിർദ്ദയന്മാരായിത്തീരുന്നു. മറിച്ച്, കുട്ടികളെ സ്നേഹത്തോടും അനുകമ്പയോടും കൂടി വളർത്തിക്കൊണ്ടുവരിക എന്നതു അവരെ ഭൂതാനുകമ്പയുള്ളവരാക്കിത്തീർക്കുന്നതിന്നു് ഒരുപായമാകുന്നു. രാജ്യഭരണത്തെ സംബന്ധിച്ചെന്ന പോലെ കുഡുംബഭരണത്തെ സംബന്ധിച്ചും സ്വേച്ഛപോലെയുള്ള നിഷ്ഠുരശാസനം തന്നെ, ആ ശാസനയാൽ നിരോധിക്കപ്പെടേണ്ടവയായ അധികഭാഗം കുററങ്ങളേയും ഉല്പാദിപ്പിക്കുന്നു നേരെ മറിച്ചു സൌമ്യമായും ഉദാരമായുമുള്ള ഒരു ഭരണം കലഹത്തിന്നുള്ള പല കാരണങ്ങളേയും അകററിക്കളയുന്നതിന്നുപുറമെ തെററായ പ്രവൃത്തികളുള്ള വാസനയെ കുറയ്ക്കുത്തക്കവണ്ണം ജനങ്ങളുടെ ചിത്തവൃത്തിക്കു ശാന്തത വരുത്തുകയും ചെയ്യുന്നു. ജാൺലോക്ക് എന്ന വിദ്വാൻ ഇങ്ങിനെ പറഞ്ഞിരിക്കുന്നു. —"വിദ്യാഭ്യാസകാര്യത്തിൽ കഠിനമായ ശിക്ഷ സ്വല്പം ഗുണത്തെ മാത്രമേ ചെയ്യുന്നു

ള്ളു, എന്നല്ല വളരെ ദോഷങ്ങളെ ചെയ്യുന്നുണ്ടു താനും; അത്യന്തം കഠിനമായി ശിക്ഷിക്കപ്പെട്ടുന്ന കുട്ടികൾ ദുർല്ലഭമായിട്ടേ ഏററവും ഗുണവാന്മാരായിത്തീൎന്നു കാണുകയുള്ളുവെന്നാണ് എൻെറ വിശ്വാസവും" ഈ അഭിപ്രായത്തെ ഉറപ്പിക്കുന്നതിന്നു പ്രമാണമായിട്ടു് "പെൻറൺ വില്ലെ" എന്നു പേരായ ജേലിലെ തടവുകാരുടെ ധൎമ്മോപദേഷ്ടാവായ മിസ്റ്റർ റോജൎസ എന്ന മഹാൻ കുറച്ചു മുമ്പു പ്രസിദ്ധപ്പെടുത്തിട്ടുള്ള ഒരു സംഗതിയെ എടുത്തു കാണിക്കാം. അടിശിക്ഷ ഏററിട്ടുള്ള കുട്ടികളാണു് അധികവും ജയിലിലേയ്ക്കു വീണ്ടും വരുന്നതു് എന്നാണു് അദ്ദേഹം പറയുന്നതു്. ഇതിന്നു വിപരീതമായി, ദയയോടുകൂടിയും സൌമ്യമായുമുള്ള പെരുമാററം കൊണ്ടു ഹിതാവഹമായ ഫലമുണ്ടാകുന്നുവെന്നതിന്നു പരന്ത്രീസ്സുകാരിയായ ഒരു സ്ത്രീ ഞങ്ങളോടു പറഞ്ഞിട്ടുള്ള സംഗതി നല്ലൊരു ദൃഷ്ടാന്തമാകുന്നു. ഞങ്ങൾ ഈയിടെ പാരീസ്സിൽ പോയപ്പോൾ ആ സ്ത്രീയുടെ ഭവനത്തിലാണു് താമസിച്ചതു്. അവിടത്തെ പടുവികൃതിയായ ഒരു ചെറുബാലൻ ദിവസേന ഉണ്ടാക്കിത്തീൎത്ത അസഹ്യതയെപ്പററി മാപ്പു ചോദിച്ചുകൊണ്ടു് വീട്ടിലും പള്ളിക്കൂടത്തിലും അവനെ ഒതുക്കി നടത്തുവാൻ പ്രയാസമായിരിക്കുന്നുവെന്നും അവൻെറ ഒരു ജ്യേഷ്ഠൻെറ കാൎയ്യത്തിൽ ഫലിച്ചവഴിയല്ലാതെ—അതായതു് അവനെ ഒരു ഇംഗ്ലീഷ് പള്ളി

ക്കൂടത്തിലേയ്ക്കയയ്ക്കുക എന്നല്ലാതെ— വേറെ യാതൊരു നിവൃത്തിയുമില്ലെന്നും ആ സ്ത്രീ പറയുകയുണ്ടായി. ആ സംഗതി അവൾ ഇങ്ങിനെ വിസ്തരിച്ചു പറഞ്ഞു: പാരീസ്സ് നഗരത്തിലുള്ള പലേ സ്കൂളുകളിലേയ്ക്കും ഈ ജ്യേഷ്ഠപുത്രനെ അയച്ചുനോക്കി; അവിടെ എങ്ങും അവൻ ഒതുങ്ങിയില്ല; അത്ര വികൃതിയായിരുന്നു. യാതൊരു നിവൃത്തിയും കാണാതെ നിരാശപ്പെട്ടിരിക്കുന്ന സമയം അവനെ ഒരു ഇംഗ്ലീഷ് പള്ളിക്കൂടത്തിലേയ്ക്കയച്ചാൽ നന്നായിരിക്കുമെന്നു ആരോ ഉപദേശിച്ചു. അതുപ്രകാരം അവനെ ഇംഗ്ലാണ്ടിലേയ്ക്കയച്ചു. മടങ്ങിവന്നപ്പോൾ അവൻ ആദ്യം എത്രത്തോളം വികൃതിയായിരുന്നുവോ അത്രത്തോളം നല്ലവനായിട്ടു തീൎന്നു. ആശ്ചര്യകരമായ ഈ ഒരു മാററം അവനിലുണ്ടായതു് ഇംഗ്ലീഷുപള്ളിക്കൂടങ്ങളിലെ നിയന്ത്രണത്തിൻെറ ഏറക്കുറെയുള്ള സൌമ്യതകൊണ്ടു തന്നെയാകുന്നുവെന്നാണ് അവൾ അഭിപ്രായപ്പെട്ടതു്.

നിയന്ത്രണസമ്പ്രദായസംബന്ധമായ മൂലതത്വങ്ങളുടെ മുൻകാണിച്ചപ്രകാരമുള്ള വിവരണത്തിന്നശേഷം ഇനി അവയിൽനിന്നനുമാനിക്കാവുന്നതായ ചില നിയമങ്ങളുടേയും ചട്ടങ്ങളുടേയും നിരൂപണത്തിന്നായികൊണ്ടു ശേഷംഭാഗമുപയോഗപ്പെടുത്താം; ചുരുക്കത്തിന്നു വേണ്ടി ഇവയെ ഒരുപദേശരൂപമായിട്ടു കാണിക്കുകയുംചെയ്യാം.

കുട്ടികളിൽ സൽഗുണങ്ങൾ ധാരാളമായിട്ടുണ്ടാകുമെന്നു കരുതരുത്. ആചാരസമുന്നതിയെ പ്രാപിക്കുകയും ബുദ്ധിസംസ്കാരം ഏറെക്കുറെ സിദ്ധിക്കുകയും ചെയ്തിട്ടുള്ള മനുഷ്യരെല്ലാവരും അസംസ്കൃതാവസ്ഥയിൽ നിന്നു ക്രമേണ കയറീട്ടാണ് ആ നിലയിലെത്തീട്ടുള്ളത്; അതിനാൽ ബാല്യകാലങ്ങളിൽ അവക്കെല്ലാവക്കും, അസംസ്കൃതന്മാരായിട്ടുള്ളവർ എന്തെല്ലാം സ്വഭാവഭേദങ്ങളെ പ്രകാശിപ്പിക്കുന്നുവോ അവയിൽക്കൂടിത്തന്നെ കടന്നുപോകേണ്ടതായിട്ടുവരുന്നു. ഒരു കുട്ടിയുടെ ആകൃതി— പരന്നമൂക്ക്, മേല്പോട്ടു വിടന്ന നാസികാദ്വാരങ്ങൾ, കനത്തുതടിച്ച ചുണ്ട്, അകന്ന കണ്ണ് മുതലായവ— കുറച്ചുകാലത്തേയ്ക്കു അസംസ്കൃതജനത്തിന്റെ ആകൃതിപോലെതന്നെയിരിക്കുന്നു; വാസനാജന്യമായ അതിന്റെ അന്തഃകരണവൃത്തിയും തത്തുല്യമായിട്ടുതന്നെയിരിക്കുന്നു. ആ കാരണത്താലാണ് ക്രൂരത, മോഷണം, നുണപറയുക മുതലായവയ്ക്കുള്ള വാസന എല്ലാ കുട്ടികളുടേയും ഇടയിൽ അത്ര സാധാരണയായിരിക്കുന്നതു്. ഈ വക വാസനകൾ പ്രായം ചെല്ലുന്തോറും, അവയവങ്ങളുടെ ആകൃതി എന്നപോലെ, വിശേഷിച്ചു അഭ്യാസമൊന്നുംകൂടാതെതന്നെ, ഏറെക്കുറെ ഭേദപ്പെടുന്നതാണ്. കുട്ടികൾ സ്വഭാവേന നിഷ്കപടന്മാരാകുന്നുവെന്നാണ് പരക്കെയുള്ള ബോധം. അസത്തായ (തിന്മയായ) ജ്ഞാനത്തെ സംബന്ധിച്ചു് അത്ര ശരി

യായിരിക്കും; പക്ഷെ അസത്തായ വാസനകളെ (ദുഷ്ട കൎമ്മങ്ങൾചെയ്വാനുള്ള വാസനകളെ) സംബന്ധിച്ച് ഈ ബോധം തീരെ തെററായിട്ടുള്ളതാകുന്നു; കുട്ടികളുടെ മുറിയിൽ ചെന്ന് അരമണിക്കൂറുനേരം അവരുടെ ചേഷ്ടിതങ്ങളിൽ മനസ്സിരുത്തിനോക്കിയാൽ ആൎക്കും ഇതു സ്പഷ്ടമാകുന്നതാണ്. സാധാരണ പള്ളിക്കൂടങ്ങളിലെന്നപോലെ യഥേഷ്ടമാചരിക്കുന്നതിന്നു കുട്ടികളെ വിടുന്നുവെങ്കിൽ പ്രായം ചെന്നവർ തമ്മിൽ ഇടപെടുന്നതിനെക്കാൾ അധികം ക്രൂരതയോടുകൂടിയാണ് അവർ തമ്മിൽ ഇടപെടുക. കുറേക്കൂടി ബാല്യത്തിൽ തന്നെ അവരെ കൈവിടുന്നുവെങ്കിൽ അവരുടെ ക്രൂരസ്വഭാവം കുറേക്കൂടി സ്പഷ്ടമായിരിക്കും.

ഉൽകൃഷ്ടമായ ഒരു തോതനുസരിച്ചുകൊണ്ടുള്ള സദാചാരപദ്ധതി കുട്ടികൾക്കായിട്ടേർപ്പെടുത്തുന്നത് അവിവേകമാണ് എന്നുമാത്രമല്ല അപ്രകാരമുള്ള സദാചാരത്തെ ശീലിക്കുന്നതിന്ന് അവരെ നിർബന്ധേന പ്രോത്സാഹിപ്പിക്കുന്നതും അവിവേകമാകുന്നു. ബാല്യത്തിൽ പ്രായത്തിന്നൊത്തതല്ലാത്ത ബുദ്ധിശക്തിയെ പ്രകാശിപ്പിക്കുന്നതുകൊണ്ടുള്ള ദോഷഫലം പലൎക്കും ബോദ്ധ്യമായിട്ടുണ്ട്; എന്നാൽ പ്രായത്തിന്നടുത്തതല്ലാതെ കണ്ടുള്ള ധാൎമ്മികമായ ബുദ്ധിയും ദോഷഫലത്തെ ഉണ്ടാക്കുന്നതായിട്ടുത

ന്നെയാണ് പരിണമിക്കുക എന്നതു് ഇനിയും ബോദ്ധ്യമാകാതെ കണ്ടിട്ടുള്ള ഒരു സംഗതിയാകുന്നു. നമ്മുടെ ധാൎമ്മികമായിട്ടുള്ള ചിത്തവൃത്തികളും ധീവൃത്തികളും എന്നപോലെ, താരതമ്യേന സങ്കീൎണ്ണങ്ങളായിട്ടിരിക്കുന്നു. അതുഹേതുവായിട്ടു്, താരതമ്യേന, രണ്ടും കുറെക്കാലം കഴിഞ്ഞിട്ടേ പൂൎണ്ണവികാസത്തെ പ്രാപിക്കുന്നുള്ളു. കാലെക്കൂട്ടിയുള്ള പ്രോത്സാഹനംകൊണ്ടു രണ്ടും അകാലത്തിൽ വികാസത്തെ പ്രാപിക്കുന്നുവെങ്കിൽ അതു കുട്ടികളുടെ മേലാലത്തെ സ്വഭാവനിൎമ്മാണത്തിന്നു ദോഷകരമായിരിക്കുന്നതാണു്. അതുകൊണ്ടാണ് ഒട്ടും അസാധാരണമല്ലാത്ത ഈ ക്രമമക്കേടു്—ബാല്യത്തിങ്കൽ ബാലസൽഗുണങ്ങൾക്കൊരാദൎശമായിട്ടിരുന്നിരുന്നവർ ക്രമേണ പ്രായംചെല്ലുന്തോറും, അകാരണമായിട്ടെന്നപോലെ, ചിത്തത്തത്തിലേയ്ക്കു കടന്നു് ഒടുക്കം ലോകസാമാന്യമായ സൽഗുണങ്ങൾ തന്നെ തികച്ചുമില്ലാത്തവരായിത്തീരുക എന്ന സംഗതി ഉണ്ടാകുന്നതു്; മറിച്ചു്, സദാചാരവിഷയത്തിൽ ഒട്ടേറേ മാതൃകാപുരുഷന്മാരായിട്ടുള്ളവർ അധികവും തദ്വിഷയകമായിട്ടു് ഒട്ടുംതന്നെ പ്രശംസാൎഹമല്ലാതിരുന്ന ബാല്യദശയിൽ നിന്നുത്ഭവിച്ചവരാകുന്നുവെന്നുള്ളതും (എന്നുള്ള ക്രമവിരോധവും) ആ കാരണത്താൽതന്നെയാകുന്നു.

അതിനാൽ ഈ വിഷയത്തിൽ സാമാന്യമായിട്ടുള്ള ഉപായങ്ങൾകൊണ്ടും തദനുരൂപമായിട്ടുള്ള സാമാന്യഫലങ്ങൾകൊണ്ടും തൃപ്തിപ്പെടേണ്ടതാകുന്നു. ബുദ്ധിശക്തിയെന്നപോലെ ധർമ്മവിഷയകമായ ജ്ഞാനശക്തിയും സാവധാനത്തിൽ മാത്രമേ ഉയർന്നനിലയിലെത്തുകയുള്ളൂവെന്നു് ഓർമ്മവെയ്ക്കണം. അപ്പോൾ നിങ്ങളുടെ കുട്ടി ക്ഷണംപ്രതി കാണിക്കുന്നതായ കുററങ്ങളെയും കുറവുകളെയും പൊറുക്കുന്നതിനുള്ള ക്ഷമ നിങ്ങൾക്കുണ്ടാകും. അവരെ എപ്പോഴും ശകാരിക്കുന്നതിനും ഭയപ്പെടുത്തുന്നതിനും നിരുപദ്രവമായ അവരുടെ ക്രീഡകളെ മുടക്കുന്നതിനും നിങ്ങൾക്കപ്പോൾ തോന്നുകയില്ല; ഈ വിധമുള്ള ശിക്ഷകളെക്കൊണ്ടു കുട്ടികളെ വേണ്ടവിധമാക്കിത്തീർക്കാമെന്നുള്ള കഥയില്ലാത്ത വിചാരംനിമിത്തം മാതാപിതാക്കന്മാർ പലരും അപ്രകാരംചെയ്തിട്ടു് തങ്ങളുടെ ഗൃഹങ്ങളിൽ നീണ്ടുനിൽക്കുന്നതായ കലഹങ്ങളെ ഉണ്ടാക്കിത്തീർക്കുന്നു.

ഇപ്രകാരമുള്ള ഉദാരമായ ഗൃഹഭരണരീതി ഞങ്ങൾ സമർത്ഥിച്ചിട്ടുള്ള സമ്പ്രദായവിശേഷത്തിൽനിന്നു് (തൽഫലമായിട്ടു്) അവശ്യമുണ്ടാകുന്നു. ഈ രീതി, കുട്ടികളുടെ സകലപ്രവൃത്തികളെയും പിതാക്കന്മാരുടെ ഇഷ്ടംപോലെ ഇനം തിരിച്ചു ക്രമപ്പെടുത്തുവാനാ

വശ്യപ്പെടുന്നില്ല. കുട്ടികളുടെ വികൃതിത്തരങ്ങൾക്കു തക്കതായ സ്വാഭാവികപ്രതീകാരങ്ങളെ അവർ നിയമേന അനുഭവിക്കുന്നില്ലെ എന്നു നോക്കിക്കൊണ്ടുക മാത്രമേ വേണ്ടു; എന്നാൽ നിങ്ങൾക്കു് അതിരു കവിഞ്ഞേതക്കാവുന്ന ശാസനം കൂടാതെ കഴിക്കാം; ആ കാൎയ്യത്തിൽ പിതാക്കന്മാർ പലരും തെററിപ്പോകുന്നുണ്ടു്. തരമുള്ളേടത്തെല്ലാം കുട്ടികളെ സ്വാനുഭവംകൊണ്ടുണ്ടാകുന്ന പാഠം പഠിക്കുവാൻ തന്നെ കഴിയുന്നതും വിടണം. അങ്ങിനെയായാൽ അതിയായ ശാസനം കൊണ്ടു്, അനുസരണയുള്ള കുട്ടികളിൽ ഞെക്കിപ്പഴുപ്പിച്ചെന്നപോലെയുണ്ടായിത്തീരുന്ന ഒരുവക സൌശീല്ല്യത്തിൽ നിന്നു അവരെ ഒഴിവാക്കാം; അല്ലെങ്കിൽ സ്വതന്ത്രബുദ്ധികളായ കുട്ടികൾക്കു നിങ്ങളുടെ പേരിൽ അതുകൊണ്ടുണ്ടാകുന്ന ധൎമ്മവിപ്ലവകരമായ ശത്രുതയ്ക്കും ഇടകൊടുക്കാതെ കഴിക്കാം.

കുട്ടികളുടെ ദുസ്സാമൎത്ഥ്യങ്ങൾക്കു സ്വാഭാവികമായിട്ടുള്ള ശിക്ഷകളെ മാത്രം എല്ലാസംഗതികളിലും അവരെക്കൊണ്ടനുഭവിപ്പിക്കുന്ന കാൎയ്യമറപ്പിക്കണം എന്നുദ്ദേശിക്കുന്നതു കൊണ്ടു നിങ്ങൾ നിങ്ങളുടെ ദുസ്സ്വഭാവത്തിന്നും നല്ലൊരടക്കം വെയ്ക്കുന്നതാണ്. അധികപക്ഷം, എന്നല്ല ഒട്ടുമിക്കു, മാതാപിതാക്കന്മാരും അനുസരിച്ചു വരുന്ന നയോപദേശപദ്ധതി, തൽക്കാലം

തോന്നിയപോലെയുള്ള കോപപ്രകടനമല്ലാതെ വേറെ ഒന്നുമല്ല എന്നു വ്യസനത്തോടുകൂടി പറയേണ്ടിയിരിക്കുന്നു. ചെറിയകുട്ടികളുടെ ചില്ലറ വികൃതികൾക്കു് (വാസ്തവത്തിൽ അവ പലതും വികൃതികൾ തന്നെയാവുകയില്ല) ശിക്ഷയായിട്ടു് അമ്മമാർ സാധാരണചെയ്യുവരാറുള്ള പ്രഹരം, കെട്ടിവെച്ച കലുക്കൽ, ഉറക്കെ കഠിനവാക്കുപറയുക മുതലായപ്രവൃത്തികളെല്ലാം അവരുടെ അടക്കുവാൻ വയ്യാത്ത കോപാദിചിത്തവൃത്തികളുടെ പ്രകടനം മാത്രമാകുന്നു; ആവക ചിത്തവൃത്തികളുടെ പ്രേരണയുടെ ഫലമായിട്ടാണ്, അല്ലാതെ കുട്ടികൾ നന്നാവണമെന്നുള്ള ഇച്ഛയുടെ ഫലമായിട്ടല്ല, അവരുടെ അപ്രകാരമുള്ള പ്രവൃത്തികൾ ഉണ്ടാകുന്നതു്. എന്നാൽ കുട്ടികൾ ദുസ്സാമർത്ഥ്യം കാണിക്കുമ്പോളെല്ലാം അവയ്ക്കു തക്കതായ ശിക്ഷ എന്താണെന്നും അതെങ്ങിനെയാണ് ഉള്ളിൽ തട്ടത്തക്കവണ്ണം ഏല്പിക്കേണ്ടതെന്നും മറവുമുള്ള സംഗതികളെപ്പററി ആലോചിക്കുന്നതിനു വേണ്ടി കുറച്ചുതാമസിക്കുന്നുവെങ്കിൽ നിങ്ങൾക്കു കോപാദികളെ അടക്കുവാനായിക്കൊണ്ടു കുറച്ചൊരിടകിട്ടുന്നു; ആദ്യം കലികയറിയതുപോലെ വന്ന കോപം അപ്പൊഴയ്ക്കും കുറച്ചൊന്നു ശമിക്കുന്നു—അത്ര എളുപ്പത്തിൽ നിങ്ങളെ അവിവേകത്തിൽ ചാടിക്കാത്ത വിധത്തിലുള്ള ഒന്നായിട്ടു തീരുന്നു.

അങ്ങിനെയാണെങ്കിലും അവരുടെ നേരെ യാതൊരു വികാരവുമില്ലാത്ത ഒരു യന്ത്രം എന്നപോലെ ആചരിക്കുന്നതും നല്ലതല്ല. നിങ്ങളുടെ കുട്ടികൾ കാണിക്കുന്ന വികൃതിത്തരങ്ങളുടെ ഫലമായി അവക്കവശ്യം അനുഭവിക്കേണ്ടിവരുന്ന സ്വാഭാവികപ്രതീകാരങ്ങൾക്കു പുറമെ നിങ്ങളുടെ അഭിനന്ദനം അല്ലെങ്കിൽ അനഭിനന്ദനം എന്നതും ഒരു സഹജ പ്രതീകാരമായിട്ടുതന്നെയിരിക്കണം; അവരെ വേണ്ടമാർഗ്ഗത്തിൽ കൂടി നടത്തുന്നതിന്ന് അതും വിഹിതമായിട്ടുള്ള സാധനങ്ങളിൽ പെട്ട ഒന്നാകുന്നു. പ്രകൃത്യാതന്നെ വ്യവസ്ഥാപിതങ്ങളായ പ്രതീകാരങ്ങൾക്കു പകരമായിട്ട് പിതൃകോപത്തെ പ്രയോഗിക്കുകയും കൃത്രിമശിക്ഷകളെ ഏല്പിക്കുകയും ചെയ്യുക എന്നതാണ് തെററ്; അതിന്നെതിരായിട്ടാണ് ഞങ്ങൾ വാദിക്കുന്നതും. ഈ സഹജപ്രതീകാരങ്ങൾക്കു പകരം അതിനെ (കൃത്രിമശിക്ഷയെ) പ്രയോഗിപ്പാൻ പാടില്ല എന്നല്ലാതെ അതു അവയെ (സഹജപ്രതീകാരങ്ങളെ) അനുഗമിക്കുവാൻ പാടില്ല എന്നു ഞങ്ങൾ ഒരിക്കലും വാദിക്കുന്നില്ല. പ്രധാനമായിട്ടുള്ള ശിക്ഷയുടെ സ്ഥാനത്തെ അപ്രധാനമായിട്ടുള്ള തുകയ്യേററം ചെയ്യുവാൻ പാടില്ല എങ്കിലും പ്രധാനമായിട്ടുള്ള ശിക്ഷയെ ശരിയായവിധത്തിൽ പൂർത്തിയാ

ക്കുന്നതിന്നായിക്കൊണ്ടു അപ്രധാനമായിട്ടുള്ളതിനെ പ്രയോഗിക്കാം. നിങ്ങൾ അനുഭവിക്കുന്നതായ വ്യസനത്തേയോ ദേഷ്യത്തേയോ വാക്കുകൊണ്ടോ ഭാവം കൊണ്ടോ സന്ദർഭോചിതംപോലെ മാത്രം പ്രകാശിപ്പിക്കണം. എന്തൊരുജാതി ചിത്തവികാരം എത്രത്തോളം നിങ്ങളിൽ ഉണ്ടാകുന്നുവെന്നതു നിങ്ങളുടെ സ്വഭാവത്തെ അവശ്യമാശ്രയിച്ചിരിക്കും; അതിനാൽ ഇന്നപ്രകാരം വേണമെന്നുപറയുന്നതു നിഷ്പ്രയോജനമാകുന്നു. എങ്കിലും ഇന്നപ്രകാരമാണു വേണ്ടതെന്നു നിങ്ങൾക്കു തോന്നുന്നവിധം ആ ചിത്തവികാരത്തെ ഭേദപ്പെടുത്തുവാൻ ശ്രമിക്കേണ്ടതാണ്. പക്ഷേ, 'അതിസർവ്വത്ര വർജ്ജയേൽ' എന്ന ന്യായപ്രകാരം കുട്ടികളുടെ നേരെകാണിക്കുന്ന നീരസം എത്രത്തോളം ശക്തിയോടുകൂടിയതായിരിക്കണമെന്നും എത്രനേരം നിലനിൽക്കണമെന്നും ഉള്ള കാര്യത്തിൽ വളരെ സൂക്ഷിക്കണം. അമ്മമാരിൽ പ്രായേണ കണ്ടുവരുന്ന സംരംഭത്തെ (വേഗാനുവർത്തിത്വം എന്ന അവസ്ഥയെ)—ഒരു ശ്വാസത്തിൽതന്നെ കഠിനമായി ശകാരിക്കയും മാപ്പുകൊടുക്കയും ചെയ്യുക എന്ന ചിത്തദൌർബ്ബല്യത്തെ—തീരെ വർജ്ജിക്കണം. വിരക്തിഭാവംകാണിക്കുന്നതും വേണ്ടകാലത്തോളമല്ലാതെ ഒട്ടുംതന്നെ കവിഞ്ഞുപോകരുതു്; അതു വേണ്ടുന്നതി

ലധികം നീണ്ടുനിൽക്കുന്നതായാൽ നിങ്ങളുടെ സഹാ യംകൂടാതെതന്നെ കഴിഞ്ഞുകൂടുവാൻ അവർ ശീലിക്കുക യും അപ്പോൾ നിങ്ങൾക്കു അവർ അധീനപ്പെടാതെ വരികയുംചെയ്യും; അങ്ങിനെയൊരവസ്ഥ വരാതിരിപ്പാൻ സൂക്ഷിക്കണം. കുട്ടികളുടെ അപരാധങ്ങൾ നിങ്ങളിൽ നിന്നുപുറപ്പെടുന്ന ധാർമ്മിക പ്രതീകാരങ്ങളെ, സ്വഭാവഗുണം തികഞ്ഞ പിതാക്കന്മാരിൽ നിന്നുപുറപ്പെടുന്ന ആ വക പ്രതീകാരങ്ങൾ എപ്രകാരമായിരിക്കുമെന്നാണ് നിങ്ങൾവിചാരിക്കുന്നതു് അവയോടു കഴിയുന്നതും തുല്യമാക്കിത്തീർക്കണം.

ആജ്ഞ കഴിയുന്നതും കുറയ്ക്കണം. വേറെ ഉപായങ്ങൾകൊണ്ടു കാര്യംമനസ്സിലാക്കാൻ കഴിയാതേയോ അല്ലെങ്കിൽ അവ ഫലിക്കാതേയോ വന്നാൽ മാത്രമേ ആജ്ഞാപിക്കാവൂ. 'പിതാക്കന്മാർ ആജ്ഞാപിക്കുന്ന മിക്കസംഗതികളിലും കുട്ടികളുടെ ഹിതത്തെക്കാൾ അധികം തങ്ങളുടെ ഹിതത്തെയാണ് അവർ നോക്കുന്നതു'' എന്നു് റിക്'റററർഎന്ന മഹാൻപറയുന്നു. പണ്ടത്തെ ജനസമുദായങ്ങളിൽ നിയമോല്ലംഘനത്തിന്നു ശിക്ഷകല്പിച്ചിരുന്നതു് രാജശാസനത്തെ അനാദരിച്ചു അല്ലെങ്കിൽ രാജദ്രോഹം ചെയ്തുവെന്ന കാരണത്താലാണ്, അല്ലാതെവാസ്തവത്തിൽ അതു തെററാണ് എന്നതുകൊണ്ടല്ല. അതുപോലെ തന്നെ

പലകുഡുംബങ്ങളിലും കററക്കാരനെ ശിക്ഷിക്കണ മെന്നു പിതാക്കന്മാൎക്കു തോന്നുന്നതിന്നുള്ള കാരണം കററത്തിന്റെ ദുഷ്ടതയെപ്പററിയ വിചാരത്തെക്കാൾ അധികം പറഞ്ഞതു കേൾക്കാഞ്ഞിട്ടുള്ള കോപമാകു ന്നു. സാധാരണ പറഞ്ഞുവരാറുള്ള വാക്കുകളെ കേൾ ക്കുക—"ഞാൻ പറഞ്ഞതു കേൾക്കാതിരിക്ക ത്തക്കവണ്ണമുള്ള ധൈൎയ്യം നിനക്കെങ്ങിനെയാണു ണ്ടായതു്; ഞാൻ നിന്നെക്കൊണ്ടതു ചെയ്യിച്ചേ ഇരിക്കു." "ആരാണ് മേലെ എന്നു ഞാൻ നിനക്കു ക്ഷ ണത്തിൽ പഠിപ്പിച്ചുതരാം"— ഈ വക വാക്കുകളും സ്വരവും പറയുന്നരീതിയും എന്താണു സൂചിപ്പിക്കുന്ന ത് എന്ന് ആലോചിച്ചു നോക്കുകയും ചെയ്യുക. ഇ വിടെ കുട്ടികളുടെ ക്ഷേമകാൎയ്യത്തിലുള്ള ഔത്സുക്യ ത്തെക്കാൾ പറഞ്ഞതുകേൾപ്പിക്കണമെന്ന വാശിയാ ണ് അധികം സ്പഷ്ടമായി കാണപ്പെടുന്നതു്. തത്സമയ ത്തുള്ള (പിതാക്കന്മാരുടെ) മനോവൃത്തി, കീഴ്‌വണങ്ങാ ത്ത തന്റെ ഒരു പ്രജയെ ശിക്ഷിപ്പാനൊരുമ്പെട്ടിട്ടുള്ള പ്രജാപീഡകനായ ഒരു സ്വതന്ത്ര രാജാവിന്റെ മനോ വൃത്തിയിൽ നിന്ന് ഒട്ടുംതന്നെ വ്യത്യാസപ്പെട്ടിരിക്കുന്നി ല്ല. എന്നാൽ ലോകാനുഗ്രഹകാരികളായ നിയമസ്ഥാ പകന്മാരെപ്പോലെതന്നെ കുട്ടികളുടെ ക്ഷേമകാൎയ്യത്തി ൽ തല്പരന്മാരായ പിതാക്കന്മാർ നിഗ്രഹകാൎയ്യത്തിലല്ല, നിഗ്രഹംകൂടാതെ കഴിക്കുന്ന കാൎയ്യത്തിലായിരിക്കും, സ

ന്തോഷിക്കുക. (ഒരുവൻെറ) നടവടിയെ ക്രമപ്പെടുത്തുന്നതിന്നു വേറെ ഉപായങ്ങളെ സഫലമാകുംവണ്ണം പ്രയോഗിക്കാവുന്ന ഘട്ടങ്ങളിൽ അവർ ശാസനം കൂടാതെതന്നെ കഴിക്കും; ചില സംഗതികളിൽ ശാസനംതന്നെ വേണ്ടിവരുമ്പോൾ അതു പ്രയോഗിക്കേണ്ടിവരുന്നതിനെപ്പററി അവർ വ്യസനിക്കുകയും ചെയ്യും. "രാജ്യഭരണകാര്യത്തിൽ അന്തരഞ്ജനം ആണു് ഏററവുമുത്തമമായ നയം; ബാലശിക്ഷണകാര്യത്തിലും അതു ശരിയായിരിക്കുന്നു (അപ്രകാരംതന്നെയാകുന്നു)" എന്നു റിക്'ററർ അഭിപ്രായപ്പെടുന്നു. യഥാൎത്ഥമായിട്ടുള്ള കൎത്തവ്യതാബുദ്ധികൊണ്ടു തങ്ങളുടെ അധികാരഭ്രമത്തെ അടക്കീട്ടുള്ള മാതാപിതാക്കന്മാർ സ്വയമേവ ഈ നിയമത്തെ അനുസരിച്ചുകൊണ്ടു കുട്ടികളെ കഴിയുന്നതും ആത്മസംയമം ചെയ്തു ശീലിപ്പിക്കുവാൻ മനസ്സുവെയ്ക്കും; ഒടുക്കത്തെ കയ്യായിട്ടു മാത്രമേ അവർ സ്വാധികാരത്തെ പ്രയോഗിക്കുകയുമുള്ളു.

എന്നാൽ എപ്പോഴെങ്കിലും നിങ്ങൾ ആജ്ഞാപിക്കുക തന്നെ ചെയ്യുന്നുവെങ്കിൽ മനോനിശ്ചയത്തോടും സ്ഥിരതയോടും കൂടി ആജ്ഞാപിക്കണം. യഥാൎത്ഥമായി മററൊരുപ്രകാരത്തിൽ പ്രവൃത്തിപ്പാൻ വയ്യാത്തതാണു് പ്രകൃതവിഷയമെങ്കിൽ ഉടനെ നിങ്ങളുടെ അധികാരത്തെ ഗൌരവത്തോടുകൂടി പ്രയോഗ

ക്കണം; പ്രയോഗിച്ചതിന്റെ ശേഷം അതിൽ നിന്ന് ഒരിക്കലും പിൻവലിക്കുകയുമരുത്. നിങ്ങൾ പ്രവൃത്തിപ്പാൻ പോകുന്നതെന്താണെന്ന നല്ലവണ്ണം ആലോചിക്കണം; വന്നുകൂടുന്ന എല്ലാ ഫലങ്ങളുടേയും ഗുണദോഷങ്ങളെപ്പററി സൂക്ഷ്മമായിട്ട നിരൂപണം ചെയ്യണം; നിങ്ങൾ ഉദ്ദേശിക്കുന്ന കാൎയ്യത്തിൽ വേണ്ടതക്ക ഉറപ്പ് നിങ്ങൾക്കുണ്ടൊ എന്നവിചാരിച്ചു നോക്കണം; അതിന്റെശേഷം നിങ്ങൾ ഒടുക്കം വിധികല്പിക്കുന്നുവെങ്കിൽ പിന്നെ എന്തുതന്നെവന്നാലും അതനുസരിച്ചു നടക്കുവാൻ ശാസിക്കുകയുംവേണം. നിങ്ങളുടെ ശിക്ഷകൾ അചേതന പ്രകൃതിയാൽ ഏല്പിക്കപ്പെടുന്ന ശിക്ഷകൾപോലെയായിരിക്കണം— അപരിഹാൎയ്യങ്ങളായിട്ടിരിക്കണം എന്നൎത്ഥം. ഒരു കുട്ടി തീക്കണൽ ആദ്യമായിട്ടതൊട്ടാൽ തൽക്ഷണം അതിന്റെ കയ്യ പൊള്ളുന്നു; രണ്ടാമതൊരിക്കൽ തൊട്ടാലും കയ്യ പൊള്ളുന്നു; മൂന്നാംപ്രാവശ്യം തൊട്ടാലുംപൊള്ളുന്നു; തൊടുമ്പോളെല്ലാം കയ്യ പൊള്ളുന്നു; തീക്കണൽ തൊടുവാൻ പാടില്ല എന്ന് ആ കുട്ടി വേഗത്തിൽ മനസ്സിലാക്കുകയും ചെയ്യുന്നു. അതുപോലെതന്നെ നിങ്ങളും സ്ഥിരതയോടുകൂടിയിരിക്കുന്നുവെങ്കിൽ—ഇന്ന കുററത്തിന്ന് ഇന്ന ശിക്ഷ കിട്ടുമെന്ന നിങ്ങൾ പറയുംപ്രകാരം കുററത്തിന്നടുത്ത ശിക്ഷ അതേരീതി

യിൽതന്നെ കുററത്തെ പിന്തുടൎന്നു വരുമെങ്കിൽ— പ്രകൃതിശാസനത്തെ എന്നപോലെ നിങ്ങളുടെ ശാസനത്തേയും അതു വേഗത്തിൽ ആദരിച്ചുതുടങ്ങും. ഈ ആദരവു ഒരിക്കൽ സ്ഥാപിക്കപ്പെട്ടാൽ ഗൃഹങ്ങളിൽ അനവധി അനൎത്ഥങ്ങൾ പിന്നെ ഉണ്ടാകുന്നതല്ല. ശിക്ഷണകാൎയ്യത്തിലുള്ള ദോഷങ്ങളിൽ വെച്ചു് ഏററവും ചീത്തയായിട്ടുള്ളതു സ്ഥിരതയില്ലായ്മയാകുന്നു. ഒരു ജനസമുദായത്തിൽ നീതിന്യായം നടത്തുന്ന കാൎയ്യത്തിൽ സ്ഥിരതയില്ലാതെ വരുമ്പോൾ കുററകരമായ പ്രവൃത്തികൾ വൎദ്ധിച്ചുവരാവുന്നതെപ്രകാരമോ അതുപോലെതന്നെ കുഡുംബങ്ങളിലും സംശയത്തോടുകൂടിയോ ക്രമം കൂടാതെയോ ശിക്ഷകൾ ഏൎപ്പിക്കുകകൊണ്ടാണ് താന്തോന്നിത്തം, പറഞ്ഞതു കേൾക്കായ്ക മുതലായ അതിക്രമങ്ങൾ അത്യധികമായി വൎദ്ധിച്ചു വരുന്നതു്. ബുദ്ധിക്കു ഉറപ്പില്ലാത്ത ഒരമ്മ അങ്ങിനെ ചെയ്യും ഇങ്ങിനെ ചെയ്യുമെന്നു പറഞ്ഞു തന്റെ കുട്ടികളെ പലപ്പോഴും ഭയപ്പെടുത്തുന്നു; ദുർല്ലഭമായിട്ടേ അതുപ്രകാരം പ്രവൃത്തിക്കുന്നുള്ളു; വീണ്ടുവിചാരം കൂടാതെ കഠിനനിയമങ്ങളെ ഏൎപ്പെടുത്തുന്നു; പിന്നീടു അതിനെപ്പററി പശ്ചാത്താപപ്പെടുകയും ചെയ്യുന്നു; ഒരേ കുററത്തിനുതന്നെ, അപ്പപ്പോഴത്തെ ശീലഭേദത്തെ അനുസരിച്ചു്, ചിലസമയം കഠിനശിക്ഷകൊടുക്കുന്നു, ചിലപ്പോൾ മാപ്പുകൊ

ട്ടുകയും ചെയ്യുന്നു— ഈവിധം അസ്ഥിരമായി പ്ര
വൃത്തിക്കുന്ന ഒരമ്മ കുട്ടികൾക്കും തനിക്കും അളവററ
ദുഃഖത്തെ വരുത്തിക്കൂട്ടുകയാണ് ചെയ്യുന്നത്. അവർ
കുട്ടികളുടെ വെറുപ്പിന്നു പാത്രമായിട്ടുവരാവുന്നു; അ
നിരുദ്ധങ്ങളായ കോപാദി ചിത്തവൃത്തികൾക്കു അ
വർ അവർക്ക് ഒരുദാഹരണം കാണിച്ചുകൊടുക്കുകയാ
കുന്നു; ശിക്ഷാപേക്ഷ കൂടാതെ കഴിക്കാം എന്ന മുൻ
കരുതലോടുകൂടി വികൃതിത്തം കാണിക്കാൻ കുട്ടികളെ
അവർ പ്രോത്സാഹിപ്പിക്കുകയാകുന്നു. സ്വകുഡുംബ
ത്തിൽ അനവധി കലഹങ്ങളുണ്ടാകുന്നതിന്നും തന്നിമി
ത്തം തന്റെ സ്വഭാവവും കുട്ടികളുടെ സ്വഭാവവും
ചീത്തയാകുന്നതിന്നും ഇടകൊടുക്കുകയാണ് അവർ
ചെയ്യുന്നത്. സ്വമൂഢത്വംകൊണ്ടു അവർ അവർക്കു
ധർമ്മാധർമ്മങ്ങളുടെ സ്വരൂപജ്ഞാനം തീരെ ഇല്ലാ
താക്കിത്തീർക്കുക[illegible]. പിന്നീടു അനവധികാലത്തെ
ദുഃഖാനുഭവം കൊണ്ടുമാത്രമേ അവർക്കു ആ ജ്ഞാനം
സിദ്ധിക്കുകയും അവരുടെ സ്വഭാവം നന്നാവുകയും
ചെയ്യുകയുള്ളൂ. സ്ഥിരതയോടുകൂടി അനുഷ്ഠിക്കപ്പെട്ടു
ന്നക്രൂരമായകുഡുംബഭരണ രീതിയാണ് അസ്ഥിരമായി
അനുഷ്ഠിക്കപ്പെടുന്ന ദയാപൂർവ്വകമായ ഭരണരീതിയേ
ക്കാൾ അധികം നല്ലത്. കഠിനങ്ങളായ നിയന്ത്രണോ
പായങ്ങളെ കഴിയുന്നതും വർജ്ജിക്കണം എന്നു ഞ
ങ്ങൾ പിന്നേയും പറഞ്ഞുകൊള്ളുന്നു; എന്നാൽ സ്വ

ഷ്ഠാധിപത്യം വാസ്തവത്തിൽ ആവശ്യമാണ് എന്നു തോന്നുന്നപക്ഷം ഗൌരവത്തോടുകൂടി നിഗ്രഹം അതു പ്രയോഗിക്കുകയും വേണം.

ഒരുവനെ സ്വയംഭരണത്തിനു യോഗ്യനാക്കിത്തീൎക്കുക (തനിക്കുതാൻ പോന്നവനാക്കിത്തീൎക്കുക) എന്നതാണ് വിനയനാദി സംസ്കാരത്തിന്റെ ഉദ്ദേശം എന്നു ഓൎമ്മയുണ്ടായിരിക്കണം; അല്ലാതെ അന്യനാൽ ഭരിക്കപ്പെടത്തക്കവനാക്കിത്തീൎക്കുക എന്നതല്ല. നിങ്ങളുടെ കുട്ടികൾ ആയുഷ്കാലം മുഴുവൻ അടിമകളായിട്ടു കഴിഞ്ഞുകൂടണമെന്നായിരുന്നു വിധിയെങ്കിൽ ബാല്യംമുതൽക്കുതന്നെ അവരെ ആ രീതിയിൽ ശീലിപ്പിക്കാമായിരുന്നു; എന്നാൽ അവർ കാലതാമസം കൂടാതെ, തങ്ങളുടെ ദിവസേനയുള്ള നടവടികളെ നിയമനം ചെയ്വാനാരുമില്ലാതെ, സ്വതന്ത്രപുരുഷന്മാരായിട്ടു തീരേണ്ടവരാകയാൽ, നിങ്ങളുടെ രക്ഷയിലിരിക്കുന്ന കാലത്തോളം അവരെ നിങ്ങൾ സ്വാത്മസംയമനം ശീലിപ്പിക്കേണ്ടതാകുന്നു. ഇതുകൊണ്ടാണു തത്തദപരാധങ്ങൾക്കു പ്രകൃത്യാ ഉണ്ടാകുന്ന പ്രതീകാരങ്ങളെ അനുസരിക്കുക എന്നുള്ള നിയന്ത്രണസമ്പ്രദായം ഇപ്പോഴത്തെ അവസ്ഥയിലെത്തീട്ടുള്ള ഇംഗ്ലീഷു സമുദായത്തിനു വിശേഷിച്ചും യോജിക്കുന്നതായിട്ടിരിക്കുന്നതു്. പണ്ടു നാടുവാഴികളും ഇടപ്രഭുക്കന്മാരും രാജ്യം ഭരിച്ചിരുന്ന കാലത്തു ജനങ്ങൾക്കു ഭയപ്പെടുവാനുണ്ടായി

രുന്ന മുഖ്യമായ അനൎത്ഥങ്ങളിൽ ഒന്നു തങ്ങളുടെ എജമാനന്മാരായ പ്രഭുക്കന്മാരുടെ കോപമായിരുന്നു; അക്കാലത്തു, കുട്ടികളെ ശാസിക്കുന്നതിന്നു പിതൃകോപം മുഖ്യമായ ഒരു ഉപായമായിരിക്കണം എന്നതു വാസ്തവംതന്നെ; അന്നു അതു നല്ലതായിരുന്നു. എന്നാൽ ഇപ്പോൾ ജനങ്ങൾക്കു ആരിൽ നിന്നും ഒന്നും ഭയപ്പെടുവാനില്ല; ഇപ്പോൾ ജനങ്ങൾ അനുഭവിക്കുന്ന സുഖദുഃഖങ്ങൾ മുഖ്യമായിട്ടു സ്വസ്വ പ്രവൃത്തികളുടെ ഫലമായിട്ടുണ്ടാകുന്നവയാകുന്നു; ആ സ്ഥിതിക്കു അതാതു പ്രവൃത്തികളെ പിന്തുടൎന്നുകൊണ്ടു സ്വഭാവേന ഉണ്ടാകുന്ന ശുഭാശുഭഫലങ്ങളെ കുട്ടികൾ ബാല്യംമുതൽക്കു തന്നെ പരീക്ഷാമൂലം അനുഭവിച്ചറിയേണ്ടതാകുന്നു. അതിനാൽ, തത്തൽകൎമ്മഫലങ്ങളെപ്പററിയ മുൻകരുതലിൽ നിന്നുത്ഭവിക്കുന്നതായ സ്വയരക്ഷണത്തെ എത്രത്തോളം വേഗത്തിൽ കുട്ടികളുടെ ഉള്ളിൽ പതിപ്പിക്കുവാൻ കഴിയുമോ ആ ക്ഷണത്തിൽ പിതൃശാസനത്തെ കുറയ്ക്കുവാൻ നോക്കണം. ശൈശവദശയിൽ ശാസനം കുറെ അധികം വേണ്ടതായിട്ടുവരുന്നു. മൂന്നുവയസ്സുപ്രായമുള്ള ഒരു ചെറുബാലൻ കത്തിയെടുത്തു കളിക്കുമ്പോൾ തൽഫലാനുഭവംകൊണ്ടു അവൻ ഒരു പാഠം പഠിക്കട്ടെ എന്നു വെയ്ക്കുവാൻ പാടില്ല; എന്തെന്നാൽ അതുകൊണ്ടു വന്നുകൂടുന്നഫലം വളരെ അനൎത്ഥകരമായിത്തീൎന്നേക്കാം. എന്നാൽ ബുദ്ധിശക്തി

വർദ്ധിച്ചുവരുന്തോറും ഖണ്ഡിതമായ ശാസനങ്ങളുടെ എണ്ണം കുറയ്ക്കാം; കുറയ്ക്കുകയുംവേണം; പുരുഷപ്രാപ്തിയിലേക്കടുത്തെത്തുന്തോറും ക്രമത്തിൽ അവയെ നിൎത്തൽ ചെയ്യുക എന്നതായിരിക്കണം ഉദ്ദേശം. സാമാന്യേന ഒരവസ്ഥയിൽ നിന്നു മറെറാരവസ്ഥയിലേക്കുള്ള മാററം അനൎത്ഥകരമാകുന്നു; വിശേഷിച്ചു, കുഡുംബത്തിലുള്ളവരുടെ ശാസനയിൻ കീഴിലിരിക്കുക എന്ന അസ്വതന്ത്രാവസ്ഥയിൽ നിന്നു സ്വകാലക്ഷേപത്തിന്നായി ലോകത്തിലേക്കിറങ്ങുക എന്ന സ്വതന്ത്രാവസ്ഥയിലേയ്ക്കുള്ള മാററം അത്യന്തം അനൎത്ഥകരമാകുന്നു. ഈ കാരണത്താലാണു ഞങ്ങൾ സമൎത്ഥിക്കുന്ന ശിക്ഷണസമ്പ്രദായത്തിൻെറ അനുവൎത്തനത്തിനുള്ള മഹത്വം. ഈ സമ്പ്രദായത്തെ അനുസരിച്ചുകൊണ്ടു കുട്ടികളെ ആത്മസംയമനം ശീലിപ്പിക്കുകയും പ്രായംചെല്ലുന്തോറും അവരിൽ അതു ക്രമേണ വൎദ്ധിപ്പിക്കുകയും ഇങ്ങിനെ അവരെ ഓരോപടിയായി കയററിക്കൊണ്ടുവന്നു ഒടുക്കം അന്യസഹായം കൂടാതെ സ്വയമേവ ആത്മസംയമനത്തിന്നു ശക്തിസിദ്ധിക്കത്തക്കനിലയിലെത്തിപ്പിക്കുകയും ചെയ്യുന്നതായാൽ ബാഹ്യമായ നിയന്ത്രണത്തിന്നധീനമായിരിക്കുന്ന കൌമാരാവസ്ഥയിൽനിന്നു ആന്തരമായ നിയന്ത്രണത്തിന്നധീനമായിരിക്കുന്ന പ്രൌഢാവസ്ഥയിലേക്കുള്ള സാധാരണയായി പെട്ടെന്നുണ്ടാകുന്ന ആ

പൽകരമായ മാററത്തെ ഇല്ലാതാക്കും. നിങ്ങളുടെ ഗൃഹഭരണസമ്പ്രദായത്തിന്റെ പരിണാമം നമ്മുടെ രാജ്യഭരണസമ്പ്രദായത്തിന്റെ പരിണാമത്തോടു തുല്യമായിരിക്കട്ടെ: ആരംഭത്തിൽ ഏകഛത്രാധിപധിയായ ഒരു രാജാവിന്റെ ഭരണം—അനിയന്ത്രിതമായ ശാസനം; ആ ഘട്ടത്തിൽ അങ്ങനെയുള്ള ശാസനം വാസ്തവത്തിൽ ആവശ്യമാകുന്നു; പിന്നെ നിയമനിർമ്മാണാധികാരത്തിൽ പ്രജകളെ കുറച്ചുപങ്കുകൊള്ളിച്ചുകൊണ്ടുള്ള ഒരുഭരണവ്യവസ്ഥ; ഈ അവസ്ഥയിൽ പ്രജകൾക്കു കുറച്ചുസ്വാതന്ത്ര്യംകിട്ടുന്നു. ഈ സ്വാതന്ത്ര്യം ക്രമേണ വർദ്ധിച്ചുവന്നു് ഒടുക്കം പ്രജകൾക്കു പൂർണ്ണസ്വാതന്ത്ര്യം ലഭിക്കുകയും രാജശാസനം തീരെ ഇല്ലാതാവുകയും ചെയ്യുന്നു. ഗൃഹഭരണസമ്പ്രദായത്തിന്റെ പരിണാമവും ഇതുപോലെയായിരിക്കണം.

കുട്ടികൾ അധികം സ്വാതന്ത്ര്യം കാണിക്കുന്നുവെന്നുവെച്ചു വ്യസനിക്കരുതു്. അതു് ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിൽ വളരെ വ്യക്തമായിത്തീർന്നിരിക്കുന്ന ശാസനക്കുറവോടു സംബന്ധപ്പെട്ടിരിക്കുന്ന ഒരവസ്ഥാവിശേഷമാകുന്നു. ഒരുഭാഗത്തു് സ്വസ്വാഭീഷ്ടിതങ്ങൾക്കു സ്വാതന്ത്ര്യം സ്ഥാപിപ്പാൻ ഉള്ള വാസന വർദ്ധിച്ചു വരുന്തോറും മറെറഭാഗത്തു് ഉപദ്രവമേല്പിപ്പാനുള്ള വാസനകുറഞ്ഞുവരുന്നു. അവ രണ്ടും, ഞ

ങ്ങൾ സമർത്ഥിക്കുന്ന നിയന്ത്രണസമ്പ്രദായത്തോടു അടുത്തുവരുന്നഫലങ്ങളുള്ളതിനെ കാണിക്കുന്നു; തദനുവർത്തനംകൊണ്ടു കുട്ടികൾ സ്വാഭാവിക പ്രതികാരങ്ങളുടെ സ്വാനുഭവംവഴിക്കു പിന്നപ്പിന്നെ സ്വാത്മസംയമനം ശീലിക്കുകയും ചെയ്യും. അവ രണ്ടും (സ്വാതന്ത്ര്യഹർഷവും ദണ്ഡനക്രിയയാൽ വൈമനസ്യവും) നമ്മുടെ സമുദായത്തിന്റെ ഉന്നതാവസ്ഥയുടെ സഹവർത്തികളാകുന്നു. സ്വതന്ത്രനായ ഒരു ഇംഗ്ലീഷുകുമാരൻസ്വതന്ത്രനായ ഒരു ഇംഗ്ലീഷുകാരന്റെ അച്ഛനായിട്ടു തീരുന്നു; എന്തെന്നാൽ കാരണം കൂടാതെ കാര്യം സംഭവിക്കുകയില്ല. ഒരു ഇംഗ്ലീഷു കുമാരനെ ഭരിച്ചുകൊള്ളുവാനാണ് പത്തു ജർമ്മൻകുട്ടികളെ ഭരിക്കുന്നതിനെക്കാൾ അധികം പ്രയാസമെന്നു ജർമ്മൻ അദ്ധ്യാപകന്മാർ അഭിപ്രായപ്പെടുന്നു. ആ കാരണത്തിന്മേൽ നമ്മുടെ കുട്ടികൾ ജർമ്മൻകുട്ടികളെപ്പോലെ എളുപ്പത്തിൽ ഭരിക്കപ്പെടത്തക്ക നിലയിലാകണമെന്നും അതോടുകൂടി അവർ പുരുഷപ്രാപ്തിവന്ന ജർമ്മൻകാരെപ്പോലെ രാജകീയ ശാസനങ്ങളിൽ അതിയായ വണക്കവും ദാസ്യഭാവവും കാണിക്കണമെന്നും നാം ആരെങ്കിലും ആഗ്രഹിക്കാറുണ്ടോ? ഇല്ലാത്തപക്ഷം, മേലിൽ സ്വതന്ത്രപുരുഷന്മാരാകത്തീർക്കുന്നതായ നമ്മുടെ കുട്ടികളുടെ സ്വാതന്ത്ര്യാഭിരതിയെ നാം അനുവദിക്കുകയും നമ്മുടെ നിയന്ത്രണസമ്പ്രദായങ്ങളെ അതിനോടു യോജിക്കത്തക്കവണ്ണം ഭേദപ്പെടുത്തുകയും ചെയ്യുന്നതല്ലേ അതിലുംഭേദം?

അവസാനമായിട്ടൊരു സംഗതികൂടി പറവാനുണ്ടു്. ശരിയായ രീതിയിൽ വിദ്യാഭ്യാസം നടത്തുക എന്നതു് പ്രയാസംകൂടാതെ എളുപ്പത്തിൽ സാധിക്കാവുന്ന ഒരു കാൎയ്യമല്ല; അതു വളരെ ദുൎഘടവും ക്ലേശഭൂയിഷ്ഠവുമായിട്ടുള്ള ഒരു വിഷയമാകുന്നു; പ്രാപ്തവയസ്കന്മാരുടെ കൎത്തവ്യകൎമ്മങ്ങളിൽ ഇത്ര പ്രയാസമായിട്ടു വേറെ ഒന്നും തന്നെയില്ല; ഈ സംഗതി എപ്പോഴും ഓൎമ്മയിലുണ്ടായിരിക്കണം. അപ്പപ്പോഴത്തെ തരം പോലെയും ക്രൂരമായും ഉള്ള കുഡുംബഭരണസമ്പ്രദായം ഏററവും നീചമായും അസംസ്കൃതമായുമുള്ള ബുദ്ധികൾക്ക സാദ്ധ്യം തന്നെയാണ്. ശൈഷ്യഭാവത്തോടുകൂടി കഠിന വാക്കുകൾ പറയുക, പ്രഹരിക്കുക എന്നിവയാണ് അപരിഷ്കൃതന്മാരായ അരണ്യവാസികൾക്കും നമ്മുടെ ഇടയിൽ അത്യന്തം മൂഢന്മാരായ പാമരജനങ്ങൾക്കും എളുപ്പത്തിൽ തോന്നുന്ന ശിക്ഷകൾ. വിശേഷജ്ഞാനമില്ലാത്ത ജന്തുകൾക്കു കൂടി ഈ മാതിരിയിലുള്ള ശിക്ഷണസമ്പ്രദായത്തെ അനുഷ്ഠിക്കുവാൻ കഴിയും; അധികം ദുസ്സാമൎത്ഥ്യം കാണിക്കുന്ന ഒരു പട്ടിക്കുട്ടിയെ തള്ളപ്പട്ടി മുരളുക, പല്ലിളിക്കുക, കപ്പുക മുതലായ പ്രവൃത്തികൾ കൊണ്ടു അമൎത്തുന്നതു നാം ദൃഷ്ടാന്തമായി കാണുന്നുണ്ടല്ലോ. എന്നാൽ പരിഷ്കരിക്കപ്പെട്ടതും യുക്തിയോടു കൂടിയതും ആയ ഒരു സമ്പ്രദായത്തെ സഫല

മാകുവണ്ണം അനുഷ്ഠിക്കുവാനിച്ഛിക്കുന്നുവെങ്കിൽ നങ്ങൾ അധികമായ മനഃക്ലേശം—തദ്വിഷയകമായിട്ടുള്ളകുറെ പഠിപ്പു്, കുറെസാമത്ഥ്യം, കുറെക്ഷമ, കുറെ ആത്മസംയമം എന്നിങ്ങിനെയുള്ള മനഃക്ലേശം—ചെയ്‌വാൻ ഒരുങ്ങിയിരിക്കണം. പ്രായം തികഞ്ഞ അവസ്ഥയിൽ മനുഷ്യരുടെ ഓരോ കമ്മങ്ങൾക്കും എന്തെല്ലാം ഫലങ്ങളാണുണ്ടാകുന്നതു് എന്നു നിത്യം നിരൂപിക്കണം; അതിന്റെശേഷം കുട്ടികളുടെ അതേമാതിരിയിലുള്ള കമ്മങ്ങൾക്കു് അതേമാതിരിയിലുള്ള ഫലങ്ങളെ അവരെക്കൊണ്ടനുഭവിപ്പിക്കത്തക്ക വിധത്തിലുള്ള നിയന്ത്രണസമ്പ്രദായത്തെ ആലോചിച്ചുണ്ടാക്കണം. പിന്നെ, ബാലചേഷ്ടിതങ്ങളുടേ ഉദ്ദേശങ്ങളെ ദിനംപ്രതി പരിശോധിച്ചറിയുന്നതു് ആവശ്യമായിരിക്കും—വാസ്തവത്തിൽ നല്ലതായിരിക്കുന്ന പ്രവൃത്തകളേയും നല്ലതാണെന്നു തോന്നുമെങ്കിലും നീചപ്രേരണകളിൽ നിന്നുത്ഭവിക്കുന്നതായ പ്രവൃത്തികളേയും വേർതിരിച്ചറിയുന്നതു് ആവശ്യമായിരിക്കും. അതിന്നും പുറമേ, അവരുടെ നിർദ്ദുഷ്ടങ്ങളായ പ്രവൃത്തികളെ കുറ്റകരങ്ങളാക്കിത്തീക്കുകയോ അല്ലെങ്കിൽ ഉള്ളതിലധികമായ ദുഷ്ടവിചാരം അവരിൽ ആരോപിക്കുകയോ ചെയ്യുക എന്നുള്ള കഠിനമായ പിഴ പലക്കും പലപ്പോഴും പററാറുണ്ടു്; ആവിധമുള്ള പിഴ വരാതിരിപ്പാൻ നിങ്ങൾ എപ്പോഴും മനസ്സിരുത്തേണ്ടതാ

യിട്ടുവരും. ഓരോ കുട്ടിയുടെയും സ്വഭാവത്തിന്നു യോജിക്കുന്നവിധത്തിൽ നിയന്ത്രണ രീതിയെ നിങ്ങൾ ഏറക്കുറെ ഭേദപ്പെടുത്തണം; ഓരോ കുട്ടിയുടെ സ്വഭാവത്തിന്നുതന്നെ പിന്നപ്പിന്നെയുണ്ടാകുന്ന മാററങ്ങളെ അനുസരിച്ചു വേണ്ടതക്ക ഭേദഗതികൾ വരുത്തുന്നതിന്നും നിങ്ങൾ തയ്യാറായിരിക്കണം. ഫലം വളരെ കുറച്ചു മാത്രമേ ഉണ്ടാകുന്നുള്ളു, അല്ലെങ്കിൽ ഒട്ടുംതന്നെ ഉണ്ടാകുന്നില്ല, എന്നു നിങ്ങൾക്കു തോന്നുന്നതായ ഒരുസമ്പ്രദായത്തിന്റെ അനുഷ്ഠാനകാൎയ്യത്തിൽ വേണ്ടതക്ക ഉത്സാഹത്തെ നിലനിത്തിക്കൊണ്ടുപോകുവാൻ പലപ്പോഴും നിങ്ങൾക്കു ശ്രദ്ധക്കുറവു വരുന്നായ്ക്കും. വിശേഷിച്ചു്, തെററായ രീതിയനുസരിച്ചു നടത്തപ്പെട്ടിട്ടുള്ള കുട്ടികളുടെ കാൎയ്യത്തിലാണു് നിങ്ങൾ ഏർപ്പെട്ടിരിക്കുന്നതു് എങ്കിൽ ദീർഘകാലം അതിയായ ക്ഷമയോടുകൂടിയിരിക്കുവാൻ ഒരുങ്ങിയാൽ മാത്രമേ നല്ല രീതിയിലുള്ള നിയന്ത്രണോപായങ്ങൾ അവരെസംബന്ധിച്ചു ഫലവത്തായിത്തീരുകയുള്ളു. പിതാക്കന്മാരുടേയും കുട്ടികളുടേയും പരസ്പരഭാവം ആരംഭംമുതൽക്കേ ശരിയായ നിലയിലിരിക്കുന്ന ദിക്കിൽതന്നേ ദുസ്സാദ്ധ്യമായിരിക്കുന്ന ഒരു വിഷയം, തെററായ നിലയിലിരിക്കുന്ന അവരുടെ പരസ്പരഭാവത്തെ ശരിപ്പെടുത്തേണ്ടതായിട്ടുംകൂടി വരുമ്പോൾ, ഇരട്ടി പ്രയാസമുള്ളതായിട്ടു തീരുന്നു. കുട്ടികളുടെ ഉദ്ദേശങ്ങളെ നിങ്ങൾ സൎവ്വദാ പരിശോധ

ച്ചറിയണമെന്നു മാത്രമല്ല നിങ്ങളുടെ സ്വന്തം ഉദ്ദേശ
ങ്ങളേയും ഓരോന്നായിട്ടെടുത്തു പരിശോധിച്ചുനോക്ക
ണം—യഥാൎത്ഥമായിട്ടുള്ള പിതൃസ്നേഹത്തിൽ നിന്നുൽ
ഭവിക്കുന്ന ആന്തരമായ സൂചനകൾ ഏതെല്ലാമാണ്, നി
ങ്ങളുടെ സ്വന്തം സ്വാൎത്ഥം, സ്വസ്ഥമായിരിപ്പാനുള്ള
താല്പൎയ്യം, അധികാരഭ്രമം എന്നിവയിൽനിന്നുൽഭവിക്കു
ന്നവ ഏതെല്ലാമാണ് എന്നിങ്ങിനെ അവ രണ്ടി
നേയും വേർതിരിച്ചു പരിശോധിക്കണം. അതി
ന്റെശേഷം, നിങ്ങളുടെ ഈ വക നീചപ്രേരണകളെ
കണ്ടുപിടിച്ചാൽ മാത്രം പോരാ, അടക്കുകതന്നെ വേ
ണം; അതു് അതിലേറെ പ്രയാസമാകുന്നു. ചുരുക്കി
പ്പറയുകയാണെങ്കിൽ, നിങ്ങളുടെ കുട്ടികളെ പഠിപ്പി
ച്ചുകൊണ്ടുവരുന്നതോടുകൂടിത്തന്നെ നിങ്ങളുടെ സ്വ
ന്തം ഉൽകൃഷ്ടവിദ്യാഭ്യാസവും കൂടി നിങ്ങൾക്കു നടത്തേ
ണ്ടതായിട്ടുവരും. ബുദ്ധിവിഷയകമായിട്ടുനിങ്ങൾ ജ്ഞേ
യവിഷയങ്ങളിൽ വെച്ചു് ഏററവും വിഷമമായിട്ടുള്ള
തിനെ പ്രയോജനകരമാകുംവണ്ണം പഠിക്കണം—കുട്ടി
കളിലും നിങ്ങളിലും ജനസാമാന്യത്തിലും പ്രദർശിപ്പി
ക്കപ്പെടുന്ന മാനുഷസ്വഭാവത്തേയും തദ്ധൎമ്മങ്ങളേ
യും നിങ്ങളുടെ ജ്ഞാനത്തിനു വിഷയമാക്കിത്തീൎക്ക
ണം. നയവിഷയകമായിട്ടു നിങ്ങൾ ശമദമദയാദി
സൽഗുണങ്ങളെ അനവരതം ശീലിക്കുകയും രാഗദ്വേ
ഷാദിദുൎഗ്ഗുണങ്ങളെ അടക്കുകയും വേണം. ഗൃഹസ്ഥ

ധൎമ്മങ്ങളെ വേണ്ടുംപോലെ അനുഷ്ഠിക്കുന്നതുകൊണ്ടാ
ണ് സ്ത്രീപുരുഷന്മാൎക്ക് ആത്യന്തികമായ അന്തഃകര
ണപരിപാകമുണ്ടാകുന്നതു് എന്ന തത്വം ജനങ്ങൾ
ക്കു് ഇനിയും മനസ്സിലായിക്കഴിഞ്ഞിട്ടില്ല. ഈ
തത്വം മനസ്സിലാകുമ്പോൾ, പരസ്പരമുള്ള അ
തിയായ അനുരാഗവാത്സല്യാദി ഗുണങ്ങളാൽ പ്രേ
രിതന്മാരായിട്ടു മനുഷ്യർ വിനയാദികൎമ്മങ്ങൾക്കു സ്വ
യമേവ അധീനപ്പെട്ടിരിക്കുക എന്നുള്ള (സ്വതഃസി
ദ്ധമായ) ഒരേർപ്പാടു് എത്ര ആശ്ചൎയ്യകരമായിരിക്കു
ന്നുവെന്നു് എല്ലാവൎക്കും കാണാറാകും; അനുരാഗവാ
ത്സല്യാദികളാൽ ബദ്ധന്മാരായിരുന്നില്ലെങ്കിൽ അവർ
അപ്രകാരമുള്ള സ്വാത്ര്യസനത്തെ ഒഴിച്ചുകളയുമായി
രുന്നു.

ശിക്ഷണസമ്പ്രദായത്തെക്കുറിച്ചുള്ള വാസ്തവമായ
ഈ അഭിപ്രായത്തെപ്പററി ചിലർ സംശയത്തോടും
അധൈൎയ്യത്തോടും കൂടി വിചാരിക്കുമെങ്കിലും വേറെ
ചിലർ ഈ സമ്പ്രദായത്തിലടങ്ങിയിരിക്കുന്ന ഉൽകൃ
ഷ്ടമനോരഥത്തിൽ അതിന്റെ വാസ്തവത്തെ തെളിയി
ക്കുന്നതിനു വേണ്ടുന്ന തെളിവു കാണുമെന്നു ഞങ്ങൾ
വിചാരിക്കുന്നു. സഹസാപ്രവൎത്തകന്മാരും കേവലം
അമനസ്വികളും അദീൎഘദൎശികളുമായവൎക്കു ഈ
സമ്പ്രദായത്തിന്റെ സ്വരൂപജ്ഞാനമുണ്ടാകുന്നത
ല്ലെന്നും മാനസികമായിട്ടുള്ള ഉൽകൃഷ്ടഗുണങ്ങളാണു

അതിന്നു് (ആ ജ്ഞാനമുണ്ടാകുന്നതിന്നു്) വേണ്ടതു് എന്നുമുള്ള സംഗതിയെ അവർ, അധികം ഉയൎന്ന നിലയിലെത്തിട്ടുള്ള മനുഷ്യസമുദായത്തിന്റെ സ്ഥിതിക്കു് അതു യോജിക്കുന്നുവെന്നതിലേക്കു തെളിവായി കാണുന്നതാണു്. ഈ സംപ്രദായപ്രകാരം അനുഷ്ഠിപ്പാൻ അതിയായ കായക്ലേശവും മനഃക്ലേശവും ആത്മസംയമവുംവേണ്ടിവരുമെങ്കിലും തൽഫലമായിട്ടു തൽക്ഷണത്തിലും കാലാന്തരത്തിലും സമൃദ്ധിയായ സുഖലാഭമുണ്ടാകുമെന്നും അവർ കാണും. ചീത്തയായ ഒരു സംപ്രദായത്തിന്റെ അനുവൎത്തനംകൊണ്ടു പിതാക്കന്മാൎക്കും കുട്ടികൾക്കും ദോഷം സംഭവിക്കുന്നുവെന്നും നേരേമറിച്ചു്, ഒരു നല്ല സംപ്രദായംകൊണ്ടു രണ്ടുകൂട്ടരും അനുഗൃഹീതന്മാരായി ഭവിക്കുന്നു—ശിക്ഷകന്മാൎക്കും ശിക്ഷിതന്മാൎക്കും ഒരുപോലെ സുഖമുണ്ടാകുന്നു—എന്നും അവർ കാണുന്നതാണു്.

——o——

ബി. വി. ബുക്കഡിപ്പോവിൽ,

വില്പാൻ തയ്യാറുള്ള

## പുതിയ പുസ്തകങ്ങൾ

| | രൂ. | അ. |
|---|---|---|
| മത്സ്യാവതാരം—പാന. | ,, | ൧൨ |
| ലോകോല്പത്തി—ഗദ്യം | ൧ | ,, |
| നാലു വീരപത്നിമാർ—ഗദ്യം | ,, | ൮ |
| കഥാരാമം—ഗദ്യം | ,, | ൧൫ |
| മലബാറി—ഗദ്യം | ,, | ൮ |
| അലക്സാണ്ഡർ മഹാൻ—ഗദ്യം | ,, | ൪ |
| യുലിസസ് ഗ്രാൻറ് | ,, | ൬ |
| വിശിഷ്ടകൃത്യങ്ങൾ | ,, | ൩ |
| സദുപദേശകഥകൾ—ഗദ്യം | ,, | ൪ |

## പ്രഹസനമാല

| | | |
|---|---|---|
| കറുപ്പില്ലാക്കള്ളരി | ,, | ൮ |
| പണ്ടത്തെ പാച്ചൻ | ,, | ൩ |
| ചെറുതേൻകോളംബസ് | ,, | ൩ |
| പാപിചെല്ലുന്നിടംപാതാളം | ,, | ൪ |
| ഡാക്കുക്ക് കിട്ടിയമിച്ചം | ,, | ൩ |
| കണ്ണുള്ളവന്റെ കടങ്ങൾ | ,, | ൪ |
| കറുപ്പിന്റെ തിരിപ്പ് | ,, | ൪ |

# വിദ്യാഭ്യാസം

അദ്ധ്യായം ൩

പരിഭാഷകൻ

കെ. എം.

---

**B. V. BOOK DEPOT,**

TRIVANDRUM:

1906.

PERINAD
QUILON